## റമദാനിനു ശേഷം?

ഒരു പവിത്ര മാസം കൂടി നമ്മോട് വിടപറഞ്ഞിരിക്കുന്നു. ജീവിതത്തെ സൽകർമങ്ങളാൽ ധന്യമാക്കുകയായിരുന്നു പിന്നിട്ട മാസം മുഴുവൻ വിശ്വാസികൾ. പകൽ അന്നപാനീയങ്ങൾ വെടിഞ്ഞു. വാക്കിലും നോക്കിലും പ്രവൃത്തിയിലും സൂക്ഷ്മത കാണിച്ചു. ദാനധർമങ്ങൾ ചെയ്തു. നിർബന്ധമായതും ഐഛികമായതുമായ നമസ്കാരങ്ങൾ നിർവഹിച്ചു. ദീർഘമായ രാത്രി നമസ്കാരം നിർവഹിക്കുവാൻ പ്രത്യേകം ശ്രദ്ധപുലർത്തി. വിശുദ്ധ ക്വുർആൻ പാരായണം ചെയ്യുവാൻ ഏറെ ഉൽസാഹം കാണിച്ചു. റമദാനിന് ശേഷം ഇതിനെല്ലാം തുടർച്ചയുണ്ടാവുമോ? അതോ പഴയ അവസ്ഥയിലേക്ക് തിരികെ പോകുമോ?



VOL NO: 03 | ISSUE 23

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 JUNE 08 | ₹12

## കപട ദേശീയതയുടെ വിജയം; വർഗീയതയുടെയും

ലോകസഭാ തെരഞ്ഞെടുപ്പിലെ അപ്രതീക്ഷിത വിജയയത്തിന്റെ ആത്മവിശ്വാസത്തിലാണ് ബി.ജെ.പിയുൾക്കൊള്ളുന്ന എൻ.ഡി.എ. രാജ്യത്തിന് ഭരണത്തുടർച്ചയുണ്ടാവുന്നു എന്നതിനപ്പുറം വർഗീയതയുടെയും കപട ദേശീയതയുടെയും മത വിദ്വേഷത്തിന്റെയും ആൾക്കൂട്ട ഭീകരതയുടെയും പ്രണേതാക്കൾ തന്നെ വീണ്ടും രാജ്യത്തിന്റെ അധികാരക്കസേരയിൽ കയറിയിരിക്കുന്നു എന്നത് മതേതരവിശ്വാസികളെ തെല്ലൊന്നുമല്ല അലോസരപ്പെടുത്തുന്നത്. തങ്ങൾ നെഞ്ചേറ്റുന്ന വെറുപ്പിന്റെ പ്രത്യയശാസ്ത്രം മറനീക്കി പുറത്തു പറഞ്ഞിട്ടും രാജ്യം മൃഗീയ ഭൂരിപക്ഷത്തിൽ സംഘ്പരിവാർ ശക്തികളെ അധികാരത്തിലേറ്റിയെങ്കിൽ അത് രാജ്യത്തിന് നൽകുന്ന സന്ദേശം ആശാസ്യകരമല്ല. മതേതര വിശ്വാസികളും പാർട്ടികളും ഉപരിപ്ലവ ചർച്ചകൾ മാറ്റിവെച്ച് ജനമനസ്സുകളിൽ സ്വാധീനം നേടാൻ പര്യാപ്തമായ പ്രവർത്തനങ്ങളിൽ നിരതമാവണം.

|| ഇസ്‌ലാമിന്റെ സൗന്ദര്യം

|| കുറ്റബോധത്തിന്റെ കണ്ണീർകണങ്ങൾ

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...

താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio

Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio


Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

നേർപഥം
വാരിക

0125 / 2019 മാർച്ച് 08 / 1440 റജബ് 02 / പുസ്തകം 03 / ലക്കം 10



# കപട ദേശീയതയുടെ വിജയം; വർഗീയതയുടെയും

സുഫ്‌യാൻ അബ്ദുസ്സലാം / 10

**മുഖമൊഴി**

റമദാനിനു ശേഷം? / 05
എഡിറ്റർ

**ലേഖനം**

അല്ലാഹുവിന്റെ കാരുണ്യം നേടാൻ / 06
അബൂഹംദ അലനല്ലൂർ

ഇസ്‌ലാമിന്റെ സൗന്ദര്യം / 20
അബൂബക്കർ സലഫി

മദീനക്കാരുമായുള്ള കരാർ / 26
ഫദ്‌ലുൽ ഹഖ് ഉമരി

അറബി ഭാഷയും അൽബുശ്റ മാസികയും / 30
അലീഫ് ഷാൻ സി.എം പറവണ്ണ

**ബാലപഥം**

ഫിത്വ്ർ സകാത്തും
അജ്മലിന്റെ സംശയങ്ങളും / 18
ഉസ്മാൻ പാലക്കാഴി

**ക്വുർആൻ ദർശനം**

മുർസലാത്ത്
(അയക്കപ്പെടുന്നവ) / 16
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**കാഴ്ച**

കുറ്റബോധത്തിന്റെ
കണ്ണീർകണങ്ങൾ / 34
ഇബ്നു അലി എടത്തനാട്ടുകര

Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com | Facebook: www.facebook.com

വായനക്കാർ എഴുതുന്നു



## ആണവ റിയാക്ടറുകൾ: വീണ്ടുവിചാരം അനിവാര്യമാണ്

ആണവ റിയാക്ടറുകളെയും അത് മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങളെയും സംബന്ധിച്ച് രചിച്ച കൃതിക്ക് 2015ലെ നോബൽ സമ്മാനജേതാവായ വനിതയാണ് ചരിത്രകാരിയും ഗവേഷകയുമായ സ്വെറ്റ്ലാന അലക്സിവിച്ച്. 1986ൽ ചെർണോബിൽ നടന്ന ആണവ റിയാക്ടർ സ്ഫോടനത്തിന്റെ പ്രത്യാഘാതങ്ങളെ വിലയിരുത്തുന്ന Voice from Chernobil എന്ന കൃതിക്കാണ് സ്വെറ്റ്ലാനക്ക് നോബൽ സമ്മാനം ലഭിച്ചത്. റിയാക്ടർ വിസ്ഫോടനത്തിന്റെ കാരണത്തെയും അതിന്റെ അപകടങ്ങളെയും അതിന് ഇരയായവരുടെ അനുഭവങ്ങളെയും വരുംതലമുറക്ക് അത് വിതക്കാനിരിക്കുന്ന മഹാവിപത്തിനെയും പരാമർശിച്ചുകൊണ്ടാണ് ഈ കൃതി രചിക്കപ്പെട്ടിരിക്കുന്നത്. ഫുകുഷിമയിലും ചെർണോബിലിലും നടന്നത് ഇനി ആവർത്തിക്കപ്പെടരുത് എന്ന സന്ദേശമാണ് ഇതിലൂടെ സ്വെറ്റ്ലാന അലെക്സിവിച്ച് ലോകത്തിനു സമർപ്പിക്കുന്നത്.

1986 ഏപ്രിൽ 26നാണ് ചെർണോബിലിൽ നാലാം നമ്പർ റിയാക്ടറിന് തീ പിടിക്കുകയും തുടർന്ന് അത് പൊട്ടിത്തെറിക്കുകയും ചെയ്തത്. അവിടെ ജോലി ചെയ്തിരുന്ന എല്ലാ തൊഴിലാളികളും സംഭവ സ്ഥലത്തുവെച്ച് തന്നെ മരണപ്പെട്ടു. അന്ന് 31 പേർ മരിച്ചതായാണ് സോവിയറ്റ് യൂണിയൻ റിപ്പോർട്ട് ചെയ്തത്. എന്നാൽ കാലം കഴിയും തോറും അതിന്റെ ഇരകളുടെ എണ്ണം ക്രമാതീതമായി വർധിച്ചുവരികയാണ് (10 ലക്ഷത്തിലേറെ എത്തി എന്നാണ് ഔദ്യോഗിക കണക്ക്!). ഇന്ന് ആരെങ്കിലും കടന്നുചെല്ലാൻ ഭയക്കും വിധത്തിൽ ചെർണോബിൽ മാറിക്കഴിഞ്ഞു. ഇന്നും ചെർണോബിലിനു സമീപ പ്രദേശങ്ങളിൽ റേഡിയേഷൻ മൂലമുള്ള ആരോഗ്യ പ്രശ്നങ്ങളുമായാണ് കുഞ്ഞുങ്ങൾ പിറന്നുവീഴുന്നത്.

ഇതിനു സമാനമായ ദുരന്തമായിരുന്നു 2011 മാർച്ച് 11ന് നടന്ന ജപ്പാനിലെ ഫുകുഷിമ ആണവ സ്ഫോടനം. ഇതുവരെ ഉണ്ടായിരുന്നതിനെക്കാൾ വലിയ പ്രതിസന്ധികൾക്കും ചർച്ചകൾക്കുമാണ് ഈ ആണവ റിയാക്ടർ സ്ഫോടനം തുടക്കം കുറിച്ചത്. ഇതോടെ, ഇനി ആവണവ റിയാക്ടറുകൾ വേണ്ട എന്നുള്ള തലത്തിലേക്ക് പല രാജ്യങ്ങളും മാറി എന്നത് ഇതിന്റെ ഭീകരതയെ അറിയിക്കുന്നുണ്ട്.

കാലത്തിന്റെ ചുമരെഴുത്തുകൾ വായിക്കുന്നവർക്കേ ചരിത്രത്തിൽ നിന്ന് പാഠം ഉൾകൊള്ളാൻ സാധിക്കുകയുള്ളൂ. നമ്മുടെ കേന്ദ്ര സർക്കാർ രണ്ട് വർഷം മുമ്പാണ് റഷ്യൻ പ്രധാനമന്ത്രി പുടിനുമായി ആണവ കരാറിൽ ഒപ്പു വെക്കുന്നത്. 6 റിയാക്ടറുകൾ സ്ഥാപിക്കാനാണ് റഷ്യയുമായി കരാറിൽ ഏർപ്പെട്ടത്.

ആണവ റിയാക്ടറിന്റെ സാങ്കേതിക പ്രവർത്തനങ്ങളിൽ പെട്ട ഒന്നാണ് ട്രിപ്പിങ്. ആണവ റിയാക്ടറിന് ചോർച്ചയോ കേടുപാടോ സംഭവിച്ചാൽ സ്വയം പ്രവർത്തനം നിലയ്ക്കുക എന്നതാണ് ട്രിപ്പിങ് കൊണ്ട് ഉദ്ദേശിക്കുന്നത്. സാധാരണയായി റിയാക്ടറുകൾക്ക് ശരാശരി മൂന്നു വർഷത്തിൽ ഒരിക്കൽ മാത്രമാണ് ട്രിപ്പിങ് ഉണ്ടാകുക. എന്നാൽ തമിഴ്നാട്ടിലെ കൂടംകുളത്തെ ആണവ റിയാക്ടറുകൾക്ക് വർഷത്തിൽ 20 തവണയാണ് ട്രിപ്പിങ് നടക്കുന്നത് എന്നോർക്കുക.

മഹാരാഷ്ട്രയിലെ ജെയ്താപുർ എന്ന സ്ഥലത്ത് റിയാക്ടറുകൾ സ്ഥാപിക്കാൻ മോഡി സർക്കാർ കരാറിൽ ഒപ്പിട്ടത് ഫ്രാൻസുമായിട്ടാണ്. ഈ വിഷയത്തിൽ ചർച്ചകൾ പുരോഗമിക്കെ ഉയർന്നുവന്ന ഒരു ചോദ്യം ജെയ്താപൂരിൽ ഭൂകമ്പത്തിനു സാധ്യതയുണ്ടോ എന്നതായിരുന്നു. അതിനെക്കുറിച്ച് വിശദമായി പഠിച്ച ശാസ്ത്രജ്ഞർ പറഞ്ഞത് റിക്ടർ സ്കെയ്ലിൽ 5നെക്കാൾ കൂടുതൽ തീവ്രത രേഖപ്പെടുത്തുന്ന ഭൂകമ്പം നടക്കാൻ സാധ്യത ഉണ്ടെന്നാണ്.

ആണവ റിയാക്ടറുകൾ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെ ഭയന്ന് റിയാക്ടറുകൾ വേണ്ട എന്ന് പല രാജ്യങ്ങളും തീരുമാനം എടുത്തിരിക്കെയാണ് നമ്മുടെ രാജ്യം ആ രംഗത്ത് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. റിയാക്ടറുകളുടെ വിഷയത്തിൽ വേണ്ടത്ര ശ്രദ്ധ സ്വീകരിക്കാത്തവരുടെ പട്ടികയിൽ മുൻനിരയിൽ തന്നെയാണ് ഇന്ത്യ ഇന്നുള്ളത്. ഹരിയാന, കർണാടക, മധ്യപ്രദേശ്, മഹാരാഷ്ട്ര, തമിഴ്നാട് തുടങ്ങി പല സംസ്ഥാനങ്ങളിലായി 17 ഓളം ആണവ റിയാക്ടറുകൾ പ്രവർത്തിക്കുന്ന ഒരു രാജ്യത്താണ് നമ്മൾ ജീവിക്കുന്നത് എന്നോർക്കുക.

**-അഹ്മദ് സൽമാൻ.എസ്**
**ജാമിഅ അൽഹിന്ദ് അൽഇസ്‌ലാമിയ്യ**

# റമദാനിനു ശേഷം?

ഒരു പവിത്ര മാസം കൂടി നമ്മോട് വിടപറഞ്ഞിരിക്കുന്നു. ഈ മാസത്തിൽ വിശ്വാസികൾ ജീവിതത്തെ സൽകർമങ്ങളാൽ ധന്യമാക്കുകയായിരുന്നു. പകൽ സമയം അന്നപാനീയങ്ങൾ പരിപൂർണമായും വെടിഞ്ഞു. വാക്കിലും നോക്കിലും പ്രവൃത്തിയിലും സൂക്ഷ്മത കാണിച്ചു. ദാനധർമങ്ങൾ ചെയ്തു. നിർബന്ധമായതും ഐച്ഛികമായതുമായ നമസ്കാരങ്ങൾ നിർവഹിച്ചു. ദീർഘമായ രാത്രി നമസ്കാരം നിർവഹിക്കുവാൻ പ്രത്യേകം ശ്രദ്ധപുലർത്തി. വിശുദ്ധ ക്വുർആൻ പാരായണം ചെയ്യുവാൻ ഏറെ ഉൽസാഹം കാണിച്ചു. ഇതെല്ലാം ചെയ്തത് ഭൗതിക നേട്ടങ്ങൾ ആഗ്രഹിച്ചല്ലായിരുന്നു. അളവറ്റ ദയാപരനായ അല്ലാഹുവിന്റെ തൃപ്തി നേടുവാനും അതുവഴി സ്വർഗപ്രവേശനം ലഭിക്കുവാനും വേണ്ടിയാണ് ഇതെല്ലാം ചെയ്തത്.

റമദാൻ കഴിഞ്ഞു. ഇനിയോ? മുകളിൽ പറഞ്ഞ കാര്യങ്ങളിൽ നിർബന്ധ നോമ്പല്ലാത്തതെല്ലാം സാധ്യമാകുന്നത്ര എന്നും ജീവിതത്തിന്റെ ഭാഗമാകേണ്ടതാണ്. എന്നാൽ പലരും അതെല്ലാം റമദാനിൽ ഒതുക്കുന്നവരാണ്. റമദാനിൽ മാത്രം അല്ലാഹുവിനെ സൂക്ഷിച്ചു ജീവിക്കുകയും റമദാൻ കഴിഞ്ഞാൽ ഇച്ഛാനുസരണം ജീവിക്കുകയും ചെയ്യുക എന്നത് വിശ്വാസത്തിന്റെ ദുർബലതയെയാണ് കാണിക്കുന്നത്. ഈ അവസ്ഥയിലേക്ക് വിശ്വാസികൾ അധഃപതിച്ചുകൂടാ. വിശുദ്ധ ക്വുർആനിനെയും നബിചര്യയെയും റമദാനല്ലാത്ത മാസങ്ങളിലും നാം നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കണം. അവയുടെ വെളിച്ചം സ്വീകരിച്ച് മുന്നോട്ടു പോകണം.

മാനവരാശിയെ എല്ലാവിധ അന്ധകാരങ്ങളിൽനിന്നും പ്രകാശത്തിലേക്ക് നയിക്കുവാനാണ് അല്ലാഹു വിശുദ്ധ ക്വുർആൻ അവതരിപ്പിച്ചത്.

"...മനുഷ്യരെ അവരുടെ രക്ഷിതാവിന്റെ അനുമതി പ്രകാരം ഇരുട്ടുകളിൽനിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരാൻ വേണ്ടി നിനക്ക് അവതരിപ്പിച്ചുതന്നിട്ടുള്ള ഗ്രന്ഥമാണിത്. അതായത്, പ്രതാപിയും സ്തുത്യർഹനും ആയിട്ടുള്ളവന്റെ മാർഗത്തിലേക്ക്, ആകാശങ്ങളിലുള്ളതിന്റെയും ഭൂമിയിലുള്ളതിന്റെയും ഉടമയായ അല്ലാഹുവിന്റെ (മാർഗത്തിലേക്ക് അവരെ കൊണ്ടുവരാൻ വേണ്ടി)..."(ക്വുർആൻ 14:1,2).

ആറാം നൂറ്റാണ്ടിൽ ഇരുളിന്റെ ലോകത്ത് ഇരുളടഞ്ഞ മനസ്സുമായി ജീവിച്ചിരുന്ന ഒരു ജനതതിയെ വെളിച്ചത്തിലേക്ക് നയിച്ചതും അവരുടെ മനസ്സുകളെ പ്രകാശമാനമാക്കിയതും ക്വുർആനായിരുന്നു. പാരമ്പര്യ വിശ്വാസങ്ങളെയും ആചാരങ്ങളെയും കയ്യൊഴിക്കുവാൻ അവർ തയാറായത് വിശുദ്ധ ക്വുർആൻ അവരുടെ ചിന്തയെ തട്ടിയുണർത്തിയതുകൊണ്ടായിരുന്നു.

"തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴികാണിക്കുകയും, സൽകർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു. പരലോകത്തിൽ വിശ്വസിക്കാത്തവരാരോ അവർക്ക് നാം വേദനയേറിയ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട് എന്നും (സന്തോഷവാർത്ത അറിയിക്കുന്നു)" (17:9,10).

ക്വുർആൻ പഠിക്കുന്നവനും പഠിപ്പിക്കുന്നവനുമാണ് ഉത്തമൻ എന്നാണ് നബിﷺ പറഞ്ഞിട്ടുള്ളത്. മനുഷ്യന്റെ ഇഹപര ജീവിത വിജയത്തിനുവേണ്ട മാർഗനിർദേശങ്ങൾ അടങ്ങിയ ഗ്രന്ഥം എന്ന നിലയ്ക്ക് അത് പഠിക്കൽ സത്യവിശ്വാസികളുടെ ബാധ്യതയാണ്. അത് റമദാനിൽ മാത്രം ചെയ്യേണ്ട ഒന്നല്ല. വിശ്വത്തിന്റെ പ്രകാശമായ വിശുദ്ധ ക്വുർആനും അതിന്റെ വിശദീകരണമായ നബിചര്യയും പഠിക്കുവാനും പാരായണം ചെയ്യുവാനും പരിശ്രമിച്ചുകൊണ്ടിരിക്കുക. അതിൽ ആത്മസംതൃപ്തി കണ്ടെത്തുക. ●

അബൂഹംദ അലനല്ലൂർ
mail@nerpatham.com

ലേഖനം




# അല്ലാഹുവിന്റെ കാരുണ്യം നേടാൻ

**ഭൂ**മിയിൽ കരയിലും വെള്ളത്തിലുമായി ലക്ഷക്കണക്കിന് ജീവിവർഗങ്ങളുണ്ടെങ്കിലും ആ ജീവികളിൽ നിന്ന് സംസാര ശേഷിയും ബുദ്ധിയും കൊണ്ട് മുനുഷ്യൻ വേറിട്ടുനിൽക്കുന്നു. ദയ, കാരുണ്യം, വിട്ടുവീഴ്ച, സഹകരണം... എന്നിങ്ങനെ അനേകം ഗുണങ്ങൾ മനുഷ്യനെ ഇതര ജീവികളിൽനിന്ന് വ്യതിരിക്തനാക്കുന്നു. മനുഷ്യർ പരസ്പരം സ്നേഹിച്ചും കാരുണ്യം കാണിച്ചും കൊണ്ട് വേണം ജീവിക്കാൻ. സമൂഹത്തിന്റെ നിലനിൽപിന് ഇത് അത്യാവശ്യമാണ്.

മനുഷ്യനെ സൃഷ്ടിച്ച അവന്റെ രക്ഷിതാവ് ഏറ്റവും കാരുണ്യം നിറഞ്ഞവനാണെന്ന് ഇസ്‌ലാം നമ്മെ പഠിപ്പിക്കുന്നു. വിശുദ്ധ ക്വുർആനിലെ 114 അധ്യായങ്ങളിൽ 113ഉം 'ബിസ്മില്ലാഹിർറഹ്മാനിർറഹീം' (പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ) എന്ന് പറഞ്ഞുകൊണ്ടാണ് ആരംഭിക്കുന്നത് എന്നത് ശ്രദ്ധേയമാണ്.

അല്ലാഹു അവന്റെ ഉത്തമ നാമങ്ങളായി പറഞ്ഞതിൽ അർറഹ്മാൻ (പരമകാരുണികൻ), അർറഹീം (കരുണാനിധി) എന്നും കാണാം. അല്ലാഹു അങ്ങേയറ്റം കാരുണ്യം നിറഞ്ഞവനാണ്. അല്ലാഹു കാരുണ്യം അവന്റെ മേൽ ബാധ്യതയായി നിശ്ചയിച്ചിരിക്കുന്നു:

അല്ലാഹു പറയുന്നു: "...നിങ്ങളുടെ രക്ഷിതാവ് കാരുണ്യത്തെ തന്റെ മേൽ (ബാധ്യതയായി) നിശ്ചയിച്ചിരിക്കുന്നു..." (ക്വുർആൻ 6:54).

നബിﷺ പറഞ്ഞു: "നിശ്ചയം അല്ലാഹു ആകാശ ഭൂമികളെ സൃഷ്ടിച്ച ദിവസം നൂറ് കാരുണ്യവും സൃഷ്ടിച്ചു. ഓരോ കാരുണ്യവും ആകാശ ഭൂമിയോളം വിശാലമാണ്. അതിൽ നിന്ന് ഒരു കാരുണ്യം അവൻ ഭൂമിയിൽ വെച്ചു. അതുവഴിയാണ് മാതാവ് മക്കളോട് കരുണ കാണിക്കുന്നതും ക്രൂരമൃഗങ്ങളും പക്ഷികളുമെല്ലാം പരസ്പരം കരുണ കാണിക്കുന്നതും. എന്നാൽ അന്ത്യനാളിൽ (ബാക്കിവെച്ച) ഈ കാരുണ്യം കൊണ്ടവൻ അവരോടുള്ള കാരുണ്യം പൂർത്തീകരിക്കും" (മുസ്‌ലിം).

ഇഹലോക ജീവിതത്തിൽ വിശ്വാസികൾ ചെയ്തുപോയ തെറ്റുകുറ്റങ്ങൾ പൊറുത്തുകൊടുത്ത് സുഖാനുഗ്രഹങ്ങളുടെ ഗേഹമായ സ്വർഗത്തിൽ അവരെ പ്രവേശിപ്പിക്കുന്നതിന് വേണ്ടി അവൻ 99 കാരുണ്യം മാറ്റിവെച്ചിട്ടുണ്ട്. ഇതിൽ നിന്നു തന്നെ അല്ലാഹുവിന് തന്റെ അടിമകളോടുള്ള അതിവിശാലമായ കാരുണ്യം മനസ്സിലാക്കാം.

മറ്റൊരു ഹദീഥിൽ കാണാം. നബിﷺ പറഞ്ഞു: "സൃഷ്ടികളെ സൃഷ്ടിക്കുന്നതിന് മുമ്പായി അല്ലാഹു ഇങ്ങനെ രേഖപ്പെടുത്തി: 'എന്റെ കാരുണ്യം എന്റെ കോപത്തെ മുൻകടന്നിരിക്കുന്നു.' ഇത് അവന്റെയടുക്കൽ അർശിനു മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു" (ബുഖാരി, മുസ്‌ലിം).

അല്ലാഹു അവന്റെ അടിമകളുടെ തെറ്റുകൾ പൊറുത്ത് കൊടുക്കാനും പശ്ചാത്താപം സ്വീകരിക്കാനും അവന്റെ കോപത്തെ അതിജയിക്കുന്ന രൂപത്തിൽ കാരുണ്യത്തെ മുൻകടത്തി.

ലോകത്ത് കഴിഞ്ഞുപോയ പ്രവാചകന്മാർ അല്ലാഹുവിന്റെ കാരുണ്യത്തിനായി പ്രാർഥിച്ചത് വിശുദ്ധ ക്വുർആനിൽ നമുക്ക് കാണാൻ സാധിക്കും.

ആദം നബിعليه السلام അല്ലാഹുവിനോട് പ്രാർഥിച്ചു: "അവർ രണ്ടുപേരും പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടംപറ്റിയവരുടെ കൂട്ടത്തിലായിരിക്കും" (ക്വുർആൻ 7:23).

നൂഹ് നബിعليه السلام പ്രാർഥിച്ചു: "...എന്റെ രക്ഷിതാവേ, എനിക്ക് അറിവില്ലാത്ത കാര്യം നിന്നോട് ആവശ്യപ്പെടുന്നതിൽ നിന്ന് ഞാൻ നിന്നോട് ശരണം തേടുന്നു. നീ എനിക്ക് പൊറുത്തുതരികയും നീ എന്നോട് കരുണ കാണിക്കുകയും ചെയ്യാത്ത പക്ഷം ഞാൻ നഷ്ടക്കാരുടെ കൂട്ടത്തിലായിരിക്കും" (11:47).

മൂസാ നബിعليه السلامയുടെ പ്രാർഥന: "...നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതിനാൽ ഞങ്ങൾക്ക് നീ പൊറുത്തുതരികയും ഞങ്ങളോട് കരുണ കാണിക്കുകയും ചെയ്യേണമേ. നീയാണ് പൊറുക്കുന്നവരിൽ ഉത്തമൻ" (7:155).

ഒരാളും അവനവന്റെ സൽപ്രവർത്തനങ്ങൾകൊണ്ട് മാത്രം സ്വർഗത്തിൽ പ്രവേശിക്കുകയില്ല. ശരിയായ വിശ്വാസവും സൽകർമങ്ങളും ഉള്ളതോടൊപ്പം തന്നെ അല്ലാഹുവിന്റെ ഔദാര്യവും കാരുണ്യവും കൂടി ഉണ്ടെങ്കിലേ സ്വർഗ പ്രവേശനം സാധ്യമാകൂ.

അബൂഹുറയ്റرضي الله عنه നിവേദനം: നബിﷺ പറഞ്ഞു: "ഒരാളും തന്നെ അവരുടെ പ്രവർത്തനങ്ങൾകൊണ്ട് സ്വർഗത്തിൽ പ്രവേശിക്കുകയില്ല." സ്വഹാബത്ത് ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, താങ്കളും?" അവിടുന്ന് പറഞ്ഞു: "ഞാനും പ്രവേശിക്കുകയില്ല; അല്ലാഹുവിന്റെ കാരുണ്യവും ഔദാര്യവും എന്നെ മൂടിയാലല്ലാതെ" (ബുഖാരി).

വിശ്വാസികൾ സൽകർമങ്ങൾ പ്രവർത്തിക്കുന്നതോടൊപ്പം തന്നെ അല്ലാഹുവിന്റെ കാരുണ്യം കൂടി കരസ്ഥമാക്കാൻ പരിശ്രമിക്കണം. എങ്കിലേ തങ്ങൾ ആഗ്രഹിക്കുന്ന ലക്ഷ്യത്തിലേക്കെത്തിച്ചേരാൻ കഴിയൂ; അഥവാ സ്വർഗത്തിൽ പ്രവേശിക്കാൻ കഴിയൂ.

**മതം പഠിക്കുകയും അത് മറ്റുള്ളവരിലേക്ക് എത്തിച്ചുകൊടുക്കുകയും ചെയ്താലുള്ള പ്രതിഫലം വമ്പിച്ചതാണ്. അല്ലാഹുവിന്റെ മതത്തിലേക്ക് ക്ഷണിക്കുന്നവനാണ് ഏറ്റവും നല്ല വാക്ക് പറയുന്നവൻ. അല്ലാഹുവിന്റെ സന്ദേശം ജനങ്ങൾക്ക് എത്തിച്ചുകൊടുക്കാനാണ് അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചത്. ആ ദൗത്യം അവരുടെ കാലശേഷം നിർവഹിക്കേണ്ടവർ മതം പഠിച്ചവരാണ്. അല്ലാഹുവിന്റെ മതം പ്രവാചകൻ പഠിപ്പിച്ചതുപോലെ ഒന്നും വിട്ടുകളയാതെയും കൂട്ടിച്ചേർക്കാതെയും എത്തിച്ചുകൊടുക്കലാണ് പണ്ഡിതന്മാരുടെ ദൗത്യം.**

അല്ലാഹുവിന്റെ കാരുണ്യം ലഭിക്കുന്ന ഒട്ടനേകം കാര്യങ്ങൾ അല്ലാഹുവിന്റെ റസൂൽﷺ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. അതിൽപെട്ട ഏതാനും ചിലത് മാത്രം ഇവിടെ സൂചിപ്പിക്കുകയാണ്.

**അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുക**

അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുന്നത്അല്ലാഹുവിന്റെ കാരുണ്യം ലഭിക്കാൻ കാരണമാകും. വിശ്വാസവും പ്രവർത്തനങ്ങളും ക്വുർആനിനും സുന്നത്തിനും യോജിച്ച് വരുമ്പോഴേ അത് സാധ്യമാവുകയുള്ളൂ.

അല്ലാഹു പറയുന്നു: "നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുക. നിങ്ങൾ അനുഗൃഹീതരായേക്കാം"(3:132).

"നിങ്ങൾ നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും റസൂലിനെ അനുസരിക്കുകയും ചെയ്യുവിൻ. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം"(24:56).

**വിശുദ്ധ ക്വുർആനുമായുള്ള ബന്ധം നിലനിർത്തുക**

വിശുദ്ധ ക്വുർആനുമായുള്ള ഇടമുറിയാത്ത ബന്ധം നാളെ പരലോകത്ത് അല്ലാഹുവിന്റെ കാരുണ്യം ലഭിക്കുന്നതിന് കാരണമാകുന്നു. അല്ലാഹു പറയുന്നു:

"ക്വുർആൻ പാരായണം ചെയ്യപ്പെട്ടാൽ നിങ്ങളത് ശ്രദ്ധിച്ച് കേൾക്കുകയും നിശ്ശബ്ദത പാലിക്കുകയും ചെയ്യുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം" (7:204).

**എല്ലാ ജീവികളോടും കരുണ കാണിക്കുക**


ദാഹിച്ചുവലഞ്ഞ് മണ്ണ് കപ്പുന്ന നായക്ക് കിണറ്റിലിറങ്ങി താൻ ധരിച്ചിരുന്ന ഷൂ അഴിച്ച് അതിൽ വെള്ളമെടുത്ത് കൊടുത്ത് ദാഹമകറ്റിയതിന്റെ പേരിൽ ആ വ്യക്തിക്ക് സ്വർഗം ലഭിക്കുമെന്നും പൂച്ചയെ കെട്ടിയിട്ട് അതിനെ ഇരതേടാനും ഭക്ഷണം കഴിക്കാനും സമ്മതിക്കാതെ മരണത്തിലേക്ക് തള്ളിയിട്ടതിന്റെ പേരിൽ ആ വ്യക്തി നരകാവകാശിയാണെന്നും നബിﷺ പറഞ്ഞുതന്നിട്ടുണ്ട്. ഏത് ജീവിയോടും കരുണ കാണിക്കേണ്ടവനാണ് മുസ്ലിം എന്ന് ഇത് വ്യക്തമാക്കുന്നു.

അബ്ദുല്ലാഹിബ്നു അംറ്ബ്നു ആസ്ؓ നിവേദനം; നബിﷺ പറഞ്ഞു: "കരുണ കാണിക്കുന്നവരോട് പരമ കാരുണികനും കരുണ കാണിക്കും. നിങ്ങൾ കരുണ കാണിക്കുവിൻ. ആകാശത്തുള്ളവൻ നിങ്ങളോടും കരുണ കാണിക്കും" (തിർമിദി).

അബൂഹുറയ്റؓ നിവേദനം: "നബിﷺയുടെ അടുക്കൽ അക്വ്റഉബ്നു ഹാബിസ് അത്തമീമിയ്യ് എന്നൊരാൾ വന്നു. ആ സമയത്ത് നബിﷺ തന്റെ പൗത്രൻ ഹസനുബ്നു അലിയ്യെ ചുംബിക്കുകയായിരുന്നു. ഇതു കണ്ട് അദ്ദേഹം പറഞ്ഞു: 'എനിക്ക് പത്ത് മക്കളുണ്ട് അവരിൽ ഒരാളെയും ഞാൻ ചുംബിച്ചിട്ടില്ല.' ഇതു കേട്ട റസൂൽﷺ അദ്ദേഹത്തെ ഒന്ന് നോക്കി. എന്നിട്ട് പറഞ്ഞു: 'കാരുണ്യം കാണിക്കാത്തവന് കാരുണ്യം ലഭിക്കുകയില്ല" (ബുഖാരി).

**വിട്ടുവീഴ്ച ചെയ്യുക**

പരസ്പരം വിട്ടുവീഴ്ച കാണിക്കുക എന്നത് വ്യക്തിബന്ധം നിലനിർത്തുവാനും സമൂഹത്തിന്റെ നി



**സ്വാർഥ താൽപര്യങ്ങൾക്കും നേതാക്കന്മാരെയും അനുയായികളെയും തൃപ്തിപ്പെടുത്താനും മറ്റും പ്രമാണം പഠിപ്പിക്കുന്ന കാര്യം മറച്ചുവെക്കുക എന്നത് വമ്പിച്ച അപരാധമാണ്. പ്രമാണങ്ങളിലുള്ളത് പറയുന്ന പണ്ഡിതന്മാർ മതത്തിന് ജീവൻ നൽകുന്നു. അല്ലാത്തവർ മതത്തെ നിർജീവമാക്കുന്നു.**

ലനിൽപിന്നും കെട്ടുറപ്പിനും അനിവാര്യമാണ്. മാനുഷികമായ അബദ്ധങ്ങൾക്ക് മാപ്പുകൊടുക്കാനുള്ള വിശാലമനസ്കത സത്യവിശ്വാസികൾക്കുണ്ടാകണം.

ജാബിറുബ്നു അബ്ദില്ല ﷺ നിവേദനം; നബി ﷺ പറഞ്ഞു: "വാങ്ങുമ്പോഴും വിൽക്കുമ്പോഴും വിധിക്കുമ്പോഴും വിട്ടുവീഴ്ച കാണിക്കുന്ന അടിമക്ക് അല്ലാഹു കരുണ ചെയ്യട്ടെ" (ബുഖാരി).

**കുടുംബത്തെ രാത്രി നമസ്കരിക്കാൻ വിളിച്ചുണർത്തുക**

ഏറെ മഹത്ത്വമുള്ള നമസ്കാരമാണ് രാത്രി നമസ്കാരം. അബൂഹുറയ്റ ﷺ നിവേദനം; നബി ﷺ പറഞ്ഞു: "റമദാനിന് ശേഷം ഏറ്റവും ശ്രേഷ്ഠമായ നോമ്പ് അല്ലാഹുവിന്റെ മാസമായ മുഹർറത്തിലെ നോമ്പാണ്. നിർബന്ധ നമസ്കാരങ്ങൾക്ക് ശേഷം ഏറ്റവും ശ്രേഷ്ഠമായ നമസ്കാരം രാത്രിയിലെ നമസ്കാരമാണ്" (മുസ്‌ലിം).

മറ്റൊരു ഹദീഥ് കാണുക: അംറുബ്നു ആസ് ﷺ നിവേദനം: നബി ﷺ പറയുന്നതായി അദ്ദേഹം കേൾക്കുകയുണ്ടായി: "രക്ഷിതാവ് (റബ്ബ്) അടിമയുമായി ഏറ്റവും കൂടുതൽ അടുക്കുന്ന സമയം രാത്രിയുടെ അവസാന യാമത്തിലാകുന്നു. ആയതിനാൽ ആ സമയം അല്ലാഹുവിനെ ഓർക്കുന്നവരിൽ ഉൾപ്പെടാൻ നീ ആഗ്രഹിക്കുന്നുവെങ്കിൽ നീ അപ്രകാരം ചെയ്യുക" (തിർമുദി).

വിശ്വാസിയായ ഒരാൾ രാത്രി നമസ്കരിക്കുകയും തന്റെ കുടുംബത്തെ രാത്രി നമസ്കാരത്തിന് വേണ്ടി ഉറക്കിൽ നിന്ന് വിളിച്ചുണർത്തുകയും ചെയ്താൽ അവന് അല്ലാഹുവിന്റെ കാരുണ്യം ലഭിക്കുമെന്ന് നബി ﷺ പറഞ്ഞിട്ടുണ്ട്.

അബൂഹുറയ്റ ﷺ നിവേദനം; നബി ﷺ പറഞ്ഞു: "രാത്രി എഴുന്നേൽക്കുകയും നമസ്കരിക്കുകയും ഭാര്യയെ നമസ്കാരത്തിന് വേണ്ടി വിളിച്ചുണർത്തുകയും ഭാര്യ വിസമ്മതം പ്രകടിപ്പിക്കുമ്പോൾ മുഖത്ത് വെള്ളം കുടഞ്ഞ് അവളെ ഉണർത്തുകയും ചെയ്യുന്ന ഒരാൾക്ക് അല്ലാഹു കാരുണ്യം ചെയ്യട്ടെ. രാത്രി എഴുന്നേൽക്കുകയും നമസ്കരിക്കുകയും തന്റെ ഇണയെ രാത്രി നമസ്കാരത്തിനായി ഉണർത്തുകയും വിസമ്മതം കാണിക്കുമ്പോൾ മുഖത്ത് വെള്ളം കുടയുകയും ചെയ്യുന്ന സ്ത്രീക്കും അല്ലാഹു കാരുണ്യം ചെയ്യട്ടെ" (അഹ്മദ്).

**മത പ്രബോധനം**

മതം പഠിക്കുകയും അത് മറ്റുള്ളവരിലേക്ക് എത്തിച്ചു കൊടുക്കുകയും ചെയ്താലുള്ള പ്രതിഫലം വമ്പിച്ചതാണ്. അല്ലാഹുവിന്റെ മതത്തിലേക്ക് ക്ഷണിക്കുന്നവനാണ് ഏറ്റവും നല്ല വാക്ക് പറയുന്നവൻ. അല്ലാഹുവിന്റെ സന്ദേശം ജനങ്ങൾക്ക് എത്തിച്ചുകൊടുക്കാനാണ് അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചത്. ആ ദൗത്യം അവരുടെ കാലശേഷം നിർവഹിക്കേണ്ടവർ മതം പഠിച്ചവരാണ്. അല്ലാഹുവിന്റെ മതം പ്രവാചകൻ പഠിപ്പിച്ചതുപോലെ ഒന്നും വിട്ടുകളയാതെയും കൂട്ടിച്ചേർക്കാതെയും എത്തിച്ചുകൊടുക്കലാണ് പണ്ഡിതന്മാരുടെ ദൗത്യം. സ്വാർഥ താൽപര്യങ്ങൾക്കും നേതാക്കന്മാരെയും അനുയായികളെയും തൃപ്തിപ്പെടുത്താനും മറ്റും പ്രമാണം പഠിപ്പിക്കുന്ന കാര്യം മറച്ചുവെക്കുക എന്നത് വമ്പിച്ച അപരാധമാണ്. പ്രമാണങ്ങളിലുള്ളത് പറയുന്ന പണ്ഡിതന്മാർ മതത്തിന് ജീവൻ നൽകുന്നു. അല്ലാത്തവർ മതത്തെ നിർജീവമാക്കുന്നു.

അബ്ദുല്ലാഹ് ഇബ്നു മസ്ഊദ് ﷺ നിവേദനം; നബി ﷺ പറഞ്ഞു: "എന്നിൽ നിന്ന് ഒരു ഹദീഥ് കേൾക്കുകയും അത് കേട്ടതുപോലെ എത്തിച്ചുകൊടുക്കുകയും ചെയ്തവന് അല്ലാഹു കാരുണ്യം ചെയ്യട്ടെ. എത്രയെത്ര പ്രബോധിതരുണ്ട്; പ്രബോധകനെക്കാൾ നല്ലവരായി" (ഇബ്നുഹിബ്ബാൻ).

**അസ്റിന് മുമ്പ് നാല് റക്അത്ത് നമസ്കരിക്കുക**

അബ്ദുല്ലാഹ് ഇബ്നു ഉമർ ﷺ നിവേദനം; നബി ﷺ പറഞ്ഞു: "അസ്റിന് മുമ്പ് ആരെങ്കിലും നാലു റക്അത്ത് നമസ്കരിക്കുകയാണെങ്കിൽ അല്ലാഹു അവനോട് കരുണ കാണിക്കുന്നതാണ്" (അഹ്മദ്).

അല്ലാഹുവിന്റെ കാരുണ്യം ലഭിക്കുന്നതിനുവേണ്ടി നിരന്തരം പ്രാർഥിക്കുകയും പരിശ്രമിക്കുകയും ചെയ്യുക. നാഥൻ അനുഗ്രഹിക്കട്ടെ. ●

**ദാഹിച്ചുവലഞ്ഞ് മണ്ണ് കപ്പുന്ന നായക്ക് കിണറ്റിലിറങ്ങി താൻ ധരിച്ചിരുന്ന ഷൂ അഴിച്ച് അതിൽ വെള്ളമെടുത്ത് കൊടുത്ത് ദാഹമകറ്റിയതിന്റെ പേരിൽ ആ വ്യക്തിക്ക് സ്വർഗം ലഭിക്കുമെന്നും പൂച്ചയെ കെട്ടിയിട്ട് അതിനെ ഇരതേടാനും ഭക്ഷണം കഴിക്കാനും സമ്മതിക്കാതെ മരണത്തിലേക്ക് തള്ളിയിട്ടതിന്റെ പേരിൽ ആ വ്യക്തി നരകാവകാശയാണെന്നും നബി ﷺ പറഞ്ഞുതന്നിട്ടുണ്ട്. ഏത് ജീവിയോടും കരുണ കാണിക്കേണ്ടവനാണ് മുസ്‌ലിം എന്ന് ഇത് വ്യക്തമാക്കുന്നു.**

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com



# കപട ദേശീയതയുടെ വിജയം; വർഗീയതയുടെയും


**ലോകസഭാ തെരഞ്ഞെടുപ്പിലെ അപ്രതീക്ഷിത വിജയയത്തിന്റെ ആത്മവിശ്വാസത്തിലാണ് ബി.ജെ.പിയുൾക്കൊള്ളുന്ന എൻ.ഡി.എ. രാജ്യത്തിന് ഭരണത്തുടർച്ചയുണ്ടാവുന്നു എന്നതിനപ്പുറം വർഗീയതയുടെയും കപട ദേശീയതയുടെയും മത വിദ്വേഷത്തിന്റെയും ആൾക്കൂട്ട ഭീകരതയുടെയും പ്രണേതാക്കൾ തന്നെ വീണ്ടും രാജ്യത്തിന്റെ അധികാരക്കസേരയിൽ കയറിയിരിക്കുന്നു എന്നത് മതേതരവിശ്വാസികളെ തെല്ലൊന്നുമല്ല അലോസരപ്പെടുത്തുന്നത്. തങ്ങൾ നെഞ്ചേറ്റുന്ന വെറുപ്പിന്റെ പ്രത്യയശാസ്ത്രം മറനീക്കി പുറത്തു പറഞ്ഞിട്ടും രാജ്യം മൃഗീയ ഭൂരിപക്ഷത്തിൽ സംഘ്പരിവാർ ശക്തികളെ അധികാരത്തിലേറ്റിയെങ്കിൽ അത് രാജ്യത്തിന് നൽകുന്ന സന്ദേശം ആശാസ്യകരമല്ല. മതേതര വിശ്വാസികളും പാർട്ടികളും ഉപരിപ്ലവ ചർച്ചകൾ മാറ്റിവെച്ച് ജനമനസ്സുകളിൽ സ്വാധീനം നേടാൻ പര്യാപ്തമായ പ്രവർത്തനങ്ങളിൽ നിരതമാവണം.**

**17-ാം** ലോകസഭയിലേക്ക് നടന്ന പൊതുതെരഞ്ഞെടുപ്പിൽ ബി.ജെ.പി നേതൃത്വം നൽകുന്ന എൻ.ഡി.എ നേടിയ അപ്രതീക്ഷിതമായ മൃഗീയ ഭൂരിപക്ഷം ലോകത്തെ ഞെട്ടിച്ചിരിക്കുകയാണ്. മതേതരത്വത്തിന്റെ കളിത്തൊട്ടിലായി ലോകം വിശേഷിപ്പിച്ച ഭാരത രാജ്യം വർഗീയതക്കും കപട ദേശീയതക്കും മുമ്പിൽ താൽക്കാലികമായി പരാജയപ്പെട്ടിരിക്കുന്നുവെന്നു വേണം പറയാൻ. ആൾക്കൂട്ട ഭീകരതയുടെയും മത വിദ്വേഷത്തിന്റെയും പൗരത്വ നിഷേധത്തിന്റെയും കടുത്ത വർഗീയ നിലപാടുകളുടെയും കഠാരകൾ കഴിഞ്ഞ നാലഞ്ചു വർഷമായി ബി.ജെ.പിയും സംഘപരിവാറും ഇന്ത്യയുടെ നെഞ്ചിൽ കുത്തിയിറക്കുകയായിരുന്നു. അവ സമ്മാനിച്ച മുറിപ്പാടുകളിലൂടെ രാജ്യം കോലംകെട്ട് ലോകത്തിനു മുമ്പിൽ നാണിച്ചു നിൽക്കുമ്പോഴാണ് തെരഞ്ഞെടുപ്പിൽ നേടിയ വ്യാജ വിജയത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഇന്ത്യ വിജയിച്ചുവെന്ന് നരേന്ദ്ര മോഡി നെഞ്ചുവിരിച്ചുകൊണ്ട് അവകാശപ്പെടുന്നത്.

തെരഞ്ഞെടുപ്പിന് മുമ്പും ശേഷവും രാജ്യത്തെ ജനങ്ങളും മാധ്യമങ്ങളും മോഡിയുടെ അഞ്ചുവർഷത്തെ ഭരണത്തെ വിലയിരുത്തിയതാണ്. രാജ്യത്തിന്റെ സാമൂഹിക വ്യവസ്ഥ മാത്രമല്ല, സാമ്പത്തിക സ്ഥിതിയും അപ്പാടെ തകർന്നു തരിപ്പണമായതും വിവിധ മതവിഭാഗങ്ങൾ സൗഹാർദത്തോടെ ജീവിച്ചിരുന്ന മതസൗഹാർദത്തിന്റെ പൂങ്കാവനത്തിൽ കടുത്ത വർഗീയതയുടെയും അന്യമത വിദ്വേഷത്തിന്റെയും വിത്തുകൾ മുളച്ചുപൊങ്ങിയതും മോഡി സർക്കാരിന്റെ ഭരണപരാജയമായി എല്ലാവരും വിലയിരുത്തി. 2014ൽ മോഡിയെ പ്രശംസിച്ചു കൊണ്ട് രംഗത്തുവന്ന മിക്ക മീഡിയകളും നിലപാടുകൾ മാറ്റി. വൻ ഭൂരിപക്ഷം ഉണ്ടായില്ലെങ്കിലും യു.പി.എയും ഇതര മതേതര കക്ഷികളും ഈ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തുമെന്ന് അവരെല്ലാം നിരീക്ഷിച്ചു. തെരഞ്ഞെടുപ്പുഫലം പുറത്തുവരുന്നതിന്റെ ഏതാനും ദിവസങ്ങൾക്ക് മുമ്പ് വന്ന എക്സിറ്റ് പോൾ ഫലങ്ങൾ വരുന്നതിനു മുമ്പ് രാജ്യം പൊതുവിൽ മതേതര കക്ഷികൾക്ക് സാധ്യത കൽപിച്ചിരുന്നു.

ഇപ്പോൾ ഔദ്യോഗികമായി ഫലം പുറത്തുവന്നിരിക്കുന്നു. വോട്ടുകൾ എണ്ണിക്കഴിഞ്ഞു. മതേതരമനസ്സുകളിൽ ആശങ്ക പടർത്തിക്കൊണ്ട് മോഡിയും അമിത്ഷായും പരിവാരവും വൻഭൂരിപക്ഷത്തോടെ വീണ്ടും അധികാരത്തിലേറാൻ പോകുന്നു. 2014ൽ ലഭിച്ചതിനെക്കാൾ സീറ്റുകൾ അവർ നേടിയിരിക്കുന്നു. ബി.ജെ.പിക്ക് മാത്രം 303 സീറ്റുകൾ. എന്നു പറഞ്ഞാൽ കേവലഭൂരിപക്ഷമായ 272 നേക്കാൾ 31 സീറ്റുകൾ ബി.ജെ.പി ഒറ്റയ്ക്ക് നേടിയിരിക്കുന്നു. രാജസ്ഥാൻ, മധ്യപ്രദേശ്, ഛത്തീസ്ഗഢ് തുടങ്ങിയ സംസ്ഥാനങ്ങളിലെ നിയമാസഭാ തെരഞ്ഞെടുപ്പിന് ശേഷം കഴിഞ്ഞ ഡിസംബറിൽ ഇന്ത്യാ ടിവി-സി.എൻ.എക്സ് നടത്തിയ അഭിപ്രായ സർവേയിൽ എൻ.ഡി.എ 252 സീറ്റിൽ ഒതുങ്ങുമെന്നും യു.പി.എ കക്ഷികൾ മാത്രം 146 സീറ്റുകൾ നേടുമെന്നും പ്രവചിച്ചിരുന്നു. നാല് മാസം പിന്നിട്ട ശേഷം ഏപ്രിലിൽ നടന്ന തെരഞ്ഞെടുപ്പിൽ ഈ അഭിപ്രായ സർവേയിൽ വലിയൊരു മാറ്റമൊന്നും പൊതുവിൽ ആരും നിരീക്ഷിച്ചിരുന്നില്ല.

പക്ഷേ, കാര്യങ്ങൾ ഇപ്പോൾ കൈവിട്ടുപോയിരിക്കുന്നു. എന്താണ് സംഭവിച്ചത്? രാജ്യത്ത് മതേതരത്വം മരിക്കുകയാണോ? അതോ സുതാര്യമായും സത്യസന്ധമായും നടക്കേണ്ട തെരഞ്ഞെടുപ്പുകൾ ചതിയുടെയും വഞ്ചനയുടെയും പ്രതീകങ്ങളായി മാറുകയാണോ? ഏതാനും വർഷങ്ങളായി രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്ന ഇലക്ട്രോണിക് വോട്ടിംഗിനെ കുറിച്ച് പരാതികൾ വർധിച്ചിരിക്കുകയാണ്. എന്തിനു കുത്തിയാലും 'താമര'യെ വിരിയിക്കുന്ന ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളാണോ ഉപയോഗിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്? ഇലക്ഷൻ കമ്മീഷൻ ഒരു നോക്കുകുത്തി മാത്രമാവുകയാണോ? കേരളത്തിലടക്കം വോട്ടിംഗ് മെഷീനുകളെ കുറിച്ച് പരാതികൾ വോട്ടർമാർ രേഖപ്പെടുത്തിയിരുന്നു. സാങ്കേതികമായ ചില കുഴപ്പങ്ങൾ മാത്രമാണെന്ന് അധികാരികൾ പറയുന്നുണ്ടെങ്കിലും സംശയങ്ങൾ വ്യാപകമാണ്. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യരാജ്യങ്ങളിലൊന്നായ ഇന്ത്യയിൽ ഇതാദ്യമായിട്ടൊന്നുമല്ല തെരഞ്ഞെടുപ്പ് നടക്കുന്നത്. ബാലറ്റ് പേപ്പറുകൾ ഉപയോഗിച്ചു കൊണ്ടായിരുന്നു 1990 വരെ രാജ്യത്ത് തെരഞ്ഞെടുപ്പുകൾ നടന്നത്. ബൂത്തുപിടുത്തവും അതിക്രമങ്ങളും രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ നിന്ന് റിപ്പോർട്ട് ചെയ്തപ്പോഴായിരുന്നു ബാലറ്റ് പേപ്പറുകൾക്ക് പകരം ഇലക്ട്രോണിക്ക് സംവിധാനമെന്ന ആശയം കടന്നുവന്നത്.




**മതേതരത്വത്തിന്റെ കളിത്തൊട്ടിലായി ലോകം വിശേഷിപ്പിച്ച ഭാരത രാജ്യം വർഗീയതക്കും കപട ദേശീയതക്കും മുമ്പിൽ താൽക്കാലികമായി പരാജയപ്പെട്ടിരിക്കുന്നുവെന്നു വേണം പറയാൻ. ആൾക്കൂട്ട ഭീകരതയുടെയും മത വിദ്വേഷത്തിന്റെയും പൗരത്വ നിഷേധത്തിന്റെയും കടുത്ത വർഗീയ നിലപാടുകളുടെയും കഠാരകൾ കഴിഞ്ഞ നാലഞ്ചു വർഷമായി ബി.ജെ.പിയും സംഘപരിവാറും ഇന്ത്യയുടെ നെഞ്ചിൽ കുത്തിയിറക്കുകയായിരുന്നു. അവ സമ്മാനിച്ച മുറിപ്പാടുകളിലൂടെ രാജ്യം കോലംകെട്ട് ലോകത്തിനു മുമ്പിൽ നാണിച്ചു നിൽക്കുമ്പോഴാണ് തെരഞ്ഞെടുപ്പിൽ നേടിയ വ്യാജ വിജയത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഇന്ത്യ വിജയിച്ചുവെന്ന് നരേന്ദ്ര മോഡി നെഞ്ചുവിരിച്ചുകൊണ്ട് അവകാശപ്പെടുന്നത്.**

രാജ്യത്ത് ആദ്യമായി ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം ഉപയോഗിച്ചത് 1982ലെ ഉപതെരഞ്ഞെടുപ്പിൽ കേരളത്തിലായിരുന്നു; എറണാകുളം ജില്ലയിലെ പറവൂർ നിയോജകമണ്ഡലത്തിൽ. മണ്ഡലത്തിലെ 123 ബൂത്തുകളിൽ അമ്പതിടത്താണ് പരീക്ഷണാടിസ്ഥാനത്തിൽ വോട്ടിംഗ് യന്ത്രം ഉപയോഗിച്ചത്. സമാധാനപരമായി തെരഞ്ഞെടുപ്പ് നടക്കുന്ന ചെറിയ മണ്ഡലമെന്നതിനാലാണ് പറവൂരിന് നറുക്കുവീണത്. സിപി. ഐ നേതാവ് ശിവൻപിള്ളയും കോൺഗ്രസിലെ എ.സി.ജോസും തമ്മിലായിരുന്നു പറവൂരിലെ പ്രധാന മത്സരം. ശിവൻപിള്ള തെരഞ്ഞെടുപ്പിനു മുമ്പ് തന്നെ വോട്ടിംഗ് യന്ത്രത്തിനെതിരെ നൽകിയ പരാതി ഹൈക്കോടതി തള്ളി. കോൺഗ്രസ് വോട്ടിംഗ് യന്ത്രത്തെ അനുകൂലിക്കുകയായിരുന്നു. ശിവൻപിള്ള രണ്ടായിരത്തിൽപരം വോട്ടുകൾക്ക് വിജയിച്ചതോടെ കോൺഗ്രസ് വോട്ടിംഗ് യന്ത്രത്തിനെതിരെ രംഗത്തുവന്നു. വോട്ടിംഗ് യന്ത്രത്തിന്റെ ആധികാരികത ചോദ്യം ചെയ്ത എ.സി.ജോസിന്റെ പരാതി ഹൈക്കോടതി തള്ളി. തുടർന്ന് സുപ്രീം കോടതിയെ സമീപിച്ചു. തെരഞ്ഞെടുപ്പ് റദ്ദാക്കി. പുതിയ രീതി അവലംബിക്കാൻ ഇലക്ഷൻ കമ്മീഷന് അധികാരമില്ലെന്നും പാർലമെന്റാണ് തീരുമാനിക്കേണ്ടതെന്നും സുപ്രീം കോടതി നിരീക്ഷിച്ചു. നിയമഭേദഗതി ആവശ്യമാണെന്ന് പറഞ്ഞ കോടതി ഇലക്ട്രോണിക് വോട്ടിംഗ് നടന്ന 50 ബൂത്തുകളിലും റീപോളിങ്ങിന് ഉത്തരവിട്ടു. രണ്ട് വർഷത്തിനുശേഷം ബാലറ്റ് ഉപയോഗിച്ച്നടന്ന റീപോളിങ്ങിൽ ഫലം മാറി. 2000ൽപരം വോട്ടുകളുടെ ഭൂരിപക്ഷത്തിൽ എ.സി.ജോസിനായിരുന്നു വിജയം.

1983ൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ എന്ന ആശയത്തെ പാർലമെന്റ് തിരസ്കരിച്ചിരുന്നു. പിന്നീട് 1989 മാർച്ച് 15നാണ് ജനപ്രാതിനിധ്യ നിയമത്തിലെ ചട്ടം 61ൽ ഭേദഗതി വരുത്തിക്കൊണ്ട് ഇ.വി.എം ഉപയോഗിക്കാനുള്ള അനുമതി പാർലമെന്റ് പാസ്സാക്കുന്നത്. പിന്നീട് രാജ്യത്ത് നിരവധി തവണ തെരഞ്ഞെടുപ്പുകൾ നടന്നു. ഇ.വി.എമ്മിനെതിരെ ഒറ്റപ്പെട്ട പരാതികൾ കോടതികളിൽ നേരത്തെ വന്നിരുന്നു. 2001ൽ മദ്രാസ് ഹൈക്കോർട്ടിലും പരാതി 2004ൽ കർണാടകയിലും സമർപ്പിക്കപ്പെട്ട പരാതികൾ കോടതികൾ തള്ളി. അതുപോലെ 2001ൽ കേരളത്തിലെ ഇരവിപുരത്ത് ടി.എ.അഹമ്മദ് കബീറിനെതിരെ ആർഎസ്.പി.യിലെ എ.എ.അസീസ് നേടിയ വിജയം വോട്ടിംഗ് യന്ത്രത്തിന്റെ തകരാറു മൂലം സംഭവിച്ചതെന്ന് ചൂണ്ടികാട്ടി ടി.എ.അഹമ്മദ് കബീർ നൽകിയ പരാതി കേരള ഹൈക്കോടതിയും തള്ളിയിരുന്നു. ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രത്തിന്റെ തകരാർ എന്താണ് എന്ന് വിശദീകരിക്കാൻ സാധിക്കാത്തത് മൂലമാണ് മിക്ക പരാതികളും തള്ളിപ്പോയത്. എന്നാൽ ഇപ്പോൾ വളരെ വ്യാപകമായി സോഷ്യൽ മീഡിയകളിൽ ഇ.വി.എമ്മിനെതിരെയുള്ള വാർത്തകൾ പ്രചരിക്കപ്പെടുന്നുണ്ട്. ഇതിന്റെ സത്യാവസ്ഥ ജനങ്ങളെ ബോധ്യപ്പെടുത്താനുള്ള ഉത്തരവാദിത്തം ഇലക്ഷൻ കമ്മീഷനുണ്ട്. ഉത്തരവാദപ്പെട്ട ഒരു രാഷ്ട്രീയ പാർട്ടിയും വളരെ ഗൗരവത്തോടെ ഈ വിഷയത്തെ സമീപിച്ചിട്ടില്ല എന്നതും ഇലക്ഷൻ കമ്മീഷന് രക്ഷപ്പെടാനുള്ള പഴുതായി അവശേഷിക്കുന്നുണ്ട്.

ഇ.വി.എമ്മിനെ കുറിച്ചുള്ള പ്രചാരണങ്ങൾ സാധാരണക്കാർക്കിടയിൽ വലിയ ചർച്ചയാക്കുന്നതിന്റെ പിന്നിലുള്ള ബുദ്ധികേന്ദ്രം ബി.ജെ.പി തന്നെയാണെന്നും ചിലർ നിരീക്ഷിക്കുന്നുണ്ട്. രാജ്യം അഭിമുഖീകരിക്കുന്ന വലിയ പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടാതെ കാര്യമായ നടപടികളൊന്നും പ്രതീക്ഷിക്കാനില്ലാത്ത ഇ.വി.എം പ്രശ്നത്തിലേക്ക് ചർച്ചകളെ ഒതുക്കിനിർത്തുക എന്ന തന്ത്രമാണ് ഇതിനു പിന്നിലെന്നും അവർ പറയുന്നു. ഓരോ മണ്ഡലങ്ങളിലെയും തെരഞ്ഞെടുക്കപ്പെട്ട അഞ്ചു ബൂത്തുകളിൽ വി.വി പാറ്റുകൾ എണ്ണിയപ്പോൾ വ്യത്യാസം കണ്ടെത്തിയതായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുമില്ല. ഓരോ സം

**രാജ്യത്ത് ആദ്യമായി ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം ഉപയോഗിച്ചത് 1982ലെ ഉപതെരഞ്ഞെടുപ്പിൽ കേരളത്തിലായിരുന്നു; എറണാകുളം ജില്ലയിലെ പറവൂർ നിയോജകമണ്ഡലത്തിൽ. സി.പി.ഐ നേതാവ് ശിവൻപിള്ളയും കോൺഗ്രസിലെ എ.സി.ജോസും തമ്മിലായിരുന്നു പറവൂരിലെ പ്രധാന മത്സരം. ശിവൻപിള്ള രണ്ടായിരത്തിൽപരം വോട്ടുകൾക്ക് വിജയിച്ചതോടെ കോൺഗ്രസ് വോട്ടിംഗ് യന്ത്രത്തിനെതിരെ രംഗത്തുവന്നു. വോട്ടിംഗ് യന്ത്രത്തിന്റെ ആധികാരികത ചോദ്യം ചെയ്ത് എ.സി.ജോസ് സുപ്രീം കോടതിയെ സമീപിച്ചു. തെരഞ്ഞെടുപ്പ് റദ്ദാക്കി. പുതിയ രീതി അവലംബിക്കാൻ ഇലക്ഷൻ കമ്മീഷന് അധികാരമില്ലെന്നും പാർലമെന്റാണ് തീരുമാനിക്കേണ്ടതെന്നും സുപ്രീം കോടതി നിരീക്ഷിച്ചു.**



സ്ഥാനത്തെയും സർക്കാരുകൾക്കാണ് അതാത് സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പിന്റെ സുരക്ഷാ ചുമതല. അതുകൊണ്ട് തന്നെ ബി.ജെ.പി ഇതര സർക്കാരുകൾ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ബി.ജെ.പിക്ക് ഭൂരിപക്ഷം ലഭിച്ചത് എങ്ങനെ എന്നതും ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു.

ബി.ജെ.പി ജയിച്ചു എന്നതിനർഥം മതേതരകക്ഷികൾ പരാജയപ്പെട്ടിരിക്കുന്നു എന്നാണ്. ഇത് അംഗീകരിക്കാൻ മതേതര കക്ഷികൾക്ക് സാധിക്കണം. എല്ലാം ഇ.വി.എമ്മിന്റെ തലയിൽ കെട്ടിവെച്ച് രക്ഷപ്പെടാൻ ശ്രമിക്കുന്നത് രാജ്യത്തെ വരും നാളുകളിൽ ബി.ജെ.പിക്ക് തീറെഴുതി കൊടുക്കുന്നതിനു തുല്യമായിരിക്കും. എൻ.ഡി.എക്ക് നേതൃത്വം നൽകുന്ന ബി.ജെ.പി ഒറ്റക്കെട്ടായിരുന്നു. അവർക്കിടയിൽ കാര്യമായ അഭിപ്രായ വ്യത്യാസങ്ങളോ അസ്വസ്ഥതകളോ തർക്കങ്ങളോ കണ്ടില്ല. അവരുടെ മെഷിനറി വളരെ ശക്തമായിരുന്നു. ഹിന്ദി ബെൽറ്റിലെ സാധാരണക്കാരായ ആളുകൾക്ക് മതേതരത്വമോ ഭരണഘടനയോ ഒന്നുമല്ല പ്രശ്നം. അവർക്ക് അതേകുറിച്ചൊന്നും അറിയുകയും വേണ്ട. കേരളത്തിൽ പണിയെടുക്കാൻ വന്ന ഉത്തരേന്ത്യക്കാരോട് സംസാരിച്ചാൽ നമുക്കത് മനസ്സിലാവും. കേരളം പോലെ പ്രബുദ്ധമല്ലാത്ത ഭൂരിപക്ഷം ജനങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങളിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ആരാണ് അവരുമായി ഒട്ടിനിൽക്കുന്നത് എന്നും അവരുടെ ജീവൽ പ്രശ്നങ്ങളിൽ രാഷ്ട്രീയമായി ഇടപെടുന്നത് എന്നതുമാണ് മുഖ്യം. ബി.ജെ.പിയെ സംബന്ധിച്ചിടത്തോളം എല്ലാ മേഖലകളിലും വ്യവസ്ഥാപിതമായ ആശയ പ്രചാരണം നടത്താനുള്ള സംവിധാനങ്ങൾ ആർ.എസ്.എസ് ശക്തമായ പ്രദേശങ്ങളിലുണ്ട്. കേരളത്തിലും ആന്ധ്രയിലും തമിഴ്നാട്ടിലും ബി.ജെ.പിയുടെ തന്ത്രങ്ങൾ വിലപ്പോകാത്തതിന് പ്രധാന കാരണം ജനങ്ങളുടെ പ്രബുദ്ധതയും ബി.ജെ.പിക്ക് കയറിപ്പറ്റാൻ സാധിക്കാത്ത വിധമുള്ള രാഷ്ട്രീയ കക്ഷികളുടെ വിന്യാസവുമാണ്. കേരളത്തിൽ യു.ഡി.എഫ്-എൽ.ഡി.എഫ്, തമിഴ്നാട്ടിൽ ഡി.എം.കെ-അണ്ണാ ഡി.എം.കെ, ആന്ധ്രയിൽ വൈ.എസ്.ആർ-ടി.ഡി.പി എന്നിങ്ങനെയുള്ള ശക്തമായ ഭരണ പ്രതിപക്ഷങ്ങൾ വളരെ സജീവമായി ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്നതുകാരണം ഒരു എൻട്രി കിട്ടാൻ ബി.ജെ.പിക്ക് സാധിക്കുന്നില്ല എന്നതാണ്. ഹിന്ദി ബെൽറ്റിലെ ജനങ്ങൾക്ക് പൊതുവിൽ പരിചയം ഏകകക്ഷി ഭരണമാണ്. വളരെക്കാലം കോൺഗ്രസ്സ് ഭരിച്ച ഈ പ്രദേശങ്ങൾ കോൺഗ്രസ്സിന്റെ കൈകളിൽ നിന്നും നഷ്ടമായത് ജനങ്ങളിൽ നിന്ന് അകന്നത് കൊണ്ടും പരസ്പരമുള്ള കുതികാൽ വെട്ടുകൊണ്ടുമാണ്. ഇപ്പോൾ കോൺഗ്രസ്സിന്റെ സ്ഥാനത്ത് അവർ ബി.ജെ.പിയെ കാണുന്നു. ഒരു സ്ഥായിയായ മുന്നണി സംവിധാനം ഉണ്ടാക്കിയെടുക്കാൻ ഇന്നേവരെ പരസ്പരം പോരടിക്കുന്ന മതേതരകക്ഷികൾക്ക് സാധിച്ചിട്ടില്ല. ഈ പറഞ്ഞത് ബി.ജെ.പിയെ വെള്ള പൂശാൻ വേണ്ടിയാണ് എന്നാരും തെറ്റുധരിക്കേണ്ടതില്ല. ചില യാഥാർഥ്യങ്ങളെ നമ്മുടെ മതേതര പ്രസ്ഥാനങ്ങൾ കാണാതെ പോകരുത്. തെരഞ്ഞെടുപ്പ് വരുമ്പോൾ തട്ടിക്കൂട്ടി ഒരു പ്രകടനപത്രിക ഉണ്ടാക്കുകയും അപ്പോൾ വലിയ വലിയ റോഡ്ഷോകൾ നടത്തുകയും ചെയ്തത് കൊണ്ട് കാര്യമില്ല. പ്രകടനങ്ങളുടെ ആരവങ്ങൾ വോട്ടായി മാറുമെന്നൊന്നും ആരും വിചാരിക്കരുത്.

ഒരു ബി.ജെ.പിയെ നേരിടാൻ നമ്മുടെ രാജ്യത്ത് എത്രയെത്ര മതേതര കക്ഷികളാണുള്ളത്? ഇവർക്കിടയിലെ ഭിന്നതകളല്ലേ യഥാർഥത്തിൽ തെരഞ്ഞെടുപ്പിലെ പരാജയത്തിന് കാരണം? എൻ.ഡി.എക്ക് ഭൂരിപക്ഷം ലഭിക്കില്ലെന്ന് വാർത്തകൾ വന്നപ്പോഴേക്കും മതേതര പാർട്ടികളിൽ നിന്നും പ്രധാനമന്ത്രിയാവാൻ എത്ര പേർ രംഗത്തുവന്നു? ഡൽഹി പോലെയുള്ള സ്ഥലങ്ങളിൽ ഒരുമിച്ച് നിൽക്കുവാൻ സാധിക്കാത്ത മതേതര പാർട്ടികൾ ഫാസിസ്റ്റ് ഭരണത്തെ താങ്ങിനിർത്താൻ വേണ്ടി മത്സരിക്കുകയായിരുന്നില്ലേ ചെയ്തത്? 'ഹിന്ദുത്വം' എന്ന ആർ.എസ്.എസ്സിന്റെ ആശയപ്രചാരണത്തിനെതിരെ മതേതരകക്ഷികൾ എന്ത് ബോധവൽക്കരണമാണ് നടത്തിയത്. മതം വളരെ പെട്ടെന്ന് പൊട്ടിത്തെറിക്കുന്ന ഒരായുധമാണെന്ന് എല്ലാവരെക്കാളും ബി.ജെ.പിക്ക് അറിയാം. ആർ.എസ്.എസ്സിന്റെ ഹിന്ദുത്വ പ്രചാരണത്തെ അതിജയിക്കുന്ന തരത്തിലുള്ള എന്തെങ്കിലും ബോധവൽക്കരണ

പ്രവർത്തനങ്ങൾ കോൺഗ്രസിലും മറ്റു മതേതര പ്രസ്ഥാനങ്ങളിലുമുള്ള ഹൈന്ദവ വിശ്വാസികളിൽ നിന്നും ഉണ്ടായിട്ടുണ്ടോ? മതേതരത്വം കേവലം പ്രസംഗങ്ങളിലും എഴുത്തിലും മാത്രം പോരാ. മറിച്ച് വീടുവീടാന്തരം കയറി ജനങ്ങളിൽ മനുഷ്യസൗഹാർദം വളർത്തിയെടുക്കാനും അന്യമതവിദ്വേഷം ഇല്ലായ്മ ചെയ്യാനുമുള്ള വ്യവസ്ഥാപിതമായ പ്രവർത്തനങ്ങൾ നടത്തേണ്ടതില്ലേ? രാജ്യത്തെ ന്യൂനപക്ഷ മതവിഭാഗങ്ങളിൽ പെട്ടവർക്കല്ലല്ലോ അതിന്റെ ഉത്തരവാദിത്തം. ഹൈന്ദവ മത വിഭാഗങ്ങളിൽ നിന്നും ശക്തരായ പരിഷ്‌കർത്താക്കൾ ഉടലെടുക്കേണ്ടതില്ലേ?

തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പുകളിൽ പോലും ദേശീയ വിഷയങ്ങളെ സജീവമാക്കി നിർത്തി കപടദേശീയത വളർത്തുകയെന്ന തന്ത്രമാണ് ബി.ജെ.പി കഴിഞ്ഞ തെരഞ്ഞെടുപ്പുകളിലെല്ലാം സ്വീകരിച്ചിട്ടുള്ളത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി മിക്ക മാസങ്ങളിലും വ്യത്യസ്ത തെരഞ്ഞെടുപ്പുകൾ നടക്കുന്നുണ്ട്. ഈ തെരഞ്ഞെടുപ്പുകളിലെല്ലാം ഹിന്ദുത്വ പ്രചാരണങ്ങളും ദേശീയ വിഷയങ്ങളും പാക്കിസ്ഥാനും രാജ്യസുരക്ഷയുമൊക്കെ വിഷയങ്ങളാക്കുകയാണ് ബി.ജെ.പി ചെയ്തുകൊണ്ടിരിക്കുന്നത്. ഇക്കഴിഞ്ഞ ഡൽഹി മുനിസിപ്പൽ തെരഞ്ഞെടുപ്പ് ഇതിനു മികച്ച ഒരു ഉദാഹരണമാണ്. പത്തുവർഷമായി ബി.ജെ.പി ഭരിച്ചുകൊണ്ടിരുന്ന ഡൽഹി കോർപ്പറേഷൻ ഭരണത്തെ കുറിച്ച് ജനങ്ങൾക്ക് ഒരഭിപ്രായവും ഉണ്ടായിരുന്നില്ല. അവർ നിരാശരായിരുന്നു. എന്നാൽ തെരഞ്ഞെടുപ്പിൽ അമ്പരപ്പിക്കുന്ന വിജയം ബി.ജെ.പി കൊയ്തെടുത്തു! അതിനവർ ഉപയോഗിച്ച തന്ത്രം കപട ദേശീയതയായിരുന്നു. രാജ്യം വലിയ സുരക്ഷാ ഭീഷണിയിലാണെന്നും ബി.ജെ.പി മാത്രമാണ് ദേശീയ പ്രശ്നങ്ങളിൽ സജീവമായി ഇടപെടുന്നതെന്നുമുള്ള തോന്നൽ ജനങ്ങൾക്കിടയിൽ വളർത്തിയെടുക്കുകയായിരുന്നു അവർ. ഇപ്പോൾ നടന്ന പൊതുതെരഞ്ഞെടുപ്പിലും അത്തരം വിഷയങ്ങൾ തിരുകിക്കയറ്റുന്നതിൽ മോഡിയും ടീമും വിജയിച്ചു. രാമക്ഷേത്രം, ഇന്ത്യയുടെ കയ്യിലുള്ള അണുബോംബിനെ കുറിച്ചുള്ള പ്രസ്താവന, പുൽവാമ തുടങ്ങിയ വിഷയങ്ങൾ ഉയർത്തിക്കാണിച്ചു. കൊലക്കേസിൽ ജാമ്യത്തിലിറങ്ങിയ ആളെ സ്ഥാനാർഥിയാക്കിയതും ബി.ജെ.പിയുടെ സ്വന്തം സ്ഥാനാർഥി ഗോഡ്‌സെയെ രാഷ്ട്രപിതാവെന്നു വിളിച്ചതുമൊക്കെ മനഃപൂർവമായിരുന്നുവെന്നു വേണം കരുതാൻ. എന്തിനേറെ സ്വന്തം തിരുനാവുകൊണ്ട് മോഡി നടത്തിയ 'മേഘപ്രസ്താവന' പോലും വിലക്കയറ്റം, നോട്ടുനിരോധനം, അഴിമതി, ന്യൂനപക്ഷ പീഡനം, പൗരത്വ നിഷേധം തുടങ്ങിയ മുഖ്യവിഷയങ്ങൾ ചർച്ച ചെയ്യപ്പെടാതിരിക്കാൻ നടത്തിയ സമർഥമായ രാഷ്ട്രീയ നീക്കങ്ങളായിരുന്നു.

സാമൂഹിക മാധ്യമങ്ങളെ അതിശക്തമായി ഉപയോഗിച്ചുകൊണ്ട് സ്വന്തം ആശയങ്ങളെ സാധാരണ ജനങ്ങളിലെത്തിക്കാൻ ബി.ജെ.പിക്ക് ശക്തരായ സൈബർ പോരാളികളുണ്ട്. ഇരുപത്തിനാലു മണിക്കൂറും അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതേസമയം ഈ മേഖലയിൽ മതേതര പ്രസ്ഥാനങ്ങളിൽ പെട്ടവർ അത്ര ശക്തമല്ല; സംഘടിതവുമല്ല. ടി.വി ചാനലുകളും ഇതര സോഷ്യൽ മീഡിയകളും ബി.ജെ. പി അനുകൂലമാക്കി നിർത്തുകയും ചെയ്യുന്നു. ഇതിന്റെ പിന്നിൽ വലിയ അഴിമതികളുണ്ടെന്ന കാര്യം എല്ലാവർക്കുമറിയാം. പക്ഷേ, ഇതിനെ പ്രതിരോധിക്കുന്ന കാര്യത്തിൽ എന്തു നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് മതേതര കക്ഷികൾ ആത്മപരിശോധന നടത്തേണ്ടതുണ്ട്.

മറ്റൊരു കാര്യം, ബി.ജെ.പി എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ചെറുതും വലുതുമായ നേതാക്കൾക്ക് തങ്ങളുടെ വാതിലുകൾ തുറന്നിട്ടിരിക്കുന്നു എന്നതാണ്. പാർട്ടിയുടെ പ്രത്യയശാസ്ത്രപരമായ നിലപാടിന് ഇത് എതിരാണെന്ന പരിഹാസം നിലനിൽക്കുന്നുണ്ടെങ്കിലും അവരത് കാര്യമായി എടുക്കുന്നില്ല. ഇതര പാർട്ടികളിൽ നിന്നും ബി.ജെ.പിയിൽ ചേ

**സാമൂഹിക മാധ്യമങ്ങളെ അതിശക്തമായി ഉപയോഗിച്ചുകൊണ്ട് സ്വന്തം ആശയങ്ങളെ സാധാരണ ജനങ്ങളിലെത്തിക്കാൻ ബി.ജെ. പിക്ക് ശക്തരായ സൈബർ പോരാളികളുണ്ട്. ഇരുപത്തിനാലു മണിക്കൂറും അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതേസമയം ഈ മേഖലയിൽ മതേതര പ്രസ്ഥാനങ്ങളിൽ പെട്ടവർ അത്ര ശക്തമല്ല; സംഘടിതവുമല്ല. ടി.വി ചാനലുകളും ഇതര സോഷ്യൽ മീഡിയകളും ബി.ജെ. പി അനുകൂലമാക്കി നിർത്തുകയും ചെയ്യുന്നു. ഇതിന്റെ പിന്നിൽ വലിയ അഴിമതികളുണ്ടെന്ന കാര്യം എല്ലാവർക്കുമറിയാം. പക്ഷേ, ഇതിനെ പ്രതിരോധിക്കുന്ന കാര്യത്തിൽ എന്തു നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് മതേതര കക്ഷികൾ ആത്മപരിശോധന നടത്തേണ്ടതുണ്ട്.**

രുന്നവർ പിന്നീട് പാർട്ടിയുടെ പ്രത്യയശാസ്ത്രപരമായ കാര്യങ്ങളിൽ സ്വാധീനം ചെലുത്തില്ലേ എന്ന ആശങ്ക അവർക്കില്ല. കാരണം പാർട്ടിയുടെ പ്രത്യയശാസ്ത്ര അജണ്ടകൾ രാഷ്ട്രീയ സ്വയം സേവക് സംഘിൽ വളരെ ഭദ്രമാണ്. മതേതര പാർട്ടികളിൽ ചേക്കേറുന്നവർക്ക് വേണ്ട പരിഗണന ലഭിക്കുന്നില്ല എന്ന ആക്ഷേപം നിലനിൽക്കുമ്പോൾ ബി.ജെ.പിയിൽ ചേക്കേറുന്നവർക്ക് പരമാവധി പരിഗണന നൽകാൻ അവർ തയ്യാറാവുന്നു.

രാജ്യത്തുടനീളം ന്യൂനപക്ഷ അടയാളങ്ങളെയും വിശ്വാസങ്ങളെയും ആചാരങ്ങളെയും ചൂണ്ടിക്കാട്ടി അവയെല്ലാം ദേശവിരുദ്ധമാണെന്നു പ്രഖ്യാപിച്ചുകൊണ്ട് കപട ദേശീയത വളർത്തിയെടുക്കുകയാണ് ബി.ജെ.പി ചെയ്തുകൊണ്ടിരിക്കുന്നത്. രാജ്യത്തെ ജനമനസ്സുകളിൽ അത്തരമൊരു ചിന്ത വളർന്നുകഴിഞ്ഞാൽ, ബി.ജെ.പി എന്ന പാർട്ടി ഭരണത്തിൽ നിന്നും പുറത്തുപോയാലും ജനമനസ്സുകളിൽ ബി.ജെ.പി വികസിപ്പിച്ചെടുത്ത ഈ കപട ദേശീയതയും വർഗീയതയും മായാതെ കിടക്കും. ഇതുതന്നെയാണ് ആർ.എസ്.എസ്സും സംഘപരിവാറും ലക്ഷ്യമാക്കുന്നതും. മതേതര കക്ഷികൾക്ക് അധികാരത്തിൽ വരണമെങ്കിൽ ഇതേ കപട ദേശീയതയെ ആയുധമാക്കേണ്ടി വരും എന്ന സൂചനയാണിതെല്ലാം നൽകുന്നത്. അങ്ങനെ വന്നുകഴിഞ്ഞാൽ ഇന്ത്യയിൽ ന്യൂനപക്ഷങ്ങൾക്ക് ജീവിക്കാൻ സാധിക്കാതെ വരികയും ഇന്ത്യ സ്റ്റാലിനിസ്റ്റ് റഷ്യയെക്കാൾ മോശമായ അവസ്ഥയിലേക്ക് കൂപ്പുകുത്തുകയും ചെയ്യും. ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള ഇളക്കിവിടൽ മാത്രമല്ല, രാഷ്ട്രപിതാവിനെ പോലും അപമാനിക്കുന്ന തരത്തിൽ ഗോഡ്സെയെ വാഴ്ത്തൽ, ഭരണഘടനയെ വെല്ലുവിളിക്കൽ തുടങ്ങിയ ചർച്ചകളിലൂടെ ബി.ജെ.പി ഉദ്ദേശിക്കുന്ന ഒരു കാര്യമുണ്ട്. അതായത് ആടിനെ പട്ടിയാക്കുകയെന്ന തന്ത്രം. വിവാദങ്ങളുണ്ടാക്കി കുറെ കഴിയുമ്പോൾ ഗാന്ധിജിയെയും ഭരണഘടനയും തള്ളിപ്പറയുന്നത് പോലും ഒരു വലിയ കാര്യമല്ലാതാവുന്ന അവസ്ഥ സൃഷ്ടിക്കുകയാണ് ഇവരുടെ ലക്ഷ്യം. ഇത് തിരിച്ചറിഞ്ഞുകൊണ്ടുള്ള പ്രതിവിധികളാണ് രാജ്യത്തെ സ്നേഹിക്കുന്ന മതേതര വിശ്വാസികളും ന്യായാധിപന്മാരും മാധ്യമ പ്രവർത്തകരും നിർവഹിക്കേണ്ടത്.

ബഹുസ്വരതയും ബഹുമത ആഭിമുഖ്യവുമൊക്കെ ശക്തമായ രാജ്യമാണ് ഇന്ത്യ. അതുകൊണ്ടുതന്നെ ബി.ജെ.പി വീണ്ടും അധികാരത്തിലേറി എന്നുള്ളതുകൊണ്ട് രാജ്യത്തെ ഒരു ഹിന്ദുരാഷ്ട്രമാക്കാൻ അവർക്ക് സാധിക്കുമെന്ന ആധി വേണ്ടതില്ല. രാജ്യത്തിന്റെ ഭരണഘടന വളരെ ശക്തമാണ്. ജുഡീഷ്യറിയെ വരുതിയിൽ നിർത്താനൊന്നും ഒരു സർക്കാർ വിചാരിച്ചാൽ സാധിക്കുകയുമില്ല. ചില അലോസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചേക്കും. നിയമനിർമാണങ്ങൾക്ക് ശ്രമങ്ങളുണ്ടാകും. എന്നാൽ അത് പൂർണാർഥത്തിൽ വിജയിപ്പിച്ചെടുക്കൽ അത്രയെളുപ്പമല്ല. കേരളം കാണിച്ച ജാഗ്രത മഹനീയമാണ്. രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങൾ നിലനിൽക്കുമ്പോഴും മതേതരത്വം നിലനിൽക്കണമെന്നാഗ്രഹിച്ചുകൊണ്ട് ഒറ്റക്കെട്ടായി നിന്നുകൊണ്ട് ഫാസിസത്തെ കേരളം പ്രതിരോധിച്ചു. വിജയിക്കുമെന്ന് ബി.ജെ.പി ഏറെ പ്രതീക്ഷ പുലർത്തിയിരുന്ന മണ്ഡലത്തിൽ ഒരു ലക്ഷത്തിലേറെ വോട്ടുകൾക്കാണ് പരാജയപ്പെട്ടത്. ഈ പ്രബുദ്ധത രാജ്യത്തിന്റെ മറ്റു പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാനുള്ള നടപടികളാണ് ആവശ്യമായിട്ടുള്ളത്. ജനങ്ങളെ സാക്ഷരരാക്കുകയും വിദ്യാഭ്യാസവും രാഷ്ട്രീയബോധവും മതസൗഹാർദ ചിന്തകളും നൽകി സഹിഷ്ണുതയുടെ മഹനീയ മാതൃകകളാവാൻ അവരെ പഠിപ്പിക്കുകയാണ് വേണ്ടത്. അന്യമതങ്ങളെയോ അന്യരാജ്യങ്ങളെയോ അന്യസംസ്കാരങ്ങളെയോ വെറുക്കുന്നതല്ല യഥാർഥ ദേശീയതയെന്നും, രാജ്യത്തെ സർവ ജനങ്ങളെയും സ്വന്തം സഹോദരങ്ങളെ പോലെ സ്നേഹിക്കുകയും ഉൾക്കൊള്ളുകയും അവർക്ക് നന്മകൾ ചൊരിഞ്ഞുകൊടുക്കുകയും ചെയ്യുന്നതാണ് യഥാർഥ ദേശീയതയുടെ പ്രകടഭാവങ്ങളെന്ന് അവരെ ബോധ്യപ്പെടുത്തുകയുമാണ് വേണ്ടത്. ന്യൂനപക്ഷ മതവിഭാഗങ്ങൾ കുറച്ചുകൂടി അവരുടെ പ്രവർത്തനങ്ങളിൽ ജാഗ്രത കാണിക്കേണ്ടതുണ്ട്. മതവിശ്വാസവും പ്രബോധനവുമെല്ലാം ഭരണഘടനാപരമായ അവകാശമാണെന്നൊക്കെ ശക്തമായി വാദിക്കുമ്പോഴും രാജ്യത്ത് മതസൗഹാർദത്തിന് കോട്ടം തട്ടാത്ത വിധം പ്രവർത്തനങ്ങളെ ഏകീകരിക്കാനുള്ള പ്രായോഗികബുദ്ധി കാണിക്കേണ്ടതുണ്ട്. ന്യൂനപക്ഷങ്ങൾക്ക് വേണ്ടി നിയമനിർമാണ സഭകളിൽ ശക്തമായി വാദിക്കുന്ന ഭൂരിപക്ഷ സമുദായംഗങ്ങൾ ധാരാളമുണ്ട്. അവരുടെകൂടി പിന്തുണയും സംരക്ഷണവും നഷ്ടപ്പെടുത്തുന്ന വിധത്തിലായിരിക്കരുത് ന്യൂനപക്ഷങ്ങളുടെ നയപരിപാടികൾ. സർവശക്തൻ നമ്മുടെ രാജ്യത്തെ ഫാസിസ്റ്റുകളിൽ നിന്നും സംരക്ഷിക്കുകയും രാജ്യത്ത് സമാധാനവും ശാന്തിയും നിലനിർത്തി അനുഗ്രഹിക്കുകയും ചെയ്യട്ടെയെന്ന് നമുക്ക് പ്രാർഥിക്കാം. ●

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 77, ഭാഗം: 3

# മുർസലാത്ത് (അയക്കപ്പെടുന്നവ)

മക്കയിൽ അവതരിച്ചത്

35. അവർ മിണ്ടാത്തതായ ദിവസമാകുന്നു ഇത്.
36. അവർക്ക് ഒഴികഴിവു ബോധിപ്പിക്കാൻ അനുവാദം നൽകപ്പെടുകയുമില്ല.
37. അന്നേദിവസം നിഷേധിച്ചു തള്ളിയവർക്കാകുന്നു നാശം
38. (അന്ന് അവരോട് പറയപ്പെടും:) തീരുമാനത്തിന്റെ ദിവസമാണിത്. നിങ്ങളെയും പൂർവികന്മാരെയും നാം ഇതാ ഒരുമിച്ചുകൂട്ടിയിരിക്കുന്നു.
39. ഇനി നിങ്ങൾക്ക് വല്ല തന്ത്രവും പ്രയോഗിക്കാനുണ്ടെങ്കിൽ ആ തന്ത്രം പ്രയോഗിച്ചു കൊള്ളുക.
40. അന്നേദിവസം നിഷേധിച്ചു തള്ളിയവർക്കാകുന്നു നാശം
41. തീർച്ചയായും സൂക്ഷ്മത പാലിച്ചവർ (സ്വർഗത്തിൽ) തണലുകളിലും അരുവികൾക്കിടയിലുമാകുന്നു.
42. അവർ ഇഷ്ടപ്പെടുന്ന തരത്തിലുള്ള പഴവർഗങ്ങൾക്കിടയിലും.
43. (അവരോട് പറയപ്പെടും:) നിങ്ങൾ പ്രവർത്തിച്ചിരുന്നതിന്റെ ഫലമായി ആഹ്ലാദത്തോടെ നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക.
44. തീർച്ചയായും നാം അപ്രകാരമാകുന്നു സദ്വൃത്തർക്ക് പ്രതിഫലം നൽകുന്നത്.
45. അന്നേദിവസം നിഷേധിച്ചു തള്ളിയവർക്കാകുന്നു നാശം
46. (അവരോട് പറയപ്പെടും:) നിങ്ങൾ അൽപം തിന്നുകയും സുഖമനുഭവിക്കുകയും ചെയ്തു കൊള്ളുക. തീർച്ചയായും നിങ്ങൾ കുറ്റവാളികളാകുന്നു.
47. അന്നേദിവസം നിഷേധിച്ചു തള്ളിയവർക്കാകുന്നു നാശം
48. അവരോട് കുമ്പിടൂ എന്ന് പറയപ്പെട്ടാൽ അവർ കുമ്പിടുകയില്ല.
49. അന്നേദിവസം നിഷേധിച്ചു തള്ളിയവർക്കാകുന്നു നാശം
50. ഇനി ഇതിന് (ക്വുർആനിന്) ശേഷം ഏതൊരു വർത്തമാനത്തിലാണ് അവർ വിശ്വസിക്കുന്നത്?

هَٰذَا يَوْمُ لَا يَنطِقُونَ ﴿٣٥﴾ وَلَا يُؤْذَنُ لَهُمْ
فَيَعْتَذِرُونَ ﴿٣٦﴾ وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٣٧﴾
هَٰذَا يَوْمُ الْفَصْلِ ۖ جَمَعْنَاكُمْ وَالْأَوَّلِينَ ﴿٣٨﴾ فَإِن
كَانَ لَكُمْ كَيْدٌ فَكِيدُونِ ﴿٣٩﴾ وَيْلٌ يَوْمَئِذٍ
لِّلْمُكَذِّبِينَ ﴿٤٠﴾ إِنَّ الْمُتَّقِينَ فِي ظِلَالٍ وَعُيُونٍ
﴿٤١﴾ وَفَوَاكِهَ مِمَّا يَشْتَهُونَ ﴿٤٢﴾ كُلُوا وَاشْرَبُوا
هَنِيئًا بِمَا كُنتُمْ تَعْمَلُونَ ﴿٤٣﴾ إِنَّا كَذَٰلِكَ
نَجْزِي الْمُحْسِنِينَ ﴿٤٤﴾ وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ
﴿٤٥﴾ كُلُوا وَتَمَتَّعُوا قَلِيلًا إِنَّكُم مُّجْرِمُونَ ﴿٤٦﴾
وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٤٧﴾ وَإِذَا قِيلَ لَهُمُ
ارْكَعُوا لَا يَرْكَعُونَ ﴿٤٨﴾ وَيْلٌ يَوْمَئِذٍ
لِّلْمُكَذِّبِينَ ﴿٤٩﴾ فَبِأَيِّ حَدِيثٍ بَعْدَهُ
يُؤْمِنُونَ ﴿٥٠﴾

35). സത്യനിഷേധികൾക്ക് ഈ വമ്പിച്ച ദിനം അതികഠിനമായിരിക്കും. ശക്തമായ ഭയത്താലും ഭീതിയാലും അവർ സംസാരിക്കുകയില്ല.

36). (അവർക്ക് ഒഴികഴിവ് ബോധിപ്പിക്കാൻ അനുവാദം നൽകപ്പെടുകയുമില്ല) അതായത് അവരുടെ ഒഴികഴിവ് സ്വീകരിക്കപ്പെടുകയില്ല. എത്ര തന്നെ ഒഴികഴിവ് ബോധിപ്പിച്ചാലും.

"എന്നാൽ അക്രമം പ്രവർത്തിച്ചവർക്ക് അന്നത്തെ ദിവസം അവരുടെ ഒഴികഴിവ് പ്രയോജനപ്പെടുകയില്ല. അവർ പശ്ചാത്തപിക്കാൻ അനുശാസിക്കപ്പെടുന്നതുമല്ല." (30:57)

38). തീരുമാനത്തിന്റെ ദിവസമാണിത്. നിങ്ങളെയും പൂർവികന്മാരെയും നാം ഇതാ ഒരുമിച്ച് കൂട്ടിയിരിക്കുന്നു) നിങ്ങൾക്കിടയിൽ തീർപ്പ് കൽപിക്കാൻ സൃഷ്ടികൾക്കിടയിൽ വിധി പറയാൻ.

(39-40). (ഇനി നിങ്ങൾക്ക് വല്ല തന്ത്രവും പ്രയോഗിക്കാനുണ്ടെങ്കിൽ) എന്റെ ആധിപത്യത്തിൽ നിന്ന് പുറത്തുകടക്കാനോ എന്റ ശിക്ഷയിൽ നിന്ന് രക്ഷപ്പെടാനോ നിങ്ങൾക്ക് കഴിയുമെങ്കിൽ (ആ തന്ത്രം പ്രയോഗിച്ചു കൊള്ളുക). നിങ്ങൾക്ക് അധികാരമോ കഴിവോ ഇല്ലെന്നർഥം.

"ജിന്നുകളുടെയും മനുഷ്യരുടെയും സമൂഹമേ, ആകാശങ്ങളുടെയും ഭൂമിയുടെയും മേഖലകളിൽ നിന്ന് പുറത്ത് കടന്നുപോകാൻ നിങ്ങൾക്ക് സാധിക്കുന്ന പക്ഷം നിങ്ങൾ കടന്നുപോയിക്കൊള്ളുക. ഒരു അധികാരം ലഭിച്ചിട്ടല്ലാതെ നിങ്ങൾ കടന്നുപോകുകയില്ല"(55:33).

ആ ദിനം അക്രമികളുടെ സൂത്രങ്ങൾ നിഷ്ഫലമാകും. തന്ത്രങ്ങളും സൂത്രങ്ങളും പാഴായിപ്പോകും. അല്ലാഹുവിന്റെ ശിക്ഷക്ക് അവർ കീഴ്പ്പെടും. അവരുടെ കളവും കളവാക്കലും അവർക്ക് ബോധ്യമാകും. (അന്നേദിവസം നിഷേധിച്ചു തള്ളിയവർക്കാകുന്നു നാശം).

41). നിഷേധികളുടെ ശിക്ഷയെക്കുറിച്ച് പറഞ്ഞപ്പോൾ തന്നെ നന്മ ചെയ്യുന്നവരുടെ പ്രതിഫലത്തെക്കുറിച്ച് പറഞ്ഞു. (തീർച്ചയായും സൂക്ഷ്മത പാലിക്കുന്നവർ) കളവാക്കുന്നതിൽ നിന്നും സൂക്ഷ്മത പാലിച്ചവർ. സത്യപ്പെടുത്തിയവർ. വാക്കിലും പ്രവൃത്തിയിലുമെല്ലാം അവരുടെ അവസ്ഥ നേരത്തെ പറഞ്ഞവരുടേതല്ല. അവർ ബാധ്യതകൾ നിറവേറ്റുകയും നിഷിദ്ധങ്ങളുപേക്ഷിക്കുകയും ചെയ്തു.

(തണലുകളിലും) വൈവിധ്യമാർന്ന ധാരാളം വൃക്ഷങ്ങളുടെയും മനോഹരമായ പുഷ്പങ്ങളുടെയും. (അരുവികൾക്കിടയിലും) മദ്യവും സൽസബീലും മറ്റും ഒഴുകുന്ന.

42-43). (അവർ ഇഷ്ടപ്പെടുന്ന തരത്തിലുള്ള പഴവർഗങ്ങൾക്കിടയിലും) പഴങ്ങളിൽ ഏറ്റവും ഉത്തമവും വിശിഷ്ടവുമായത്. അവരോട് പറയും: (നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക) കൊതിപ്പിക്കുന്ന ഭക്ഷണങ്ങളിൽ നിന്ന്, രുചികരമായ പാനീയങ്ങളിൽ നിന്ന്. (ആഹ്ലാദത്തോടെ) അപൂർണതയോ കലക്കോ ഇല്ലാത്ത സന്തോഷമുണ്ടാകുന്നത്. ഭക്ഷണപാനീയങ്ങൾ സുരക്ഷിതമാകുമ്പോഴും എല്ലാ ന്യൂനതകളിൽ നിന്നും അപകടങ്ങളിൽ നിന്നും സുരക്ഷിതമാകുമ്പോഴുമാണ്. നിന്നുപോകാത്തതും നീങ്ങിപ്പോകാത്തതു കൂടിയാണതെന്ന് അവർക്കുറപ്പുണ്ടാവുകയും വേണം. (നിങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമായി) നിത്യസുഖത്തിന്റെ സ്വർഗത്തിലേക്ക് നിങ്ങളെ എത്തിക്കുന്ന കാരണമാണിത്. അതായത്, നിങ്ങളുടെ പ്രവർത്തനങ്ങൾ.

അല്ലാഹുവിനുള്ള ആരാധന നന്നായി നിർവഹിച്ചവർക്കും അല്ലാഹുവിന്റെ അടിമകൾക്ക് നന്മ ചെയ്തവർക്കുമെല്ലാം ഇതു തന്നെയാണ് ലഭിക്കുക.

44-45). (തീർച്ചയായും നാം അപ്രകാരമാകുന്നു സദ്വൃത്തർക്ക് പ്രതിഫലം നൽകുന്നത്. അന്നേ ദിവസം നിഷേധിച്ചു തള്ളിയവർക്കാകുന്നു നാശം). ഈ നാശമെന്നത് ഈ അനുഗ്രഹം നഷ്ടപ്പെടുക എന്നതു മാത്രമാണെങ്കിലും അതു മതി ദുഃഖത്തിനും ദുരിതത്തിനും.

46). ഇതും നിഷേധികൾക്കുള്ള താക്കീതും ഭീഷണിയുമാണ്. കാരണം ഇഹലോകത്ത് അവർ തിന്നുകയും കുടിക്കുകയും ആസ്വാദനങ്ങളിൽ സുഖിക്കുകയും ചെയ്തു. മതകാര്യങ്ങളിൽ അശ്രദ്ധരായി. അവരും കുറ്റവാളികൾ തന്നെ. കുറ്റവാളികൾക്ക് അർഹമായത് അവർക്കും അർഹമായതു തന്നെ. അവരുടെ ആസ്വാദനങ്ങൾ അവസാനിക്കും. ചെയ്തതിന്റെ അനന്തര ഫലങ്ങൾ അവരുടെ മേൽ ശേഷിക്കുകയും ചെയ്യും.

48). അവരുടെ കുറ്റങ്ങളിൽ പെട്ടതാണ് ശ്രേഷ്ഠമായ ആരാധനയായ നമസ്കാരത്തിന് കൽപിക്കപ്പെട്ടാൽ (കുമ്പിടൂ) അതിന് അവർ വിസമ്മതിക്കുക എന്നത്. ഇതിലും വലിയ കുറ്റമെന്താണ്? ഇതിനപ്പുറം നിഷേധമെന്താണ്?

49). (അന്നേദിവസം നിഷേധിച്ചു തള്ളിയവർക്കാണ് നാശം) അവർക്കുള്ള നാശത്തിൽ പെട്ടതാണ് സഹായത്തിന്റെ കവാടങ്ങൾ അടക്കപ്പെടുക, എല്ലാ നന്മയും വിലക്കപ്പെടുക എന്നത്. കാരണം സത്യത്തിന്റെയും ദൃഢതയുടെയും ഉന്നത സ്ഥാനത്തുള്ള ഈ ക്വുർആനിനെ അവർ നിഷേധിച്ചു.

50). (ഇനി ഇതിനു (ക്വുർആനിന്) ശേഷം ഏതൊരു വർത്തമാനത്തിലാണ് അവർ വിശ്വസിക്കുന്നത്?) തെളിവ് പോലും ആവശ്യമില്ലാത്ത വിധം യാതൊരു സംശയത്തിനും ഇടമില്ലാത്തതാണ് ക്വുർആൻ. അതിന്റെ (ക്വുർആനിന്റെ) പോലെ പേരുള്ള അസത്യങ്ങളെയാണോ അവർ വിശ്വസിക്കുന്നത്.

വ്യക്തമായ വെളിച്ചത്തിനപ്പുറം കൂരിരുട്ടുകളല്ലാതെ ഇല്ല. ഖണ്ഡിതമായ തെളിവുകളാൽ സ്ഥാപിക്കപ്പെട്ട സത്യത്തിനപ്പുറം വ്യക്തമായി കെട്ടിച്ചമച്ചതും കളവുകൾ അംഗീകരിക്കുന്നവർക്കു മാത്രം സ്വീകരിക്കാവുന്ന കളവുമല്ലാതെ മറ്റൊന്നില്ല. അവർക്ക് നാശം അവരത്രെ അന്ധർ. അവർക്ക് നാശം. അവരത്രെ നഷ്ടക്കാർ. ദൗർഭാഗ്യവാന്മാർ.

അല്ലാഹു നമുക്ക് സൗഖ്യവും വിട്ടുവീഴ്ചയും നൽകട്ടെ. അവൻ അങ്ങേയറ്റത്തെ ഔദാര്യവാനാണ്. ●

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com





# ഫിത്വ്ർ സകാത്തും അജ്മലിന്റെ സംശയങ്ങളും

നോമ്പിന്റെ മാസം കഴിയാൻ ഇനി ഏതാനും ദിവസം മാത്രമെ ബാക്കിയുള്ളൂ. അജ്മൽ ഒരു നോമ്പും ഒഴിവാക്കിയിട്ടില്ല. അതിൽ അവന് വളരെയധികം സന്തോഷമുണ്ട്. അവന്റെ കൂട്ടുകാരിൽ പലരും ചില ദിവസങ്ങളിൽ ദാഹമെന്നും ക്ഷീണമെന്നും പറഞ്ഞ് നോമ്പ് ഒഴിവാക്കിയിട്ടുണ്ട്. സ്കൂളിൽ വന്നാൽ വെള്ളം കുടിക്കുകയും മിഠായി വാങ്ങി തിന്നുകയും വീട്ടിലെത്തിയാൽ നോമ്പാണെന്ന് പറയുകയും ചെയ്യുന്ന സൂത്രക്കാരായ കുട്ടികളും അജ്മലിന്റെ ക്ലാസിലുണ്ട്. എന്നാൽ അജ്മൽ അങ്ങനെയല്ല. റയ്യാൻ എന്ന കവാടത്തിലൂടെ നോമ്പുകാർ സ്വർഗത്തിൽ പ്രവേശിക്കുമെന്ന് കേട്ടത് മുതൽ അവൻ ആ ഭാഗ്യം ലഭിക്കുവാൻ ആശിക്കുകയാണ്. മുഴുവൻ നോമ്പും നോറ്റാൽ ഒരു സമ്മാനം തരാമെന്ന് അവന്റെ ഉപ്പ വാക്ക് കൊടുത്തിട്ടുണ്ട്. അതും നേടിയടുക്കാൻ അവൻ ആഗ്രഹിക്കുന്നു.

'ടിം ടിം...' കോളിംഗ് ബെൽ മുഴങ്ങി.

അജ്മലിന്റെ ഉപ്പ കതക് തുറന്നു. കൂടെ അജ്മലും ചെന്നു.

'അസ്സലാമു അലൈക്കും'- വന്നവരിൽ ഒരാൾ സലാം പറഞ്ഞു. അജ്മലും ഉപ്പയും സലാം മടക്കി. വന്നവർ പള്ളിക്കമ്മിറ്റിക്കാരാണ്. ഉപ്പ അവരെ സ്വീകരിച്ചിരുത്തി.

'ഇത്തവണയും സകാത്തിന്റെയും ഫിത്വ്ർ സകാത്തിന്റെയും ശേഖരണവും വിതരണവും നമ്മൾ നടത്തുന്ന വിവരം അറിയാമല്ലോ. കുറെ വീട്ടുകാർ തുക എത്തിച്ചുതന്നിട്ടുണ്ട്'- ആഗതരിൽ ഒരാൾ പറഞ്ഞു.

'ഞാൻ ഇന്ന് എത്തിക്കാമെന്ന് കരുതിയതാണ്. ഏതായാലും നിങ്ങൾ വന്നത് നന്നായി' എന്ന് പറഞ്ഞുകൊണ്ട് ഉപ്പ അകത്ത് പോയി കാശെടുത്ത് വന്നു. സകാത്തിന്റെയും ഫിത്വ്ർ സകാത്തിന്റെയും കാശ് വേറെ വേറെ കണക്കു പറഞ്ഞ് കൊടുത്തു. വന്നവർ സലാം പറഞ്ഞ് യാത്രയായി.

'ഉപ്പാ, സകാത്തും ഫിത്വ്ർ സകാത്തും എന്ന് പറഞ്ഞല്ലോ. അത് രണ്ടും തമ്മിലെന്താണ് വ്യത്യാസം?'– അജ്മൽ ചോദിച്ചു.

'മിടുക്കൻ! നീ എല്ലാം ശ്രദ്ധിച്ചിരിക്കുകയായിരുന്നു അല്ലേ? സകാത്ത് ഇസ്‌ലാം നിശ്ചയിച്ച സാമ്പത്തിക ശേഷിയുള്ളവർ മാത്രം കൊടുക്കേണ്ട നിർബന്ധ ദാനമാണ്...' ഉപ്പ പറഞ്ഞു.

'സകാത്ത് ഇസ്‌ലാം കാര്യങ്ങളിൽ മൂന്നാമത്തേതാണെന്ന് മദ്‌റസയിൽ നിന്ന് പഠിച്ചിട്ടുണ്ട്. കാശിനും സ്വർണത്തിനും കൃഷിക്കുമെല്ലാം സകാത്ത് കൊടുക്കണം അല്ലേ?'–അജ്മൽ ഇടയിൽ കയറി പറഞ്ഞു.

'അതെ, മോനേ...'

'ഫിത്വ്ർ സകാത്തിനെക്കുറിച്ച് പറഞ്ഞുതരാമോ ഉപ്പാ?'

'മോനേ, റമദാനിലെ നോമ്പിന്റെ പര്യവസാനത്തോടെ നൽകേണ്ടതാണ് ഫിത്വ്ർ സകാത്ത്. സകാത്ത് അതിനു നിർദേശിക്കപ്പെട്ട പരിധിയെത്തിവർക്ക് മാത്രമാണ് നിർബന്ധമെങ്കിൽ സമ്പന്നർ മാത്രമല്ല സാധാരണക്കാരും നൽകേണ്ടതുണ്ട് എന്നതാണ് ഫിത്വ്ർ സകാത്തിന്റെ പ്രത്യേകത.'

'എല്ലാ പാവപ്പട്ടവരും കൊടുക്കണമോ?'

'പെരുന്നാൾ ദിനത്തിലും അതിന്റെ രാത്രിയിലും തനിക്കും താൻ നിർബന്ധമായും ചെലവു വഹിക്കേണ്ടവരുമായവർക്കുമുള്ള ഭക്ഷണത്തിനുള്ള വക നീക്കിവെച്ച ശേഷം മിച്ചമുള്ള എല്ലാവരും അത് നൽകേണ്ടതാണ്. വീട്ടിലുള്ള എല്ലാവർക്കും വേണ്ടി കൊടുക്കേണ്ടതുണ്ട്.'

'ചെറിയ കുട്ടികൾക്കും...?'

'അതെ, അടിമയെന്നോ സ്വതന്ത്രനെന്നോ ചെറിയവരെന്നോ പ്രായമുള്ളവരെന്നോ വ്യത്യാസമില്ലാതെ ഓരോ വിശ്വാസിക്കും ഫിത്വ്ർ സകാത്ത് നൽകണമെന്ന് നബിﷺ കൽപിച്ചിട്ടുണ്ട്.'

'എന്തിനാണ് ഫിത്വ്ർ സകാത്ത് കൊടുക്കുന്നത്?'

'നോമ്പുകാരന് തന്റെ നോമ്പിൽ വന്ന തെറ്റുകൾക്ക് പരിഹാരമായും ദരിദ്രർക്ക് ഭക്ഷണമായിട്ടുമാണ് ഫിത്വ്ർ സകാത്ത് നിർബന്ധമാക്കിയിട്ടുള്ളത് എന്നാണ് നബിﷺ പറഞ്ഞിരിക്കുന്നത്.'

'സകാത്ത് കൊടുക്കുന്ന പോലെ ഫിത്വ്ർ സകാത്തും കാശായിട്ടാണോ കൊടുക്കേണ്ടത്? പള്ളിക്കമ്മിറ്റിക്കാർക്ക് ഉപ്പ കാശാണല്ലോ കൊടുത്തത്!'

'മോനേ, ഫിത്വ്ർ സകാത്ത് പണമായിട്ടല്ല കൊടുക്കേണ്ടത്. അതാത് നാട്ടിലെ പ്രധാനഭക്ഷ്യ വസ്തു എന്താണോ അതാണ് കൊടുക്കേണ്ടത്. കമ്മിറ്റിക്കാരെ ഏൽപിച്ചത് കാശാണങ്കിലും അവർ അതിന് അരി വാങ്ങി അത് പാവപ്പെട്ടവർക്ക് എത്തിക്കുകയാണ് ചെയ്യുക.'

'അരിയാണെങ്കിൽ എത്ര കിലോയാണ് കൊടുക്കേണ്ടത് ഉപ്പാ?'

'ഒരാൾക്ക് ഒരു സ്വാഅ് വീതം. നബിﷺയുടെ കാലത്തുണ്ടായിരുന്ന ഒരു അളവാണ് സ്വാഅ് എന്നത്. അത് ഇന്നത്തെ നമ്മുടെ അളവിൽ രണ്ട് കിലോയിൽ അധികം വരും. സൂക്ഷ്മതയ്ക്കു വേണ്ടി രണ്ടര കിലോ വീതമാണ് നമ്മുടെ നാട്ടിൽ കൊടുത്തുവരുന്നത്.'

'ഇത് എപ്പോഴാണ് കൊടുക്കേണ്ടത്? നോമ്പ് തുടങ്ങിയത് മുതൽ കൊടുക്കാമോ ഉപ്പാ?'

'ജനങ്ങൾ പെരുന്നാൾ നമസ്‌കാരത്തിനു പുറപ്പെടുന്നതിനു മുമ്പായി ഫിത്വ്ർ സകാത്ത് കൊടുക്കുവാനാണ് നബിﷺയുടെ കൽപന. പെരുന്നാളിന്റെ ഒന്നോ രണ്ടോ ദിവസം മുമ്പ് തന്നെ നൽകുന്നതും അനുവദനീയമാണ്.'

'ശുക്‌റൻ ഉപ്പാ. ഇപ്പോൾ സംശയമെല്ലാം തീർന്നു. ഇനി വേറെ ഒരു സംശയം...'

'അതെന്താണ്?'

'ഉപ്പ എനിക്ക് ഒരു സമ്മാനം തരാമെന്ന് പറഞ്ഞിട്ടില്ലേ? നോമ്പ് കഴിയാറായല്ലോ. എന്താണ് ആ സമ്മാനം?'

'ഓ, അത് ശരി. എന്താണ് വേണ്ടതെന്ന് നീ പറ.'

'ഞാൻ പറഞ്ഞതെന്തും വാങ്ങിത്തരുമോ?'

'തീർച്ചയായും. എനിക്ക് സാധിക്കാത്ത ഒന്നും വാങ്ങിത്തരാൻ മോൻ പറയില്ല എന്ന് ഉപ്പാക്ക് അറിയാം. പറഞ്ഞോളൂ.'

'ഈ പെരുന്നാളിന് എനിക്ക് പുതുവസ്ത്രം വാങ്ങിത്തരില്ലേ?'

'തരുമല്ലോ. നാളെത്തന്നെ വാങ്ങാം.അത് സമ്മാനത്തിൽ കൂട്ടേണ്ട."

'എങ്കിൽ... ഞാൻ പറയട്ടെ?'

'പറ മോനേ...'

'എനിക്ക് വസ്ത്രം വാങ്ങുമ്പോൾ ഒരു കൂട്ടം അധികം വാങ്ങണം. എന്റെ ക്ലാസ്സിൽ പഠിക്കുന്ന ഫൈസലിന് കൊടുക്കാനാ. അവർ പാവങ്ങളാണ് ഉപ്പാ. പെരുന്നാളിന് പോലും കീറിയ വസ്ത്രം ധരിക്കുന്ന കുട്ടിയാണ് അവൻ.'

ഇത് കേട്ടപ്പോൾ ഉപ്പ അജ്മലിനെ ചേർത്ത് പിടിച്ച് നെറ്റിയിൽ ഉമ്മവെച്ചുകൊണ്ട് പറഞ്ഞു:

'എന്റെ മോൻ നല്ല കുട്ടിയാ. മറ്റുള്ളവരുടെ പ്രയാസങ്ങൾ കണ്ടറിഞ്ഞ് സഹായിക്കാനുള്ള മനസ്സ് എന്നും മോന് ഉണ്ടാകണം'–ഇത് പറയുമ്പോൾ ആ ഉപ്പയുടെ കണ്ണുകളിൽ ആനന്ദത്തിന്റെ കണ്ണുനീർ തുള്ളികൾ നിറഞ്ഞിരുന്നു.

അബൂബക്കർ സലഫി
mail@nerpatham.com

ലേഖനം



# ഇസ്‌ലാമിന്റെ സൗന്ദര്യം

മതത്തെയും മതനിയമങ്ങളെയും എതിർക്കുകയും പരിഹസിക്കുകയും ചെയ്യൽ ചില മുസ്‌ലിം നാമധാരികൾക്ക് ഇന്ന് ഒരു ഹോബിയാണ്. പൊതുസമൂഹത്തിൽ അംഗീകാരവും ആദരവും കിട്ടാൻ അതൊരു മാർഗമാണെന്നും അവർ കരുതുന്നു. ഇങ്ങനെ ചെയ്യുന്നവർ വാസ്തവത്തിൽ ചെയ്യുന്നത് അല്ലാഹുവിനെ എതിർക്കുകയും പരിഹസിക്കുകയുമാണ്.

മനുഷ്യർ പരസ്പരം കൊച്ചാക്കുന്നതും പരിഹസിക്കുന്നതും പോലും ശക്തമായ ഭാഷയിൽ ഇസ്‌ലാം എതിർത്തിട്ടുണ്ട്. അപ്പോൾ സ്രഷ്ടാവിനെ പരിഹസിച്ചാൽ എന്തായിരിക്കും അവസ്ഥ!

“സത്യവിശ്വാസികളേ, ഒരു ജനവിഭാഗം മറ്റൊരു ജനവിഭാഗത്തെ പരിഹസിക്കരുത്. ഇവർ (പരിഹസിക്കുന്നവർ) അവരെക്കാൾ നല്ലവരായിരിക്കാം. ഒരു വിഭാഗം സ്ത്രീകൾ മറ്റൊരു വിഭാഗം സ്ത്രീകളെയും പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്ന സ്ത്രീകൾ) മറ്റവരെക്കാൾ നല്ലവരായേക്കാം. നിങ്ങൾ അന്യോന്യം കുത്തുവാക്ക് പറയരുത്. നിങ്ങൾ പരിഹാസപ്പേരുകൾ വിളിച്ച് പരസ്പരം അപമാനിക്കുകയും ചെയ്യരുത്. സത്യവിശ്വാസം കൈക്കൊണ്ടതിനു ശേഷം അധാർമികമായ പേര് വിളിക്കുന്നത് എത്ര ചീത്ത. അത്തരക്കാർ തന്നെയാകുന്നു അക്രമികൾ” (ഹുജുറാത് 11).

ആഇശ്ﷺ നബിﷺയോട് സ്വഫിയ്യﷺയെപ്പറ്റി 'കുറിയവൾ' എന്ന് പരിഹാസച്ചുവയോടെ പറഞ്ഞപ്പോൾ നബിﷺ പറഞ്ഞു: 'ആഇശാ! നീ പറഞ്ഞ വാക്ക് കടലിൽ കലക്കിയാൽ അതിന്റെ നിറവും വാസനയും മാറുമായിരുന്നു.'

**മതവിധികളുടെ മഹത്വം**

വിശുദ്ധ ക്വുർആനിലും തിരുസുന്നത്തിലുമാണ് മതവിധികൾ ഉള്ളത്. മാനവർക്ക് അല്ലാഹു നൽകിയ ഏറ്റവും വലിയ അനുഗ്രഹമാണ് പരിശുദ്ധ ക്വുർആനും അതിന്റെ വ്യാഖ്യാനമായ സുന്നത്തും. നബിﷺ പറഞ്ഞു: "അല്ലാഹുവിന്റെ ഗ്രന്ഥം ആകാശത്തുനിന്ന് ഭൂമിയിലേക്ക് നീട്ടിയിടപ്പെട്ട പാശമാകുന്നു" (സ്വഹീഹുൽ ജാമിഅ് 4473).

മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെ കാണാം: "തീർച്ചയായും ഈ ക്വുർആൻ; അതിന്റെ ഒരറ്റം അല്ലാഹുവിന്റെ കയ്യിലും ഒരറ്റം നിങ്ങളുടെ കൈകളിലുമാണ്. അതിനാൽ അത് മുറുകെ പിടിക്കുക. എന്നാൽ നിങ്ങൾ ഒരിക്കലും വഴിപിഴക്കുകയില്ല, നശിക്കുകയില്ല" (സിൽസിലതുസ്സ്വഹീഹ: 1420).

**ഇസ്‌ലാമിന്റെ സൗന്ദര്യം**

ഇസ്‌ലാം പഠിപ്പിക്കുന്ന ഏകദൈവ സിദ്ധാന്തവും നീതിയിലും അക്രമരാഹിത്യത്തിലും സമാധാനത്തിലും അധിഷ്ഠിതമായ സാമൂഹ്യക്രമവും ആരാധനകൾ, വിധിവിലക്കുകൾ, ശിക്ഷാനിയമങ്ങൾ തുടങ്ങിയ കാര്യങ്ങളും മനുഷ്യർക്ക് നൽകുന്ന നിർഭയത്വവും സമാധാനവും അനിർവചനീയമാണ്.

ഇമാം ബുഖാരിﷺ തന്റെ സ്വഹീഹിൽ ഒരു കറുത്ത സ്ത്രീയുടെ കഥപറയുന്നുണ്ട്. അവർ മദീനയിലെ പള്ളിയുടെ ഒരു അരികിൽ മറച്ചുകെട്ടി അതിലാണ് താമസിച്ചിരുന്നത്. എപ്പോഴും ആഇശﷺയുടെ അടുത്ത് ചെന്ന് സംസാരിച്ചിരിക്കുന്ന അവർ എഴുന്നേറ്റ് പോകുമ്പോൾ രണ്ട് വരി കവിത പാടുമായിരുന്നു. അതിന്റെ ആശയം ഇതാണ്:

"അരപ്പട്ട (വിശാഹ്) നമ്മുടെ റബ്ബിന്റെ അത്ഭുതങ്ങളിൽ പെട്ടതാണ്. അറിയുക അതാണ് അവിശ്വാസത്തിന്റെ നാട്ടിൽ നിന്ന് എന്നെ രക്ഷപ്പെടുത്തിയത്."

ഒരിക്കൽ മഹതി ആഇശﷺ അവരോട് ചോദിച്ചു: "നിങ്ങൾ എഴുന്നേറ്റ് പോകുമ്പോൾ സ്ഥിരമായി ഈ രണ്ടു വരി കവിത ആലപിക്കുന്നത് എന്തിനാണ്? എന്താണ് അതിന്റെ ഉദ്ദേശ്യം?"

അവർ പറഞ്ഞു: "ഞാൻ ഒരു പ്രദേശത്ത് അടിമയായി ജീവിക്കുകയായിരുന്നു. എന്റെ യജമാനന്റെ ഒരു പെൺകുട്ടിയിടെ കല്ല്യാണത്തിന് വേണ്ടി വില പിടിച്ച മുത്തുകൾ കൊണ്ട് അലങ്കരിച്ച ഒരു അരപ്പട്ട (വിശാഹ്) അവർ വാങ്ങിയിരുന്നു. കുളിക്കാൻ വേണ്ടി അവൾ അത് അഴിച്ചു വെച്ചപ്പോൾ മാംസമാണെന്ന് കരുതി ഒരു പരുന്ത് അതെടുത്ത് പോയി. അങ്ങനെയാണത് നഷ്ടപ്പെട്ടത് എന്ന് പറഞ്ഞിട്ട് അവർ വിശ്വസിക്കുന്നില്ല. അത് ഞാൻ കട്ടതാണ് എന്ന് പറഞ്ഞ് അവർ എന്നെ മർദിച്ചു. എന്റെ ശരീരം അവർ പരിശോധിച്ചു. എന്റെ ജനനേന്ദ്രിയത്തിന്റെ ഭാഗത്ത് പോലും അവർ പരിശോധിച്ചു. ഞാൻ റബ്ബിനോട് പ്രാർഥിച്ചു. അൽപസമയം ആ പരുന്ത് ഞങ്ങളുടെ മുകളിൽ വന്ന് ആ അരപ്പട്ട താഴെയിട്ടു. അവർക്ക് ബോധ്യമായി; എന്നോട് ചെയ്ത അക്രമങ്ങൾ എല്ലാം വെറുതെയായിരുന്നുവെന്ന്. അപ്പോൾ അടിമത്തത്തിൽ നിന്ന് അവരെന്നെ മോചിപ്പിച്ചു. അതിന് ശേഷമാണ് ഞാനിവിടെ എത്തുന്നത്."

**അൻസ്വാരികളിൽപെട്ട ഒരാൾ ഒരു പടയങ്കി കട്ടെടുക്കുകയുണ്ടായി. അയാൾ കപടവിശ്വാസിയായിരുന്നുവെന്ന് അഭിപ്രായമുണ്ട്. പക്ഷേ, കളവ് മുതൽ കണ്ടെടുക്കുമെന്നായപ്പോൾ അദ്ദേഹം ആ പടയങ്കി ഒരു യഹൂദിയുടെ വീട്ടിൽ കൊണ്ടുപോയി വെച്ചു. കളവിന്റെ വിഷയത്തിൽ ചിലർ തന്നെ സംശയിക്കുന്നു എന്ന് ബോധ്യമായപ്പോഴാണ് അദ്ദേഹം അങ്ങനെ ചെയ്തത്. പടയങ്കി യഹൂദിയുടെ വീട്ടിൽ നിന്ന് കണ്ടെടുത്തതിനാൽ യഹൂദിയായിരിക്കും കട്ടത് എന്ന് നബിﷺ വിചാരിച്ചു. എന്നാൽ ഈ യഹൂദിയുടെ നിരപരാധിത്വം തെളിയിച്ചുകൊണ്ട് അല്ലാഹു ക്വുർആൻ സൂക്തം അവതരിപ്പിച്ചു.**

ഇതിന് ശേഷം അവർ അനുഭവിക്കുന്ന നിർഭയത്വവും മാനസിക സുഖവും സമാധാനവുമെല്ലാം വ്യക്തമാക്കുന്നതാണ് അവരുടെ ഈ രണ്ട് വരി കവിത.

അവർക്ക് സ്വന്തമായി വീടില്ല. ഭർത്താവും കുടുംബങ്ങളുമില്ല. പക്ഷേ, ഇസ്‌ലാം സ്വീകരിച്ചതോടെ അവരുടെ മനസ്സിന് കൈവന്ന ധന്യത അളവറ്റതാണ്.

പഴയ ആ അടിമസ്ത്രീ മഹാനായ പ്രവാചകന്റെ പള്ളിയുടെ അരിക് മറച്ചുകെട്ടി അതിൽ താമസിക്കുന്നു. അദ്ദേഹത്തിന്റെ വീട്ടിൽ സ്ഥിരമായി ചെല്ലുന്നു. അവിടുത്തെ ഭാര്യയോട് സംസാരിച്ചുകൊണ്ടിരിക്കുന്നു. ഇസ്‌ലാമിലെ ഉച്ചനീചത്വമില്ലായ്മയാണ് ഇത് വ്യക്തമാക്കിത്തരുന്നത്. അതെ, മുസ്‌ലിംകളെല്ലാം സമന്മാരാണ്. അവർക്കിട

യിൽ താഴ്ന്നവരും ഉന്നതരുമില്ല; വർഗ, ഭാഷ, ദേശ, വർണങ്ങളുടെ അതിർവരമ്പുകളില്ല. തറവാടിത്തത്തിന്റെ പേരിൽ വമ്പുപറച്ചിലുകളില്ല. ആരാണോ ദീനിന്റെ നിയമങ്ങൾ കൂടുതൽ അനുസരിച്ചു ജീവിക്കുന്നത് അവനാണ് അല്ലാഹുവിന്റെ അടുക്കൽ ഉന്നതൻ. അല്ലാഹു പറയുന്നു:

"ഹേ മനുഷ്യരേ! തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വ്യത്യസ്ത സമുദായങ്ങളും ഗോത്രങ്ങളുമാക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെയടുത്ത് നീങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു" (ഹുജുറാത്ത് 13).

തന്റെ വിടവാങ്ങർ പ്രസംഗത്തിൽ നബിﷺ നബിﷺ പറഞ്ഞു: "...മനുഷ്യരേ, അറിയുക: നിങ്ങളുടെ രക്ഷിതാവ് ഒന്നാണ്. നിങ്ങളുടെ പിതാവ് ഒന്നാണ്. അറിയുക, അറബിക്ക് അനറബിയെക്കാളോ കറുത്തവന് വെളുത്തവനെക്കാളോ വെളുത്തവന് കറുത്തവനെക്കാളോ യാതൊരു ശ്രേഷ്ഠതയുമില്ല. ധർമനിഷ്ഠകൊണ്ടല്ലാതെ" (അഹ്മദ്).

നബിﷺ പറഞ്ഞു: "നിശ്ചയമായും അല്ലാഹു നിങ്ങളുടെ ശരീരങ്ങളിലേക്കോ രൂപങ്ങളിലേക്കോ അല്ല നോക്കുന്നത്; എന്നാൽ നിങ്ങളുടെ ഹൃദയങ്ങളിലേക്കാണ് അവൻ നോക്കുന്നത്" (മുസ്‌ലിം).

എത്യോപ്യയിൽ നിന്ന് വന്ന അടിമയായിരുന്ന ബിലാൽ﵁വിന്റെ നിറം കറുപ്പായിരുന്നു. കാണാൻ ഒട്ടും സൗന്ദര്യവുമുണ്ടായിരുന്നില്ല. പക്ഷേ, അദ്ദേഹം ഇസ്‌ലാമിന്റെ മുൻനിരയിലാണ്. അദ്ദേഹത്തിന്റെ ധർമനിഷ്ഠയാണ് അതിനു കാരണം. അദ്ദേഹത്തെപ്പറ്റിയും അബൂബക്ർ﵁വിനെപ്പറ്റിയും ഒരിക്കൽ ഉമർ﵁ പറഞ്ഞു: "ഞങ്ങളുടെ നേതാവ് ഞങ്ങളുടെ നേതാവിനെ മോചിപ്പിച്ചു." അബൂബക്ർ﵁ ആയിരുന്നു അദ്ദേഹത്തെ അടിമത്തത്തിൽ നിന്ന് മോചിപ്പിച്ചത്.

ഹിജ്റ എട്ടിന് മക്കാവിജയമുണ്ടായി. നബിﷺ മക്കയിലേക്ക് തിരിച്ചുവരികയും മക്ക നൂറ് ശതമാനവും നബിﷺയുടെ നിയന്ത്രണത്തിൻ കീഴിൽ ആവുകയും ചെയ്തപ്പോൾ നബിﷺ ചെയ്ത കാര്യങ്ങളിൽ ഒന്ന് ബിലാൽ﵁വിനോട് കഅ്ബയുടെ മുകളിലേക്ക് കയറി ഉച്ചത്തിൽ ബാങ്ക് കൊടുക്കാൻ പറഞ്ഞതായിരുന്നു. അതുവഴി മഹത്തായ ഒരു പാഠം നബിﷺ ലോകത്തെ പഠിപ്പിക്കുകയായിരുന്നു. തറവാട്, കുലമഹിമ, നാട്, നിറം, സമ്പത്ത്, ഭാഷ എന്നിങ്ങനെയുള്ളതൊന്നും മനുഷ്യന്റെ മഹത്ത്വവും മഹത്ത്വമില്ലായ്മയും അളക്കുന്ന മാനദണ്ഡങ്ങളല്ല; അതെല്ലാം അജ്ഞാനകാല ചിന്താഗതികളാണ് എന്ന പാഠം.

### സാമൂഹ്യ നീതി

ഇസ്‌ലാമിൽ നിയമത്തിന്റെ മുന്നിൽ എല്ലാവരും തുല്യരാണ്. എത്ര കൊടിയ ശത്രുക്കളാണെങ്കിലും അവരോട് അനീതി ചെയ്യാൻ പാടില്ല. അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനു വേണ്ടി നിലകൊള്ളുക, നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമായിരിക്കുക. ഒരു ജനതയോടുള്ള വിദ്വേഷം നീതിപാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത്. നിങ്ങൾ നീതി പാലിക്കുക, അതാണ് ധർമനിഷ്ഠയോട് ഏറ്റവും അടുത്തത്. നിങ്ങൾ അല്ലാഹുവെ സ്മരിക്കുക. തീർച്ചയായും നിങ്ങൾപ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു" (അൽമാഇദ: 8).

അൻസ്വാരികളിൽപെട്ട ഒരാൾ ഒരു പടയങ്കി കട്ടെടുക്കുകയുണ്ടായി. അയാൾ കപടവിശ്വാസിയായിരുന്നുവെന്ന് അഭിപ്രായമുണ്ട്. പക്ഷേ, കളവ് മുതൽ കണ്ടെടുക്കുമെന്നായപ്പോൾ അദ്ദേഹം ആ പടയങ്കി ഒരു യഹൂദിയുടെ വീട്ടിൽ കൊണ്ടുപോയി വെച്ചു. കളവിന്റെ വിഷയത്തിൽ ചിലർ തന്നെ സംശയിക്കുന്നു എന്ന് ബോധ്യമായപ്പോഴാണ് അദ്ദേഹം അങ്ങനെ ചെയ്തത്. പടയങ്കി യഹൂദിയുടെ വീട്ടിൽ നിന്ന് കണ്ടെടുത്തതിനാൽ യഹൂദിയായിരിക്കും കട്ടത് എന്ന് നബിﷺ വിചാരിച്ചു. എന്നാൽ ഈ യഹൂദിയുടെ

**നമ്മെ സൃഷ്ടിച്ചത് അല്ലാഹുവാണ്. നമുക്ക് ഗുണകരമായതും ദോഷകരമായതും ഏത് എന്ന് നന്നായറിയുന്നവൻ അല്ലാഹു മാത്രമാണ്. നമ്മുടെ ഭാവിയും ഭൂതവും വർത്തമാനവുമെല്ലാം കൃത്യമായി അവനാണറിയുക. അങ്ങനെയുള്ളവൻ ഇറക്കിത്തന്ന മാർഗദർശനമാണ് ഇസ്‌ലാം. അതിന്റെ അടിസ്ഥാന പ്രമാണങ്ങളാണ് ക്വുർആനും സുന്നത്തും. അവയെ അവലംബിക്കാതെ സ്വന്തം ബുദ്ധിയെയും തന്നിഷ്ടത്തെയും മാത്രം അവലംബിച്ച് ജീവിച്ചാൽ ഇരുലോകത്തും നഷ്ടമായിരിക്കും ഫലം.**

നിരപരാധിത്വം തെളിയിച്ചു കൊണ്ട് അല്ലാഹു താഴെ കൊടുക്കുന്ന സൂക്തം അവതരിപ്പിച്ചു:

“നിനക്ക് അല്ലാഹു കാണിച്ചുതന്നതനുസരിച്ച് ജനങ്ങൾക്കിടയിൽ നീ വിധികൽപിക്കുവാൻ വേണ്ടിയാണ് സത്യപ്രകാരം നാം നിനക്ക് വേദഗ്രന്ഥം അവതരിപ്പിച്ചു തന്നിട്ടുള്ളത്. നീ വഞ്ചകൻമാർക്ക് വേണ്ടിവാദിക്കുന്നവനാകരുത്” (അന്നിസാഅ്: 104).

ഖൈബറിലെ യഹൂദികളുമായി നബിﷺ ഉടമ്പടി ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവിടെയുള്ള ഉൽപന്നങ്ങളുടെ നിശ്ചിത വിഹിതം വാങ്ങാൻ അവിടുന്ന് അബ്ദുല്ലാഹിബ്നു റവാഹ  ؓയെ പറഞ്ഞയച്ചു. അവിടെയെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: ‘ഇവിടെയുള്ള കാർഷിക ഉൽപന്നങ്ങൾ മതിച്ച് ബൈതുൽ മാലിലേക്കുള്ള വിഹിതം കണക്കാക്കാൻ വന്നതാണ് ഞാൻ.’ അപ്പോൾ അവർ സ്ത്രീകളുടെ ചില ആഭരണങ്ങളും മറ്റും കൈക്കൂലിയായി കൊണ്ടുവന്നിട്ട് അബ്ദുല്ലാഹിബ്നു റവാഹ  ؓയോട് പറഞ്ഞു: ‘ഇത് നിങ്ങൾക്കുള്ളതാണ്. നിങ്ങൾ മതിച്ചു കണക്കാക്കുമ്പോൾ ഒന്ന് അഡ്ജസ്റ്റ് ചെയ്യണം.’ അപ്പോൾ അദ്ദേഹം അവരോട് പറഞ്ഞത് ഇങ്ങനെയായിരുന്നു: ‘അല്ലാഹുവിന്റെ സൃഷ്ടികളിൽ ഏറ്റവും മോശപ്പെട്ടവരായിട്ടാണ് ഞാൻ നിങ്ങളെ കാണുന്നത്. എന്നുവെച്ച് നിങ്ങളിൽ നിന്ന് അമിതമായി ഈടാക്കി ഞാൻ നിങ്ങളോട് അനീതി ചെയ്യുകയുമില്ല. നിങ്ങൾ എന്റെ മുമ്പിൽ സമ്മാനം എന്ന പേരിൽ സമർപ്പിച്ചത് കൈക്കൂലിയാണ്. അത് ഞങ്ങൾ ഭക്ഷിക്കാറില്ല. അത് ദുഷിച്ച സമ്പത്താണ്.’

### വിധിവിലക്കുകൾ

ഇന്നയിന്ന കാര്യങ്ങൾ നിങ്ങൾ ചെയ്യണം, ഇന്നതെല്ലാം ചെയ്യരുത് എന്ന് അല്ലാഹു നമ്മെ ക്വുർആനിലൂടെയും നബിﷺ തന്റെ സുന്നത്തിലൂടെയും അറിയിച്ചിട്ടുണ്ട്. അതാണ് ഇസ്‌ലാമിലെ വിധിവിലക്കുകൾ. അവയെ അങ്ങനെത്തന്നെ ചോദ്യം ചെയ്യാതെ സ്വീകരിക്കുകയാണ് നമ്മുടെ ബാധ്യത.

“അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്ത് കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷനാകട്ടെ സ്ത്രീയാകട്ടെ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ വഴിപിഴവിൽ ആയിരിക്കുന്നു” (അൽഅഹ്സാബ്: 36).

“ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണ് സത്യം! അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും നീ വിധികൽപിച്ചതിനെപ്പറ്റി പിന്നീട് അവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും അത് പൂർണമായും സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നത് വരെ അവർ വിശ്വാസികളാവുകയില്ല” (അന്നിസാഅ്: 65).

**മനുഷ്യന്റെ ബുദ്ധിക്ക് പരിധിയുണ്ട്. അത് കൊണ്ടാണ് അവന്റെ തീരുമാനങ്ങൾ മാറി മറിഞ്ഞുകൊണ്ടിരിക്കുന്നത്. പ്രായവും പരിതസ്ഥിതിയും ജീവിത സാഹചര്യങ്ങളും മനുഷ്യന്റെ ബുദ്ധിയെയും ഭാവനയെയും ഏറെ സ്വാധീനിക്കുന്നുണ്ട്. ചെറുപ്പത്തിൽ കൗതുകം തോന്നുന്ന പലതും വലിപ്പത്തിൽ ആകർഷകമായി തോന്നുകയില്ല. മുമ്പ് എടുത്തിരുന്ന പല നിലപാടുകളും തനി ബാലിശമായിരുന്നുവെന്ന് പിന്നെയവന് ബോധ്യമാവും. യൗവനത്തിലെ എടുത്തുചാട്ടം തനി വങ്കത്തമായിരുന്നുവെന്ന് മധ്യവയസ്കതയിലെ വിവേകം അവനെ പഠിപ്പിക്കും. എന്നാൽ സ്രഷ്ടാവിന്റെ അറിവിന് യാതൊരു പിരിധിയുമില്ല. അവൻ ത്രികാല ജ്ഞാനിയാണ്:**

നമ്മെ സൃഷ്ടിച്ചത് അല്ലാഹുവാണ്. നമുക്ക് ഗുണകരമായതും ദോഷകരമായതും ഏത് എന്ന് നന്നായറിയുന്നവൻ അല്ലാഹു മാത്രമാണ്. നമ്മുടെ ഭാവിയും ഭൂതവും വർത്തമാനവുമെല്ലാം കൃത്യമായി അവനാണറിയുക. അങ്ങനെയുള്ളവൻ ഇറക്കിത്തന്ന മാർഗദർശനമാണ് ഇസ്‌ലാം. അതിന്റെ അടിസ്ഥാന പ്രമാണങ്ങളാണ് ക്വുർആനും സുന്നത്തും. അവയെ അവലംബിക്കാതെ സ്വന്തം ബുദ്ധിയെയും തന്നിഷ്ടത്തെയും മാത്രം അവലംബിച്ച് ജീവിച്ചാൽ ഇരുലോകത്തും നഷ്ടമായിരിക്കും ഫലം.

മനുഷ്യന്റെ ബുദ്ധിക്ക് പരിധിയുണ്ട്. അത് കൊണ്ടാണ് അവന്റെ തീരുമാനങ്ങൾ മാറി മറിഞ്ഞുകൊണ്ടിരിക്കുന്നത്. പ്രായവും പരിതസ്ഥിതിയും ജീവിത സാഹചര്യങ്ങളും മനുഷ്യന്റെ ബുദ്ധിയെയും ഭാവനയെയും ഏറെ സ്വാധീനിക്കുന്നുണ്ട്. ചെറുപ്പത്തിൽ കൗതുകം തോന്നുന്ന പലതും വലിപ്പത്തിൽ ആകർഷകമായി തോന്നുകയില്ല. മുമ്പ് എടുത്തിരുന്ന പല നിലപാടുകളും തനി ബാലിശമായിരുന്നുവെന്ന് പിന്നെയവന് ബോധ്യമാവും. യൗവനത്തിലെ എടുത്തുചാട്ടം തനി വങ്കത്തമായിരുന്നുവെന്ന് മധ്യവയസ്കതയിലെ വിവേകം അവനെ പഠിപ്പിക്കും. എന്നാൽ സ്രഷ്ടാവിന്റെ അറിവിന് യാതൊരു പിരിധിയുമില്ല. അവൻ ത്രികാല ജ്ഞാനിയാണ്:

"...അവരുടെ മുമ്പിലുള്ളതും പിന്നിലുള്ളതും അവൻ അറിയുന്നു...'' (അൽബക്വറ: 255).

അതിനാൽ നമ്മുടെ ആത്യന്തിക വിജയത്തിനും രക്ഷക്കും അവന്റെ നിർദേശങ്ങൾക്ക് സർവാത്മനാ കീഴൊതുങ്ങകയല്ലാതെ മറ്റു പോംവഴികളൊന്നും നമ്മുടെ മുമ്പിലില്ല. പൂർവസൂരികൾ ഈ വിഷയത്തിൽ ഉന്നതമായ മാതൃകകളാണ് നമുക്ക് കാണിച്ചു തന്നിട്ടുള്ളത്.

അബൂബക്ർ പറഞ്ഞു: "നബി പ്രവർത്തിച്ച ഒന്നും ഞാൻ ഒഴിവാക്കുകയില്ല. അവിടുന്ന് കൽപിച്ച ഏതെങ്കിലും കാര്യം ഞാൻ ഒഴിവാക്കിയാൽ വ്യതിചലിച്ച് പോകുമോ എന്ന് ഞാൻ തീർച്ചയായും ഭയപ്പെടുന്നു."

ഇബ്നു അബ്ബാസ് പറയുന്നു: "നബി ഇങ്ങനെ പറഞ്ഞു എന്ന് ഞാൻ പറയുമ്പോൾ അബൂബക്ർ ഇങ്ങനെ പറഞ്ഞു, ഉമർ ഇങ്ങനെ പറഞ്ഞു എന്നാണോ നിങ്ങൾ പറയുന്നത്? നിങ്ങൾക്കു മീതെ മുകളിൽ നിന്ന് ശിക്ഷയായി പാറകൾ വീഴാറായിട്ടുണ്ട്."

മദ്യം നിഷിദ്ധമാക്കിയിട്ടുണ്ട് എന്നു വിളിച്ചു പറയാൻ നബി അങ്ങാടിയിലേക്ക് ഒരാളെ പറഞ്ഞയച്ചു. അത് കേട്ടമാത്രയിൽ കച്ചവടക്കാർ മുഴുവനും മദ്യം ശേഖരിച്ചു വെച്ച അവരുടെ പാത്രങ്ങളെല്ലാം തച്ചുടക്കുകയും ഞങ്ങൾ ഒഴിവാക്കിയിരിക്കുന്നു, വിരമിച്ചിരിക്കുന്നു എന്ന് പറയുകയും ചെയ്തു. മദീനയുടെ തെരുവിലൂടെ മദ്യം ചാലിട്ടൊഴുകി (ബുഖാരി).

അബ്ദുല്ലാഹിബ്നു ഉമർ പറയുന്ന മറ്റൊരു സംഭവം ഇങ്ങനെയാണ്: "ജനങ്ങൾ ഖുബാഇൽ സ്വുബ്ഹി നമസ്കരിച്ചു കൊണ്ടിരിക്കുമ്പോൾ ഒരാൾ വിളിച്ചു പറഞ്ഞു: 'ക്വിബ്‌ല മാറിയിരിക്കുന്നു, കഅ്ബയിലേക്ക് തിരിയാൻ അല്ലാഹു കൽപിച്ചിരിക്കുന്നു.' നമസ്കാരത്തിൽവെച്ചു തന്നെ അവർ കഅ്ബയിലേക്ക് തിരിഞ്ഞു" (ബുഖാരി, മുസ്‌ലിം).

ഒരിക്കൽ നമസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ നബി തന്റെ രണ്ടു ചെരിപ്പുകളും ഊരിവെച്ചു. അത് കണ്ട അനുചരന്മാരും അവരുടെ ചെരിപ്പുകൾ ഊരി. നമസ്കാരം കഴിഞ്ഞപ്പോൾ നബി ചോദിച്ചു: 'നിങ്ങൾ എന്തിനാണ് ചെരുപ്പുകൾ ഊരിവെച്ചത്?' അവർ പറഞ്ഞു: 'താങ്കൾ അഴിച്ചുവെച്ചത് കണ്ടപ്പോൾ ഞങ്ങളും ചെയ്തു.' അപ്പോൾ അവിടുന്ന് പറഞ്ഞു: 'എന്റെ ചെരിപ്പിൽ നജസുണ്ടെന്ന് ജിബ്‌രീൽ പറഞ്ഞതിനാലാണ് ഞാൻ ഊരിയത്.'

**പരിഹസിക്കുന്നവരോട്**

ഭാവിയിൽ വ്യതിചലിച്ച പല കക്ഷികളും വരുമെന്ന് നബി പ്രവചിച്ചിട്ടുണ്ട്. അതിൽ പെടാതെ റസൂലും സ്വഹാബത്തും സഞ്ചരിച്ച വഴിയിലൂടെ മാത്രം സഞ്ചരിക്കണമെന്ന് അവിടുന്ന് കർശനമായി നിർദേശിച്ചിട്ടുമുണ്ട്. അവിടുന്ന് പറഞ്ഞു: 'എനിക്ക് ശേഷം ജീവിക്കുന്നവർ ധാരാളം അഭിപ്രായ വ്യത്യാസം കാണും. അപ്പോൾ നിങ്ങൾ എന്റെ സുന്നത്തിനെയും സച്ചരിതരായ പിൻഗാമികളുടെ സുന്നത്തിനെയും മുറുകെ പിടിക്കുക. അണപ്പല്ലുകൾ കൊണ്ട് അത് കടിച്ചുപിടിക്കുക.'

'യഹൂദികൾ എഴുപത്തിയൊന്ന് കക്ഷികളായും നസ്വാറാക്കൾ 72 കക്ഷികളായും പിരിഞ്ഞു. എന്റെ സമുദായം 73 കക്ഷികളാവും. ഒരു കക്ഷിയല്ലാത്തതെല്ലാം നരകത്തിലാവും' എന്ന് നബി പറഞ്ഞപ്പോൾ 'ആരാണ് ആ രക്ഷപ്പെട്ട കക്ഷി' അനുചരന്മാർ ചോദിച്ചു. 'ഞാനും എന്റെ സ്വഹാബത്തും ഏതൊരു മാർഗത്തിലാണോ ആ മാർഗത്തിൽ ജീവിക്കുന്നവർ' എന്നായിരുന്നു പ്രവാചകന്റെ മറുപടി.

വ്യതിചലിച്ച കക്ഷികൾ പ്രമാണങ്ങളിലെ ചില കാര്യങ്ങളെ നിരാകരിക്കുന്നു, പരിഹസിക്കുന്നു, ചില ന്യായങ്ങൾ മെനഞ്ഞെടുത്ത് ഹദീഥുകളെ നിഷേധിക്കുന്നു. സത്യത്തെയും അസത്യത്തെയും വിവേചിക്കാൻ അവരുടെ ബുദ്ധിയെയും തന്നിഷ്ടങ്ങളെയും മാനദണ്ഡമാക്കുകയാണ് അവർ ചെയ്യുന്നത്.

ഇത് ക്വുർആനിന് എതിരാണ്. ഇത് ബുദ്ധിക്ക് എതിരാണ്. ഇത് ഖബർ വാഹിദാണ്. ഇത് വിശ്വാസപരമാണ്. ഇത് ചരിത്രത്തിന് എതിരാണ്... ഇങ്ങനെ പൂർവികർക്കൊന്നും പരിചയമില്ലാത്ത സ്വയം കൃത ന്യായങ്ങൾ പറഞ്ഞുകൊണ്ടാണ് ഇവർ രംഗത്ത് വരിക. ഇത്തരക്കാർ ഈ വാദങ്ങളിൽ നിന്ന് മാറി പശ്ചാത്തപിക്കുന്നില്ലെങ്കിൽ വലിയ അപകടമാണ് അവരെ കാത്തിരിക്കുന്നത്.



**വ്യതിചലിച്ച കക്ഷികൾ പ്രമാണങ്ങളിലെ ചില കാര്യങ്ങളെ നിരാകരിക്കുന്നു, പരിഹസിക്കുന്നു, ചില ന്യായങ്ങൾ മെനഞ്ഞെടുത്ത് ഹദീഥുകളെ നിഷേധിക്കുന്നു. സത്യത്തെയും അസത്യത്തെയും വിവേചിക്കാൻ അവരുടെ ബുദ്ധിയെയും തന്നിഷ്ടങ്ങളെയും മാനദണ്ഡമാക്കുകയാണ് അവർ ചെയ്യുന്നത്. ഇത് ക്വുർആനിന് എതിരാണ്. ഇത് ബുദ്ധിക്ക് എതിരാണ്. ഇത് ഖബർ വാഹിദാണ്. ഇത് വിശ്വാസപരമാണ്. ഇത് ചരിത്രത്തിന് എതിരാണ്... ഇങ്ങനെ പൂർവികർക്കൊന്നും പരിചയമില്ലാത്ത സ്വയംകൃത ന്യായങ്ങൾ പറഞ്ഞുകൊണ്ടാണ് ഇവർ രംഗത്ത് വരിക. ഇത്തരക്കാർ ഈ വാദങ്ങളിൽ നിന്ന് മാറി പശ്ചാത്തപിക്കുന്നില്ലെങ്കിൽ വലിയ അപകടമാണ് അവരെ കാത്തിരിക്കുന്നത്.**

**അപകടങ്ങൾ**

"ആകയാൽ അദ്ദേഹത്തിന്റെ കൽപനയ്ക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും (ഫിത്ന) വന്നുഭവിക്കുകയോ, വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചു കൊള്ളട്ടെ" (അന്നൂർ: 63).

ഇവിടെ പറഞ്ഞ ഫിത്ന പലനിലയിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു:

1. ഭൗതികമായ ശിക്ഷകളും പരീക്ഷണങ്ങളും അവരെ പിടികൂടുന്നതാണ്: നബിﷺയെ ഇകഴ്ത്തുകയും അവിടുത്തെ അധ്യാപനങ്ങളെ പരിഹസിക്കുകയും ചെയ്തവർക്ക് ഇവിടെ വെച്ചുതന്നെ പരീക്ഷണങ്ങൾ നേരിട്ട അനേകം സംഭവങ്ങൾ കാണാൻ കഴിയും. മുസ്‌ലിമാണെന്ന് പറഞ്ഞ് പ്രമാണങ്ങളെ ഇകഴ്ത്തുന്നവർ കരുതിയിരിക്കുക. മുസ്‌ലിംകൾ അല്ലാത്തവർക്കും ഇത് ബാധകം തന്നെ. അതിന് ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ തെളിവ് പിടിക്കുന്ന ഒരു സംഭവം കിസ്റാ, ഖൈസർമാരുടെ ചരിത്രമാണ്. അദ്ദേഹം പറഞ്ഞു: 'ഖൈസർ ചക്രവർത്തി നബിﷺയുടെ കത്തിനെ ആദരിച്ചു. അതിനാൽ അവരുടെ ആധിപത്യം ഇന്നും നിലനിൽക്കുന്നു. എന്നാൽ കിസ്റാ ചക്രവർത്തി നബിﷺയുടെ കത്ത് പിച്ചിച്ചീന്തുകയാണ് ചെയ്തത്. പുറമെ നബിﷺയെ നിസ്സാരമാക്കി സംസാരിക്കുകയും ചെയ്തു. അതിനാൽ അയാളുടെ ആധിപത്യം ഉടനത്തന്നെ തകരുകയും പിന്നെ അതിന്റെ നിലനിൽപ് നഷ്ടപ്പെടുകയും ചെയ്തു.'

2. കുഫ്റിൽ (അവിശ്വാസത്തിൽ) അകപ്പെടും: ഒരാൾ കാഫിറാകാൻ ബഹുദൈവാരാധകനോ യഹൂദിയോ നസ്റാണിയോ ആകൽ മാത്രമല്ല കാരണമായിട്ടുള്ളത്. വെറെയും പല കാരണങ്ങൾ ഉണ്ട്. അതിൽപെട്ടതാണ് മതാധ്യാപനങ്ങളെ പരിഹസിക്കുക എന്നത്.

അല്ലാഹു പറയുന്നത് കാണുക: "പറയുക: അല്ലാഹുവെയും അവന്റെ ദൃഷ്ടാന്തങ്ങളെയും അവന്റെ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങൾ ഒഴിവുകഴിവുകളൊന്നും പറയേണ്ട. വിശ്വസിച്ചതിന് ശേഷം നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞു" (അത്തൗബ: 65,66).

മുഹമ്മദ് ഇബ്നു അബ്ദുൽ വഹാബ്(റഹി) ഒരാളുടെ ഇസ്‌ലാമിനെ തകർക്കുന്ന പത്ത് കാര്യങ്ങൾ പറയുന്നുണ്ട്. അതിൽ അഞ്ചാമത്തേത് ഇങ്ങനെയാണ്:

'റസൂൽﷺ കൊണ്ടുവന്ന ഏതെങ്കിലും ഒന്നിനെ ഒരാൾ വെറുത്താൽ അയാൾ കാഫിറായി.'

അല്ലാഹു പറഞ്ഞു: "അതെന്തുകൊണ്ടെന്നാൽ അല്ലാഹു അവതരിപ്പിച്ചതിനെ അവർ വെറുത്ത് കളഞ്ഞു. അപ്പോൾ അവരുടെ കർമങ്ങളെ അവൻ നിഷ്ഫലമാക്കിത്തീർത്തു" (മുഹമ്മദ്: 9)

റസൂൽ തിരുമേനിﷺ കൊണ്ടുവന്നതിൽ ഏതെങ്കിലും ഒന്നിനെ ഒരാൾ പരിഹസിച്ചാൽ അവൻ സത്യനിഷേധി (കാഫിർ) ആയിരിക്കുന്നു. അതിനുള്ള തെളിവ് ഇതാണ്: "നീ അവരോട് (അതിനെപ്പറ്റി) ചോദിച്ചാൽ അവർ പറയും: ഞങ്ങൾ തമാശ പറഞ്ഞു കളിക്കുക മാത്രമായിരുന്നു. പറയുക: അല്ലാഹുവെയും അവന്റെ ദൃഷ്ടാന്തങ്ങളെയും അവന്റെ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചു കൊണ്ടിരിക്കുന്നത്? നിങ്ങൾ ഒഴികഴിവുകളൊന്നും പറയേണ്ട. വിശ്വസിച്ചതിന് ശേഷം നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു..." (അത്തൗബ: 65,66).

3. കാപട്യത്തിൽ അകപ്പെടും: നരകത്തിന്റെ അടിത്തട്ടിലായിരിക്കും കപടന്മാർ എന്ന് നാം ഭയപ്പെടണം. കപടവിശ്വാസികളുടെ ലക്ഷണമാണ് പ്രമാണങ്ങളെ വെറുക്കലും പരിഹസിക്കലും.

4. ശിർക്കിൽ അകപ്പെടും: മുകളിൽ പ്രസ്താവിച്ച വചനത്തിലെ ഫിത്ന കൊണ്ടുദ്ദേശിക്കുന്നത് ശിർക്കാകുന്നു എന്ന് ഇമാം അഹ്മദ് ഇബ്നു ഹമ്പൽ(റഹി) പറഞ്ഞിരിക്കുന്നു. ●

ലേഖനം

മുഹമ്മദ് നബിﷺ: 23

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com



# മദീനക്കാരുമായുള്ള കരാർ

മദീന ജാഹിലിയ്യ കാലഘട്ടത്തിൽ യഥ്‌രിബ് എന്ന പേരിലായിരുന്നു അറിയപ്പെട്ടിരുന്നത്. നബിﷺയുടെ ഹിജ്‌റക്കു ശേഷമാണ് അൽമദീന, ത്വയ്ബ, ത്വാബ എന്നീ പേരുകൾ ആ രാജ്യത്തിന് ലഭിച്ചത്. മദീന എന്ന പേര് ക്വുർആനിൽ തന്നെ വ്യത്യസ്ത സ്ഥലങ്ങളിൽ വന്നിട്ടുണ്ട്:

"മദീനക്കാർക്കും അവരുടെ ചുറ്റുമുള്ള അഅ്‌റാബികൾക്കും അല്ലാഹുവിന്റെ ദൂതനെ വിട്ട് പിൻമാറി നിൽക്കാനോ, അദ്ദേഹത്തിന്റെ കാര്യം അവഗണിച്ചുകൊണ്ട് അവരവരുടെ (സ്വന്തം) കാര്യങ്ങളിൽ താൽപര്യം കാണിക്കാനോ പാടുള്ളതല്ല..." (അത്തൗബ: 120).

ജാബിർ ഇബ്‌നു സമുറؓ പറയുന്നു; നബിﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്: "അല്ലാഹു മദീനക്ക് ത്വാബ എന്ന പേര് നൽകിയിരിക്കുന്നു" (മുസ്‌ലിം: 1385).

ഹിജ്‌റക്കു ശേഷം മദീന ഈമാനിന്റെ ഭവനവും ഇസ്‌ലാമിന്റെ കോട്ടയുമായി മാറി. അബൂഹുറയ്‌റؓ പറയുന്നു; നബിﷺ പറഞ്ഞിരിക്കുന്നു: "ഒരു പാമ്പ് അതിന്റെ മാളത്തിലേക്ക് മടങ്ങുന്നത് പോലെ ഈമാൻ മദീനയിലേക്ക് മടങ്ങുന്നതാണ്" (ബുഖാരി: 1876, മുസ്‌ലിം: 147).



നബിﷺ മദീനയിൽ എത്തിയതോടെ അവിടെ മുസ്‌ലിംകളും ജൂതന്മാരും മുശ്‌രിക്കുകളും ഉള്ള ഒരു സാഹചര്യമായി. അത്കൊണ്ടു തന്നെ മദീനക്കാർക്കിടയിൽ ഒരു ബന്ധം വ്യവസ്ഥപ്പെടുത്താൻ തീരുമാനിച്ചു. അതിലൂടെ അവരുടെ അവകാശങ്ങളും ബാധ്യതകളും വ്യക്തമാക്കി കൊടുക്കലായിരുന്നു ഉദ്ദേശ്യം. മുഹമ്മദ് നബിﷺ ഈ വിഷയത്തിൽ ഒരു കരാർ തന്നെ തയ്യാറാക്കി. മുസ്‌ലിംകളും മുസ്‌ലിംകളും തമ്മിലുള്ള ബന്ധവും മുസ്‌ലിംകളും അമുസ്‌ലിംകളും തമ്മിലുള്ള ബന്ധവും വ്യവസ്ഥപ്പെടുത്തി പറയുന്ന രേഖയായിരുന്നു അത്. മുസ്‌ലിംകൾക്കുള്ള നിയമം ഇ പ്രകാരമായിരുന്നു: "തീർച്ചയായും മുസ്‌ലിംകൾ ഒറ്റ സമുദായമാണ്. അവർക്കിടയിൽ നീതി കാണിക്കേണ്ടതുണ്ട്. അവർക്കെതിരെ ആരെങ്കിലും പുറമെനിന്ന് അതിക്രമം കാണിച്ചാൽ ഒറ്റക്കൈ പോലെയായിരിക്കും അവർ. അവർ പരസ്പരം മിത്രങ്ങളാണ്..."

യഹൂദികളുമായി ബന്ധപ്പെട്ട കരാറിലെ പ്രധാനപ്പെട്ട കാര്യങ്ങൾ ഇപ്രകാരമായിരുന്നു: "യുദ്ധങ്ങൾ നടക്കുന്നിടത്തോളം സമയം വിശ്വാസികളും ജൂതന്മാരും ഒന്നിച്ച് പണം ചെലവഴിക്കണം. ജൂതന്മാർ വിശ്വാസികളോടൊപ്പം ഉള്ള ഒരു സമുദായം തന്നെയാണ്. എന്നാൽ ജൂതന്മാർക്ക് അവരുടെ മതവും മുസ്‌ലിംകൾക്ക് അവരുടെ മതവുമാണുള്ളത്. വല്ലവനും അക്രമവും കുറ്റകൃത്യവും ചെയ്യാൻ പുറപ്പെട്ടാൽ അവൻ സ്വന്തത്തിനും സ്വന്തം കുടുംബത്തിനും നാശം വരുത്തുകയാണ്. മുസ്‌ലിംകൾ അവരുടെ ചെലവും ജൂതന്മാർ അവരുടെ ചെലവും നടത്തേണ്ടതുണ്ട്. മുഹമ്മദ് നബിﷺയുടെ അനുവാദം കൂടാതെ ഒരു ജൂതനും മദീനവിട്ടു പുറത്തു പോകുവാൻ പാടില്ല. മദീനക്കാരോട് പുറമെ നിന്ന് വല്ലവനും യുദ്ധം ചെയ്താൽ വിശ്വാസികളും ജൂതന്മാരും പരസ്പരം സഹായിക്കേണ്ടതുണ്ട്. പരസ്പരം ഗുണകാംക്ഷ ഉള്ളവരായിരിക്കണം. നന്മ ചെയണം. തെറ്റ് ചെയ്യുന്നവൻ ആകരുത്..."

മുശ്‌രിക്കുകളുമായി ബന്ധപ്പെട്ടു കൊണ്ടുള്ള കരാർ ഇപ്രകാരമായിരുന്നു: "ക്വുറൈശികൾക്കോ ക്വുറൈശികളെ സഹായിക്കുന്നവർക്കോ അഭയം നൽകരുത്. ഒരു ക്വുറൈശിയുടെയും ശരീരമോ സമ്പത്തോ മദീനയിലെ ഒരു മുശ്‌രിക്കും സംരക്ഷിക്കുവാൻ പാടില്ല. എന്നാൽ ക്വുറൈശികൾക്കും അവരുടെ സഖ്യകക്ഷികൾക്കും അവർ സന്ധിക്ക് ആവശ്യപ്പെടുകയാണെങ്കിൽ ഇസ്‌ലാമിനോട് യുദ്ധം ചെയ്തവർക്കൊഴികെ സന്ധിക്കുള്ള അവകാശമുണ്ട്. ക്വുറൈശികൾക്ക് ഒരുവിധത്തിലുമുള്ള സഹായങ്ങളും ചെയ്തു കൊടുക്കരുത്..."

ഈ ഉടമ്പടികൾക്കും കരാറുകൾക്കും പുറമെ മദീനാവാസികൾക്ക് മൊത്തത്തിലുള്ള ചില കരാറുകളും ഉടമ്പടികളും നബിﷺ ഉണ്ടാക്കിയിരുന്നു: "ഈ നിയമങ്ങളെ അംഗീകരിക്കുന്ന ആളുകൾക്ക് മദീന പവിത്രമാണ്. അയൽവാസികൾ സ്വന്തം ശരീരം പോലെയാണ്. അവരെ ദ്രോഹിക്കുവാനോ കുറ്റങ്ങൾ ചെയ്യുവാനോ പാടില്ല. ഒരാളുടെയും പവിത്രതക്ക് കളങ്കം വരുത്തുന്ന ഒന്നും ചെയ്യാൻ പാടില്ല. മദീനക്കാർക്ക് ഇടയിലുണ്ടാകുന്ന പ്രശ്നങ്ങളിലും തർക്കങ്ങളിലും അതിന്റെ അന്തിമ തീരുമാനം പറയേണ്ടത് അല്ലാഹുവും അവന്റെ പ്രവാചകനുമാണ്. മദീനയെ വല്ലവരും അക്രമിക്കുന്നുവെങ്കിൽ മദീനക്കാർ പരസ്പരം സഹായിക്കേണ്ടതാണ്. മദീനയിൽ നിന്ന് പുറത്തു പോകുന്നവനും മദീനയിൽ ഇരിക്കുന്നവനും നിർഭയനായിരിക്കും. അക്രമം ചെയ്തവനും കുറ്റകൃത്യങ്ങൾ ചെയ്തവനും ഒഴികെ. തക്‌വ (സൂക്ഷ്മത) കാണിക്കുകയും പുണ്യം ചെയ്യുകയും ചെയ്തവർക്കുള്ള അഭയം നൽകുന്നത് അല്ലാഹുവാണ്. അവന്റെ പ്രവാചകനാണ്."

യുക്തിഭദ്രവും നീതിപൂർവകവും കാരുണ്യം നിറഞ്ഞതുമായ ചില അടിസ്ഥാനങ്ങളിലൂടെ ഒരു പുതിയ സൊസൈറ്റിക്ക് ജീവൻ നൽകുകയായിരുന്നു നബിﷺ. ചരിത്രം അതുവരെ കേട്ടിട്ടില്ലാത്ത നിർഭയത്വവും സന്തോഷകരമായ ജീവിതത്തിന്റെ വ്യവസ്ഥകളും ആയിരുന്നു അത്.

"തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കാൻ കഴിയാത്തവനും നിങ്ങളുടെ കാര്യത്തിൽ അതീവ താൽപര്യമുള്ളവനും സത്യവിശ്വാസികളോട് അത്യന്തം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം" (അത്തൗബ: 128).

ജൂതന്മാരും അല്ലാത്തവരുമായി ഉണ്ടാക്കിയ ഈ കരാർ വളരെ കൃത്യമായി നബിﷺ പാലിച്ചു. എന്നാൽ നബിﷺക്കും ജൂതന്മാർക്കും ഇടയിലുള്ള കരാർ ജൂതന്മാർ ലംഘിക്കുകയുണ്ടായി. മാത്രവുമല്ല, പ്രവാചകനോട് അവർ യുദ്ധം ചെയ്യുകയും ചെയ്തു. മദീനയിൽ ജൂതന്മാരുടെ മൂന്ന് ഗോത്രങ്ങളായിരുന്നു ഉണ്ടായിരുന്നത്. ബനൂ ക്വൈനുക്വാഅ്, ബനൂനളീർ, ബനൂക്വുറൈള തുടങ്ങിയവരായിരുന്നു അവർ. ജൂതന്മാർ ചെയ്ത കരാർ ലംഘനത്തിന്റെ ഫലമായി ബനൂക്വൈനുക്വാഇനോട് നബിﷺ ചില പ്രത്യേകമായ കാരുണ്യത്താൽ ഔദാര്യം കാണിച്ചു. ബനൂ നളീറിനെ ഖൈബറിലേക്ക് നാടുകടത്തി. ബനൂക്വുറയ്ളക്കാർ കൊല്ലപ്പെടുകയും അവരുടെ സന്താനങ്ങൾ ബന്ദികളായി പിടിക്കപ്പെടുകയും ചെയ്തു. സൂറതുൽ ഹശ്ർ ബനൂനളീറിന്റെ വിഷയത്തിലും സൂറതുൽ അഹ്സാബ് ബനൂക്വുറൈളയുടെ വിഷയത്തിലുമാണ് അവതരിച്ചത്.

"ജനങ്ങളിൽ സത്യവിശ്വാസികളോട് ഏറ്റവും കടുത്ത ശത്രുതയുള്ളവർ യഹൂദരും ബഹുദൈവാരാധകരുമാണ് എന്ന് തീർച്ചയായും നിനക്ക് കാണാം. ഞങ്ങൾ ക്രിസ്ത്യാനികളാകുന്നു. എന്ന് പറഞ്ഞവരാണ് ജനങ്ങളിൽ വെച്ച് സത്യവിശ്വാസികളോട് ഏറ്റവും അടുത്ത സൗഹൃദമുള്ളവർ എന്നും നിനക്ക് കാണാം. അവരിൽ മതപണ്ഡിതൻമാരും സന്യാസികളും ഉണ്ടെന്നതും, അവർ അഹംഭാവം നടിക്കുന്നില്ല എന്നതുമാണതിന് കാരണം" (അൽമാഇദ: 82)

മുഹമ്മദ് നബിﷺയോട് ഏറ്റവും കൂടുതൽ അസൂയയും അക്രമവും കാണിച്ചിരുന്ന ആളുകളായിരുന്നു ജൂതന്മാർ. മഹമ്മദ് നബിﷺ കൊണ്ടുവന്ന സത്യത്തോടും അങ്ങേയറ്റത്തെ എതിർപ്പു പ്രകടിപ്പിച്ചിരുന്നവരായിരുന്നു അവർ. പക്ഷേ, അല്ലാഹു അവരെ അപമാനിക്കുകയും തന്റെ പ്രവാചകനെ സഹായിക്കുകയും ചെയ്തു:

"നിങ്ങൾ സത്യവിശ്വാസം സ്വീകരിച്ച ശേഷം നിങ്ങളെ അവിശ്വാസികളാക്കി മാറ്റിയെടുക്കുവാനാണ് വേദക്കാരിൽ മിക്കവരും ആഗ്രഹിക്കുന്നത്. സത്യം വ്യക്തമായി ബോധ്യപ്പെട്ടിട്ടും സ്വാർഥപരമായ അസൂയ നിമിത്തമാണ് (അവരാ നിലപാട് സ്വീകരിക്കുന്നത്). എന്നാൽ (അവരുടെ കാര്യത്തിൽ) അല്ലാഹു അവന്റെ കൽപന കൊണ്ടുവരുന്നത് വരെ നിങ്ങൾ പൊറുക്കുകയും ക്ഷമിക്കുകയുംചെയ്യുക. നിസ്സംശയം അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനത്രെ" (അൽബക്വറ: 109).

ക്വുറൈശികളിലെ സത്യനിഷേധികളാകട്ടെ മുഹാജിറുകളെയും അവരെ സഹായിച്ച അൻസ്വാറുകളെയും ഭീഷണിപ്പെടുത്തിക്കൊണ്ടിരുന്നു. എന്നാൽ ക്വുറൈശികൾക്ക് നഷ്ടപ്പെട്ടുപോയ ഒന്ന് മദീനയിലെ കപടവിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹിബ്നു ഉബയ്യു ബിൻ സലൂലിലൂടെ തിരിച്ചുകിട്ടി. മുഹമ്മദ് നബിﷺയുടെ മദീനയിലേക്കുള്ള വരവോടുകൂടി മദീനക്കാരുടെ നേതൃത്വം നഷ്ടപ്പെട്ടുപോയ വ്യക്തിയായിരുന്നു അയാൾ. മദീനയിൽ അൻസ്വാറുകൾക്കും മുഹാജിറുകൾക്കും ഇടയിൽ കുഴപ്പങ്ങളും ഛിദ്രതയും ഉണ്ടാക്കുവാൻ ഈ വ്യക്തി തുനിഞ്ഞിറങ്ങി. മുസ്ലിംകൾക്കിടയിൽ കുഴപ്പമുണ്ടാക്കുന്നവരും പ്രവാചകനെ പരിഹസിക്കുന്നവരുമായ കപടന്മാർ അബ്ദുല്ലയുടെ ചുറ്റുംകൂടി. അല്ലാഹുവിനെയും അവന്റെ റസൂലിനെയും വഞ്ചിക്കാൻ ശ്രമിക്കുകയായിരുന്നു അവർ. ഇസ്ലാമിനും മുസ്ലിംകൾക്കുമെതിരെ കുതന്ത്രങ്ങൾ പ്രയോഗിക്കാനുള്ള ശ്രമത്തിലായിരുന്നു അവർ ഉണ്ടായിരുന്നത്.

"നിങ്ങൾ നാട്ടിൽ കുഴപ്പമുണ്ടാക്കാതിരിക്കൂ എന്ന് അവരോട് ആരെങ്കിലും പറഞ്ഞാൽ, ഞങ്ങൾ സൽപ്രവർത്തനങ്ങൾ മാത്രമാണല്ലോ ചെയ്യുന്നത് എന്നായിരിക്കും അവരുടെ മറുപടി. എന്നാൽ യഥാർഥത്തിൽ അവർ തന്നെയാകുന്നു കുഴപ്പക്കാർ. പക്ഷേ, അവരത് മനസ്സിലാക്കുന്നില്ല"(അൽബക്വറ: 11-12).

ജനങ്ങളെ സത്യത്തിൽ നിന്നും തടഞ്ഞുവെക്കുക എന്നതായിരുന്നു അവരുടെ മറ്റൊരു ലക്ഷ്യം. അവരാകട്ടെ സ്വയം സത്യത്തിൽ നിന്ന് അകന്നുപോയവരുമായിരുന്നു.

കപടവിശ്വാസികളുടെ നേതാവിന്റെ എല്ലാ കപട സമീപനങ്ങളുടെ സന്ദർഭത്തിലും നബിﷺ അയാൾക്ക് മാപ്പ് കൊടുക്കുകയായിരുന്നു; തങ്ങളെ സഹാ

യിച്ച അൻസ്വാറുകളോടുള്ള സ്നേഹബന്ധത്തിന്റെ പേരിലായിരുന്നു ഈ മാപ്പ് കൊടുക്കൽ. സഅ്ദ് ഇബ്നു ഉബാദ ﷺ നബിﷺയോട് പറയുകയുണ്ടായി: “അല്ലാഹുവിന്റെ പ്രവാചകരേ, നിങ്ങൾ അയാൾക്ക് മാപ്പു കൊടുക്കുക. വിട്ടുവീഴ്ച ചെയ്തുകൊള്ളുക. സത്യപ്രകാരം താങ്കൾക്ക് വേദഗ്രന്ഥം ഇറക്കിയ അല്ലാഹു തന്നെയാണ് സത്യം. സത്യവുമായാണ് അല്ലാഹു താങ്കളെ നിയോഗിച്ചിട്ടുള്ളത്. ഈ നാട്ടുകാരായ ആളുകൾ അബ്ദുല്ലാഹിബ്നു ഉബയ്യിബ്നു സലൂലിനെ നേതാവാക്കാനുള്ള ശ്രമത്തിലായിരുന്നു. അപ്പോഴാണ് സത്യവുമായുള്ള അങ്ങയുടെ രംഗപ്രവേശം. സത്യവുമായി അല്ലാഹു നിങ്ങളെ നിയോഗിച്ചതിലൂടെ ഇബ്നുസലൂലിന്റെ ആഗ്രഹങ്ങൾ നടക്കാതെ പോയി. അത് അയാളെ സംബന്ധിച്ചിടത്തോളം വലിയ പ്രയാസമുള്ളതായി മാറുകയും ചെയ്തു. അങ്ങനെയാണ് താങ്കൾ ഇന്ന് കണ്ടുകൊണ്ടിരിക്കുന്ന ഈ കാര്യങ്ങളൊക്കെ ഇബ്നു സലൂൽ ചെയ്തുകൊണ്ടിരിക്കുന്നത്.” അപ്പോൾ നബിﷺ അയാൾക്ക് മാപ്പ് കൊടുത്തു. നബിയും അനുചരന്മാരും അല്ലാഹു കൽപിച്ചത് പ്രകാരം മാപ്പ് ചെയ്തുകൊടുക്കുകയും പ്രയാസങ്ങളിൽ ക്ഷമ കൈക്കൊള്ളുകയും ചെയ്തിരുന്നു.

“തീർച്ചയായും നിങ്ങളുടെ സ്വത്തുക്കളിലും ശരീരങ്ങളിലും നിങ്ങൾ പരീക്ഷിക്കപ്പെടുന്നതാണ്. നിങ്ങൾക്ക് മുമ്പ് വേദം നൽകപ്പെട്ടവരിൽ നിന്നും ബഹുദൈവാരാധകരിൽ നിന്നും നിങ്ങൾ ധാരാളം കുത്തുവാക്കുകൾ കേൾക്കേണ്ടി വരികയും ചെയ്യും. നിങ്ങൾ ക്ഷമിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നുവെങ്കിൽ തീർച്ചയായും അത് ദൃഢനിശ്ചയം ചെയ്യേണ്ട കാര്യങ്ങളിൽ പെട്ടതാകുന്നു” (ആലു ഇംറാൻ: 186).

“നിങ്ങൾ സത്യവിശ്വാസം സ്വീകരിച്ച ശേഷം നിങ്ങളെ അവിശ്വാസികളാക്കി മാറ്റിയെടുക്കുവാനാണ് വേദക്കാരിൽ മിക്കവരും ആഗ്രഹിക്കുന്നത്. സത്യം വ്യക്തമായി ബോധ്യപ്പെട്ടിട്ടും സ്വാർഥപരമായ അസൂയ നിമിത്തമാണ് (അവരാ നിലപാട് സ്വീകരിക്കുന്നത്). എന്നാൽ (അവരുടെ കാര്യത്തിൽ) അല്ലാഹു അവന്റെ കൽപന കൊണ്ടുവരുന്നത് വരെ നിങ്ങൾ പൊറുക്കുകയും ക്ഷമിക്കുകയും ചെയ്യുക. നിസ്സംശയം അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനത്രെ”(അൽബക്വറ: 109).

അല്ലാഹുവിന്റെ ഭാഗത്തുനിന്നും യുദ്ധത്തിനുള്ള കൽപന ലഭിക്കുന്നതുവരെ നബിﷺ വിട്ടുവീഴ്ച ചെയ്തു കൊണ്ടിരിക്കുക തന്നെയായിരുന്നു.(ബുഖാരി: 4565).

മക്കയിൽ ഉണ്ടായിരുന്ന അവിശ്വാസികൾ ഇബ്നു സലൂലിന് ഇപ്രകാരം എഴുതി: “നിങ്ങൾ ഞങ്ങളുടെ ആൾക്ക് അഭയം നൽകി. അല്ലാഹുവിന്റെ പേരിൽ ഞങ്ങൾ സത്യം ചെയ്ത് പറയുന്നു; നിങ്ങൾ മുഹമ്മദിനോട് യുദ്ധം ചെയ്യുകയോ മദീനയിൽ നിന്ന് അവനെ പുറത്താക്കുകയോ ചെയ്യണം. അല്ലാത്തപക്ഷം ഞങ്ങൾ ഒന്നടങ്കം നിങ്ങളിലേക്ക് വരികയും യുദ്ധം ചെയ്യുകയും ചെയ്യും. മാത്രവുമല്ല നിങ്ങളുടെ സ്ത്രീകളെ ഞങ്ങൾ അനുവദനീയമാക്കുകയും ചെയ്യും.”

മക്കക്കാരുടെ ആവശ്യപ്രകാരം ഇബ്നു സലൂൽ പ്രവർത്തിക്കാൻ തുടങ്ങി. അങ്ങനെ മദീനയിലുള്ള അവിശ്വാസികളെ തന്റെ ലക്ഷ്യസാക്ഷാത്കാരത്തിന് വേണ്ടി സംഘടിപ്പിക്കുകയും ചെയ്തു. ഈ സന്ദർഭത്തിൽ നബിﷺ അവരോട് ഇപ്രകാരം പറഞ്ഞു: “ക്വുറൈശികളുടെ ഭീഷണിയാണ് നിങ്ങളെ ഈ അവസ്ഥയിൽ എത്തിച്ചത് എന്ന് ഞങ്ങൾക്കറിയാം. നിങ്ങൾ ഉദ്ദേശിച്ചിട്ടുള്ള തന്ത്രങ്ങളെക്കാൾ വലിയ തന്ത്രമാണ് അവർ ഉദ്ദേശിച്ചിട്ടുള്ളത്. സത്യത്തിൽ നിങ്ങൾ നിങ്ങളുടെ മക്കളോടും സഹോദരങ്ങളോടുമാണ് യുദ്ധത്തിന് ഒരുങ്ങുന്നത്.’ നബിﷺയുടെ ഈ വാക്ക് കേട്ടപ്പോഴാണ് അവർ പിരിഞ്ഞു പോയത്” (അബൂദാവൂദ്: 3004).

മക്കയിലെ അവിശ്വാസികൾ മദീനയിലെ മുസ്‌ലിംകളിലേക്ക് ആളെ പറഞ്ഞയച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: ‘നിങ്ങൾ ഞങ്ങളിൽ നിന്ന് രക്ഷപ്പെട്ടു എന്ന വിശ്വാസത്തിൽ നിങ്ങൾ നിർഭയത്വത്തിന്റെ ചതിയിൽ കുടുങ്ങി പോകരുത്. ഞങ്ങൾ നിങ്ങളിലേക്ക് വരിക തന്നെ ചെയ്യും. നിങ്ങളുടെ രാജ്യത്ത് വെച്ചുകൊണ്ട് നിങ്ങളുടെ അടിസ്ഥാനം ഞങ്ങൾ പിച്ചിച്ചീന്തുക തന്നെ ചെയ്യും.’

പക്ഷേ, അല്ലാഹു അവരെ എന്നെന്നേക്കുമായി നിന്ദിച്ചു. അവരുടെ കുതന്ത്രങ്ങളെ തകർത്തു കളഞ്ഞു. തന്റെ പ്രവാചകനെ അല്ലാഹു സഹായിക്കുകയും ചെയ്തു

“തീർച്ചയായും സത്യനിഷേധികൾ തങ്ങളുടെ സ്വത്തുക്കൾ ചെലവഴിക്കുന്നത് അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് (ജനങ്ങളെ) പിന്തിരിപ്പിക്കുവാൻ വേണ്ടിയത്രെ. അവർ അത് ചെലവഴിക്കും. പിന്നീട് അതവർക്ക് ഖേദത്തിന് കാരണമായിത്തീരും. അനന്തരം അവർ കീഴടക്കപ്പെടുകയും ചെയ്യും. സത്യനിഷേധികൾ നരകത്തിലേക്ക് വിളിച്ചുകൂട്ടപ്പെടുന്നതാണ്” (അൽഅൻഫാൽ: 36). ●

അലീഫ് ഷാൻ സി.എം പറവണ്ണ
mail@nerpatham.com





# അറബി ഭാഷയും അൽബുശ്റ മാസികയും

**1963** ജനുവരി 25നാണ് ആദ്യ ലക്കം 'അൽബുശ്റ' മാസിക അരീക്കോട് നിന്നും പുറത്തിറങ്ങിയത്. കൊടുങ്ങല്ലൂരിനടുത്ത അഴീക്കോട് അൽഇർശാദ് പ്രസ്സിലായിരുന്നു അച്ചടി. മാസികയുടെ പ്രസാധകനും പ്രധാന പത്രാധിപരുമായ കെ.പി.മുഹമ്മദ് മൗലവി അന്ന് സുല്ലമുസ്സലാം അറബിക്കോളേജിൽ അധ്യാപകനായി സേവനമനുഷ്ഠിക്കുകയായിരുന്നു.

മദീനതുൽ ഉലൂം അറബിക്കോളേജിൽ നിന്നും പഠനം പൂർത്തിയാക്കി സ്വദേശമായ വളവന്നൂരിൽ അധ്യാപകനായും, അദ്ദേഹം തന്നെ സ്ഥാപിച്ച അൻസ്വാറുല്ലാ സംഘത്തിന്റെ ഭാഗമായി നാട്ടിൽ നവോത്ഥാന പ്രവർത്തനങ്ങളുമായും മുന്നോട്ടു പോവുമ്പോഴാണ് എൻ.വി.അബ്ദുസ്സലാം മൗലവിയുടെ നിർബന്ധപൂർവമായ ക്ഷണം സ്വീകരിച്ച് കെ.പി.മുഹമ്മദ് മൗലവി സുല്ലമുസ്സലാമിൽ അധ്യാപകനാകുന്നത്. വന്ദ്യഗുരുനാഥനായിരുന്ന ശൈഖ് മുഹമ്മദ് മൗലവിയുടെ സഹപ്രവർത്തകനാകുന്നതിലുള്ള സന്തോഷവുമുണ്ടായിരുന്നു അദ്ദേഹത്തിന്.

സ്വദേശത്ത് നിന്ന് പ്രാഥമിക വിദ്യാഭ്യാസവും പിന്നീട് പാരമ്പര്യ രീതിയിലുള്ള ദർസ് വിദ്യാഭ്യാസവും നേടിയ ശേഷം ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി വാഴക്കാട് തുടങ്ങി വെച്ച ആധുനിക രീതിയിലുള്ള ദർസിൽ പഠനം തുടരുകയും ചെയ്തു. അദ്ദേഹം അവിടെ പഠിച്ച് കൊണ്ടിരിക്കുമ്പോഴാണ് വാഴക്കാട് ദാറുൽ ഉലൂം; ചാലിലകത്തിന്റെ പുത്രൻ എം.സി.സി അബ്ദുറഹ്മാൻ മൗലവിയെ പ്രിൻസിപ്പാൾ സ്ഥാനമേൽപിച്ചു കൊണ്ട് 1943ൽ അറബിക്കോളേജായി ഉയരുന്നത്.

ശൈഖ് മുഹമ്മദ് മൗലവി, എം.സി.സി.ഹസൻ മൗലവി, എം.ടി.അബ്ദുറഹ്മാൻ മൗലവി, അബുസ്സലാഹ് മുഹമ്മദ് മൗലവി തുടങ്ങിയ പ്രമുഖ പണ്ഡിതർ അന്ന് അവിടെ അധ്യാപകരായി ഉണ്ടായിരുന്നു. 1946ൽ ചില കാരണങ്ങളാൽ ദാറുൽഉലൂം അറബിക്കോളേജ് അടച്ചുപൂട്ടിയപ്പോൾ തൊട്ടടുത്ത വർഷം തന്നെ എം.സി.സി. അബ്ദുറഹ്മാൻ മൗലവി ആരംഭിച്ച മദീനത്തുൽ ഉലൂം അറബിക്കോളേജിൽ നിന്നും ഉപരിപഠനം പൂർത്തിയാക്കിയ അദ്ദേഹം 1949ൽ മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് അഫ്ദലുൽ ഉലമ ബിരുദം കരസ്ഥമാക്കി.

1964ൽ സുല്ലമുസ്സലാമിന്റെ പ്രിൻസിപ്പൾ സ്ഥാനത്തേക്ക് ഉയർന്ന കെ.പി.മുഹമ്മദ് മൗലവി 1982 മെയ് മാസത്തിൽ സർവീസിൽ നിന്ന് വിരമിക്കുന്നത് വരെ നീണ്ട പതിനെട്ട് വർഷം ആ സ്ഥാനത്ത് തുടരുകയും ചെയ്തു. അറബി ഭാഷയോട് അതീവ സ്നേഹം വെച്ച് പുലർത്തിയ അദ്ദേഹം ആ ഭാഷയെ ജീവിതത്തോട് ചേർത്ത് നിർത്തി. തന്റെ വിദ്യാർഥികൾക്കും സുഹൃത്തുക്കൾക്കും കത്തെഴുതിയിരുന്നതും ഡയറിക്കുറിപ്പുകൾ തയ്യാറാക്കിയിരുന്നതും അറബിയിൽ തന്നെയായിരുന്നു.

അറബ് നാടുകളുമായി ഇന്നത്തെപ്പോലെ ബന്ധപ്പെട്ടു തുടങ്ങിയിട്ടില്ലാത്ത എഴുപതുകളിൽ സ്ഫുടമായ അറബിയിൽ ഗൾഫ് പണ്ഡിതന്മാരുമായി കെ.പി.മുഹമ്മദ് മൗലവി സംവദിച്ചു. 'സാഹിത്യ ഭാഷയിൽ സംസാരിക്കുന്ന യുവാവ്' എന്ന ശീർഷകത്തോടെ ഒരിക്കൽ ഒരു അറബി പത്രത്തിൽ അദ്ദേഹത്തിന്റെ ചിത്രം അച്ചടിച്ച് വരികയുണ്ടായി. ഹജ്ജ് കർമം നിർവഹിക്കാൻ വിദേശത്ത് പോയ അദ്ദേഹം മുതിർന്ന ചില അറബി ശൈഖുമാരുമായി സംസാരിച്ചിരുന്നു. അദ്ദേഹത്തിന്റെ ശുദ്ധമായ അറബി സാഹിത്യ ഭാഷ അവരിൽ അത്ഭുതം സൃഷ്ടിച്ചതിന്റെ ഫലമായിരുന്നു അത്.


'അൽബുശ്റ' മാസികയുടെ ചീഫ് എഡിറ്ററായിരുന്ന അദ്ദേഹത്തിന്റെ സമകാലിക വിഷയങ്ങൾ സംസാരിക്കുന്ന പത്രാധിപക്കുറിപ്പുകൾ ശ്രദ്ധേയമാണ്. ഇസ്‌ലാമിക ദൈവശാസ്ത്രത്തെയും തത്ത്വസംഹിതകളെയും കുറിക്കുന്ന ആധികാരിക ഗ്രന്ഥങ്ങൾ രചിച്ച അദ്ദേഹത്തിന് കേരളത്തിലെ സലഫീ സംഘടനകളുടെ ചരിത്രവും പ്രവർത്തനങ്ങളും വിശദമാക്കുന്ന 'അൽ ഹർകതുസ്സലഫിയ്യ ബി കേരളാ' എന്ന ഒരു അറബി ലഘു കൃതിയുമുണ്ട്. കോഴിക്കോട് സർവകലാശാലയുടെ അറബിക് ബോർഡ് ഓഫ് സ്റ്റഡീസിലും അക്കാദമിക് കൗൺസിലിലും മൗലവി അംഗമായിരുന്നിട്ടുണ്ട്. നീണ്ട ഇരുപത്തിയഞ്ച് വർഷം നവോത്ഥാന സംഘടനയായ കേരള നദ്‌വതുൽ മുജാഹിദീന്റെ സാരഥ്യം വഹിച്ച അദ്ദേഹം ധിഷണാ ബോധത്തോടെ സംഘടനയെ നയിച്ചു.

പരിശുദ്ധ ക്വുർആനിന്റെയും നബിചര്യയുടെയും മറ്റു ഇസ്‌ലാമിക സാഹിത്യങ്ങളുടെയും ഭാഷയായ അറബി കേരളത്തിൽ പ്രചരിപ്പിക്കേണ്ടത് കേരള മുസ്‌ലിംകളുടെ മഹത്തായ കടമയാണെന്ന് ഉറച്ച ബോധ്യമുണ്ടായിരുന്ന അദ്ദേഹം കാലങ്ങളായി നിരവധി പേരുടെ മനസ്സിലുണ്ടായിരുന്ന അഭിലാഷം പൂർത്തികരിക്കുകയായായിരുന്നു.

കേരളത്തിലെ അറബിഭാഷാ സമൂഹം ഒന്നടങ്കം 'അൽബുശ്റ' അറബി മാസികയെ സ്വാഗതം ചെയ്തു. രൂപത്തിലും നിലവാരത്തിലും അക്കാലത്ത് ഇന്ത്യയിൽ നിന്നിറങ്ങിയ പത്രമാസികകളായ 'ബഅ്ഥുൽ ഇസ്‌ലാമി'ക്കും 'അർറാഇദി'നും ഒപ്പം അൽബുശ്റ മികച്ചുനിന്നു. അറബിഭാഷ പ്രചരിപ്പിക്കുക, സാഹിത്യാഭിരുചി പോഷിപ്പിക്കുക, അറബ് രാഷ്ട്രങ്ങളും ഇന്ത്യയുമായുള്ള സാംസ്കാരിക വിനിമയം ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളുമായി ഇറങ്ങിത്തുടങ്ങിയ അൽബുശ്റ മാസിക ഇന്ത്യയ്ക്കകത്തും അറബ് ലോകത്തും വളരെപ്പെട്ടെന്ന് തന്നെ ഏറെ പേരുടെ ശ്രദ്ധ പിടിച്ചുപറ്റി.

**അറബ് നാടുകളുമായി ഇന്നത്തെപ്പോലെ ബന്ധപ്പെട്ടു തുടങ്ങിയിട്ടില്ലാത്ത എഴുപതുകളിൽ സ്ഫുടമായ അറബിയിൽ ഗൾഫ് പണ്ഡിതന്മാരുമായി കെ.പി.മുഹമ്മദ് മൗലവി സംവദിച്ചു. 'സാഹിത്യ ഭാഷയിൽ സംസാരിക്കുന്ന യുവാവ്' എന്ന ശീർഷകത്തോടെ ഒരിക്കൽ ഒരു അറബി പത്രത്തിൽ അദ്ദേഹത്തിന്റെ ചിത്രം അച്ചടിച്ച് വരികയുണ്ടായി. ഹജ്ജ് കർമം നിർവഹിക്കാൻ വിദേശത്ത് പോയ അദ്ദേഹം മുതിർന്ന ചില അറബി ശൈഖുമാരുമായി സംസാരിച്ചിരുന്നു. അദ്ദേഹത്തിന്റെ ശുദ്ധമായ അറബി സാഹിത്യ ഭാഷ അവരിൽ അത്ഭുതം സൃഷ്ടിച്ചതിന്റെ ഫലമായിരുന്നു അത്.**

**കേരളത്തിലെ അറബിഭാഷാ സമൂഹം ഒന്നടങ്കം 'അൽ ബുശ്റ' അറബി മാസികയെ സ്വാഗതം ചെയ്തു. രൂപത്തിലും നിലവാരത്തിലും അക്കാലത്ത് ഇന്ത്യയിൽ നിന്നിറങ്ങിയ പത്രമാസികകളായ 'ബഅഥുൽ ഇസ്‌ലാമി'ക്കും 'അർറാഇദി'നും ഒപ്പം അൽബുശ്റ മികച്ചുനിന്നു. അറബിഭാഷ പ്രചരിപ്പിക്കുക, സാഹിത്യാഭിരുചി പോഷിപ്പിക്കുക, അറബ് രാഷ്ട്രങ്ങളും ഇന്ത്യയുമായുള്ള സാംസ്കാരിക വിനിമയം ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളുമായി ഇറങ്ങിത്തുടങ്ങിയ അൽ ബുശ്റമാസിക ഇന്ത്യയ്ക്കകത്തും അറബ് ലോകത്തും വളരെപ്പെട്ടെന്ന് തന്നെ ഏറെ പേരുടെ ശ്രദ്ധ പിടിച്ചുപറ്റി.**




രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിലെ പ്രമുഖരുടെ ആശംസകളോട് കൂടിയാണ് 'അൽബുശ്റ' അറബി മാസിക പ്രവർത്തനമാരംഭിക്കുന്നത്. അന്നത്തെ രാഷ്ട്രപതി ഡോ.എസ്.രാധാകൃഷ്ണൻ, ഉപരാഷ്ട്രപതി സാകിർ ഹുസൈൻ, കേരള ഗവർണർ വി.വി.ഗിരി, മന്ത്രി പി.പി.ഉമ്മർകോയ, സ്വാതന്ത്ര്യ സമര സേനാനിയും മുസ്‌ലിം പരിഷ്കർത്താവുമായ കെ.എം.മൗലവി സാഹിബ് തുടങ്ങിയവരുടെ ആശംസാകുറിപ്പുകൾ പ്രഥമ ലക്കത്തിൽ നമുക്ക് കാണാം. ഈജിപ്തിലെ ജാമിഉൽ അസ്ഹർ പ്രതിനിധിയും മദ്രാസ് ജമാലിയ്യ കോളേജ് പ്രിൻസിപ്പളുമായിരുന്ന ശൈഖ് അഹ്മദ് ശർഖാവിയുടെ 'ഇന്ത്യയിലെ അറബി പത്രപ്രവർത്തനത്തിന്റെ സന്ദേശം' എന്ന ലേഖനം ആദ്യ ലക്കത്തിലെ മുഖ്യ ആകർഷണമാണ്.

അറബി ഭാഷയിൽ പതിനെട്ടോളം ഗ്രന്ഥങ്ങൾ രചിച്ച് അന്താരാഷ്ട്ര അറബ് മാഗസിനുകളിലെ സ്ഥിര സാന്നിധ്യമായിരുന്ന ഡോ.മുഹ്‌യിദ്ദീൻ ആലുവായ് തന്റെ ഈജിപ്തിലെ അധ്യാപന ജീവിതത്തിനിടയിൽ എഴുതിയ ലോക കാര്യങ്ങൾ ചർച്ച ചെയ്യുന്ന നിരവധി ലേഖനങ്ങൾ അൽ ബുശ്റയിലൂടെ പ്രസിദ്ധീകരിച്ചു. വാഴക്കാട് ദാറുൽ ഉലൂമിലെ പഠന കാലത്ത് പത്രാധിപർ കെ.പി.മുഹമ്മദ് മൗലവിയുമായി തുടങ്ങിയ സൗഹൃദം അൽബുശ്റയിലൂടെ അദ്ദേഹം കാത്ത്സൂക്ഷിച്ചു. ദീർഘകാലം മുസ്‌ലിം ലീഗ് അധ്യക്ഷനും കേരള രാഷ്ട്രീയത്തിലെ അനിഷേധ്യ നേതാവുമായിരുന്ന പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ തന്റെ കെയ്റോവിലെ അറബി ഭാഷാ സാഹിത്യ പഠനകാലത്തും തുടർന്നും സ്ഥിരമായി മാസികയിൽ ലേഖനങ്ങളെഴുതി. പ്രമുഖ പണ്ഡിതനും കോഴിക്കോട് ക്വാദിയുമായിരുന്ന സയ്യിദ് ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങൾ കൈകാര്യം ചെയ്തിരുന്ന 'ലോകം; പോയ മാസത്തിൽ' എന്ന പംക്തി ഇന്ത്യയിലെ അറബി പത്ര ചരിത്രത്തിലെ നൂതന അധ്യായമായിരുന്നു. കഴിഞ്ഞ ഒരു മാസത്തിൽ ലോകത്ത് നടന്ന സുപ്രധാന ചലനങ്ങളെ ഒപ്പിയെടുത്ത് സുന്ദരമായ അറബി പത്രഭാഷയിൽ മാസികയിലൂടെ അദ്ദേഹം ഒരോ മാസവും അവതരിപ്പിച്ചു.

മലബാർ പൈതൃകമുണ്ടായിരുന്ന അറബി എഴുത്തുകാരൻ മുഹമ്മദ് അബ്ദുല്ല മലൈബാരി അൽ ബുശ്റയുടെ ലേഖകരിൽ ശ്രദ്ധേയനായിരുന്നു. മക്കയും കേരളവും തമ്മിലുള്ള പ്രാചീന ബന്ധങ്ങളെക്കുറിച്ച് അദ്ദേഹം ഒരു ലേഖനമെഴുതി. കേരളത്തിലെ ഇസ്‌ലാമിക ചരിത്രത്തെക്കുറിച്ച് പറയുന്ന പത്രാധിപരായ കെ.പി.മുഹമ്മദ് മൗലവിയുടെ പത്ത് ലക്കങ്ങളിൽ തുടർച്ചയായി പ്രസിദ്ധീകരിച്ച ലേഖനം, കേരളത്തിലെ അറബിഭാഷാ പഠന ചരിത്രം വിശദീകരിക്കുന്ന അബുസ്സ്വലാഹ് മുഹമ്മദ് മൗലവിയുടെ തുടർ ലേഖനങ്ങൾ, മദീന ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയെ പരിചയപ്പെടുത്തിക്കൊണ്ട് മൂന്ന് ലക്കങ്ങളിലായി മലയാളിയും സ്ഥാപനത്തിലെ അധ്യാപകനുമായിരുന്ന സഅദുദ്ദീൻ മൗലവിയുടെ ലേഖനം, കേരളത്തിലെ അറബിക്കവികളെയും അവരുടെ രചനകളെയും ചർച്ച ചെയ്യുന്ന എൻ.കെ.അഹ്മദ് മൗലവിയുടെ തുടർലേഖനം തുടങ്ങിയവ അൽ ബുശ്റയിലൂടെ വെളിച്ചംകണ്ട മികച്ച പഠന ലേഖനങ്ങളാണ്.

കനത്ത സാമ്പത്തിക പ്രയാസങ്ങൾ നിമിത്തം പ്ര

**ദീർഘകാലം മുസ്‌ലിം ലീഗ് അധ്യക്ഷനും കേരള രാഷ്ട്രീയത്തിലെ അനിഷേധ്യ നേതാവുമായിരുന്ന പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ തന്റെ കെയ്‌റോവിലെ അറബി ഭാഷാ സാഹിത്യ പഠനകാലത്തും തുടർന്നും സ്ഥിരമായി അൽബുശ്‌റ മാസികയിൽ ലേഖനങ്ങളെഴുതി. പ്രമുഖ പണ്ഡിതനും കോഴിക്കോട് ക്വാദിയുമായിരുന്ന സയ്യിദ് ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങൾ കൈകാര്യം ചെയ്തിരുന്ന 'ലോകം; പോയ മാസത്തിൽ' എന്ന പംക്തി ഇന്ത്യയിലെ അറബി പത്ര ചരിത്രത്തിലെ നൂതന അധ്യായമായിരുന്നു. കഴിഞ്ഞ ഒരു മാസത്തിൽ ലോകത്ത് നടന്ന സുപ്രധാന ചലനങ്ങളെ ഒപ്പിയെടുത്ത് സുന്ദരമായ അറബി പത്രഭാഷയിൽ മാസികയിലൂടെ അദ്ദേഹം ഓരോ മാസവും അവതരിപ്പിച്ചു.**

സാധകനായ കെ.പി.മുഹമ്മദ് മൗലവി 1964ന്റെ അവസാനത്തിൽ അൽബുശ്‌റ മാസികയുടെ പ്രസിദ്ധീകരണം നിർത്തിവെച്ചു. പിന്നീട് 1967ൽ കേരള അംബിക് ടീച്ചേഴ്‌സ് ഫെഡറേഷൻ (KATF) മാസിക ഏറ്റെടുക്കുകയും അരീക്കോട് നിന്നും പ്രസാധനം കെ.പി.മുഹമ്മദ് മൗലവിയുടെ സ്വദേശമായ തിരൂരിനടുത്ത വളവന്നൂരിലേക്ക് മാറ്റുകയും ചെയ്തു. കെട്ടിലും മട്ടിലും പുതിയ രൂപം കൈവരിച്ച മാസിക വീണ്ടും ഒരു ദശകക്കാലം കേരളത്തിലെ അറബി ഭാഷാ വളർച്ചക്ക് മുതൽക്കൂട്ടായി പുറത്തിറങ്ങി. കെ.പി.മുഹമ്മദ് മൗലവി മുഖ്യപത്രാധിപരായി തുടർന്നു. കരുവള്ളി മുഹമ്മദ് മൗലവി, പി.ഹുസൈൻ മദനി വളവന്നൂർ, അബ്ദുൽ മജീദ് മദനി വലിയോറ, കക്കാട് അബ്ദുല്ല മൗലവി, പി.മുഹമ്മദ് കുട്ടശ്ശേരി തുടങ്ങിയ മറ്റ് പ്രസാധക സമിതി അംഗങ്ങൾ മാസികയുടെ ക്രമബദ്ധമായ പ്രവർത്തനങ്ങൾക്ക് വേണ്ടി അഹോരാത്രം യത്നിച്ചു.

പ്രഗത്ഭമതികളായ കേരളത്തിലെ അറബിക്കവികളുടെ രചനകൾ അൽബുശ്‌റയിലൂടെ നിരന്തരം വെളിച്ചം കണ്ടു. ഒരു അറബിക്കവിത അച്ചടിച്ച് വരാത്ത അൽബുശ്‌റയുടെ ലക്കങ്ങൾ വളരെ അപൂർവമായിരുന്നു. എൻ.കെ.അഹ്മദ് മൗലവി, അയിരൂർ മൂസാ മൗലവി, മൂസാ വാണിമേൽ, കൊച്ചന്നൂർ അലി മൗലവി തുടങ്ങിയവർ അൽ ബുശ്‌റയിൽ അറബിക്കവിതകൾ പ്രസിദ്ധീകരിച്ചവരിൽ പ്രമുഖരാണ്. അറബിക്കോളേജുകളിലെ ശക്തമായ വിദ്യാർഥി സാന്നിധ്യം അൽബുശ്‌റയിൽ നമുക്ക് കാണാവുന്നതാണ്. പിൽക്കാലത്ത് അറബി ഭാഷയിൽ പ്രാവീണ്യം സിദ്ധിച്ച കേരളത്തിലെ പ്രമുഖരായ പല അറബി എഴുത്തുകാരുടെയും തുടക്കം അൽബുശ്‌റ മാസികയിലൂടെ ആയിരുന്നു. അറബി ഭാഷാ വിദ്യാർഥികൾക്ക് കഴിവു തെളിയ്ക്കാൻ അൽബുശ്‌റയിലെ താളുകളിലൂടെ അവസരം നൽകാൻ കെ.പി.മുഹമ്മദ് മൗലവി പ്രത്യേകം ശ്രദ്ധിച്ചുപോന്നു.

ശാന്തപുരം 'ജാമിഅ അൽ ഇസ്‌ലാമിയ്യ,' അരീക്കോട് 'സുല്ലമുസ്സലാം അറബിക്കോളേജ്,' ഫറോക്ക് 'റൗദതുൽ ഉലൂം അറബിക്കോളേജ്' തുടങ്ങിയ കാമ്പസുകളിലെ വിദ്യാർഥി വിദ്യാർഥിനികൾ പഠന കാലത്ത് തന്നെ അൽബുശ്‌റയിലൂടെ എഴുതിത്തുടങ്ങി.

സ്ത്രീ വിഷയങ്ങളും സ്ത്രീകൾ എഴുതുന്ന രചനകളും മാസികയ്ക്ക് അന്യമായിരുന്നില്ല. ചെറിയ കഥകളും ഗുണപാഠങ്ങളും അടങ്ങുന്ന 'റുക്‌നുൽ അത്ഫാൽ' എന്ന പ്രത്യേക പംക്തി താഴ്ന്ന ക്ലാസുകളിലെ വിദ്യാർഥികളെ ലക്ഷ്യം വെച്ച് നടന്നിരുന്നതായി നമുക്ക് കാണാം. കേരള അറബിക് ടീച്ചേഴ്‌സ് ഫെഡറേഷൻ ഏറ്റെടുത്തതിന് ശേഷം അറബി അധ്യാപകർ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട വിദ്യാഭ്യാസ വാർത്തകളും ഗവൺമെന്റ് തല അറിയിപ്പുകളും മാസികയിൽ ഉൾപ്പെടുത്തുവാനാരംഭിച്ചു. അറബി ഭാഷാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട വാർത്തകളും വിവരങ്ങളും ചിത്ര സഹിതം പ്രസിദ്ധീകരിക്കപ്പെട്ടു.

അറബി ഭാഷാ രംഗത്ത് പ്രവർത്തിക്കുന്നവരുടെ അവഗണന നിമിത്തം 1967ൽ കെ.എ.ടി.എഫിന് കീഴിൽ പുനരാരംഭിച്ച മാസികയ്ക്ക് പത്ത് വർഷത്തിന് ശേഷം 1978ൽ പ്രസിദ്ധീകരണം അവസാനിപ്പിക്കേണ്ടി വന്നു. കേരളത്തിലെ മാത്രമല്ല ദക്ഷിണേന്ത്യയിലെ തന്നെ ആദ്യത്തെ അറബി പ്രസിദ്ധീകരണമായ അൽബുശ്‌റ മാസികയോട് കിടപിടിക്കുന്നതും ദീർഘകാലം മുടങ്ങാതെ പ്രസിദ്ധീകരണം തുടരുകയും ചെയ്ത മറ്റൊരു പ്രസിദ്ധീകരണം പിന്നീട് കേരളത്തിൽ പിറവിയെടുത്തില്ല. മൂന്ന് പതിറ്റാണ്ടുകൾക്ക് ശേഷം കെ.എ.ടി.എഫ്. 2015ൽ വി.പി.അഹ്മദ് കുട്ടി മദനിയെ ചീഫ് എഡിറ്റർ സ്ഥാനമേൽപ്പിച്ച് അൽബുശ്‌റയുടെ പ്രസിദ്ധീകരണം വീണ്ടും തുടങ്ങിയെങ്കിലും പഴയ പ്രതാപത്തിലേക്കും ഉണർവിലേക്കും തിരിച്ചുവരാനാകാതെ, ക്രമാനുഗതമല്ലാതെ ഇപ്പോഴും മാസിക പ്രസിദ്ധീകരണം തുടരുന്നു. ●

കാഴ്ച

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com



# കുറ്റബോധത്തിന്റെ കണ്ണീർകണങ്ങൾ

ഒരു റമദാൻ പുലരിയിൽ കാളിങ് ബെൽ ചിലച്ചു. സ്വുബ്ഹി നമസ്കാരം കഴിഞ്ഞ് ചെറു മയക്കത്തിലായിരുന്ന സുഹൃത്ത് വാതിൽ തുറന്നു പുറത്ത് വന്നു. ഒരു വൃദ്ധനും ഒരു സ്ത്രീയും. കാഴ്ചയിൽ ദാനം ചോദിക്കാൻ വന്ന ലക്ഷണമല്ല. കണ്ണിൽ ഉറക്കച്ചടവ് ബാക്കി നിന്ന സുഹൃത്തിനെ അയാൾ കെട്ടിപ്പിടിച്ചു. 'അന്ന് പട്ടിണി കൊണ്ട് ചെയ്ത് പോയതാണ്, പൊറുക്കണം, മാപ്പാക്കണം...' എന്നു പറഞ്ഞ് ഉറക്കെ പൊട്ടിപ്പൊട്ടിക്കരഞ്ഞു. ഒപ്പം പ്രായമായ സ്ത്രീയും തേങ്ങാൻ തുടങ്ങി. പുറത്തെ ഒച്ചപ്പാട് കേട്ട് അകത്തുനിന്ന് വന്ന സുഹൃത്തിന്റെ മാതാവിനും അത് കണ്ടപ്പോൾ കരയാതിരിക്കാനായില്ല. ആ കൂട്ടരെ അവർക്ക് പരിചയമുണ്ടായിരുന്നു.

'അന്ന് കട്ടുവിറ്റ ഉണങ്ങിയ അടക്കക്ക് ഇന്നത്തെ വില, അല്ലെങ്കിൽ പറയുന്ന വില തരാം... പൊരുത്തപ്പെടണം, പൊറുത്ത് തരണം...' എന്ന് അയാൾ വിലപിച്ചു കൊണ്ടേയിരുന്നു!

സുഹൃത്തിന് ആഗതരെയും കുടുംബത്തെയും നേരിയ ഓർമ വന്നു. മൂന്ന് പതിറ്റാണ്ടിനപ്പുറത്തെ കഥയാണ്. അന്ന് സുഹൃത്ത് പച്ച അടക്ക വാങ്ങി ഉണക്കി തോട് കളഞ്ഞ് വിൽക്കുന്ന ഒരു ചെറിയ സംരംഭം തുടങ്ങിയിരുന്നു. ഉണങ്ങിയ അടക്കയുടെ തൊലി നീക്കാൻ ചില വീടുകളിൽ എത്തിക്കും. തോട് കളഞ്ഞ പാക്ക് തൂക്കി കൂലി കൊടുക്കും. ഒരു കിലോ അടക്ക തോട് കളഞ്ഞാൽ രണ്ട് രൂപ ക്കടുത്തേ അന്ന് കൂലി ഉണ്ടായിരുന്നുള്ളൂ.

മുന്നിൽ വന്നുനിൽക്കുന്ന വയസ്സായ ആളുടെ വീട്ടിലും അടക്ക തോട് കളയാൻ കൊടുക്കാറുണ്ടായിരുന്നു. മുപ്പത് കൊല്ലം മുമ്പ് ദാരിദ്ര്യം കൊണ്ട്, തൊലി കളയാൻ കൊടുത്തതിൽ നിന്ന് രണ്ട് കിലോ അടക്ക എടുത്ത് വിറ്റതിന്റെ കുറ്റബോധം കൊണ്ടാണ് കിലോമീറ്ററുകൾ താണ്ടി ആ മനുഷ്യൻ ഭാര്യയെയും കൂട്ടി വന്നിരിക്കുന്നത്. ഇന്ന് അയാളുടെ മക്കൾ മുതിർന്നിരിക്കുന്നു. പണിക്ക് പോയി സമ്പാദിക്കാൻ തുടങ്ങിയിരിക്കുന്നു. പട്ടിണി മാറിയിരിക്കുന്നു. അന്നത്തെ വിലയുടെ എത്ര ഇരട്ടി ചോദിച്ചാലും കൊടുക്കാൻ അയാൾക്കിന്ന് ഉണ്ട്. പരലോകത്ത് വെച്ച് തിരിച്ച് ചോദിക്കരുതേ എന്നാണ് അയാളുടെ തേട്ടം. രണ്ട് കിലോ അടക്കയുടെ പേരിൽ നരകത്തിൽ പോകരുതെന്ന് അയാൾ ആഗ്രഹിക്കുന്നു. വർഷങ്ങളായി അയാളെ വേട്ടയാടിക്കൊണ്ടിരിക്കുന്ന കുറ്റബോധം ഈ വയസ്സുകാലത്ത് അയാളെ കിലോമീറ്ററുകൾ യാത്ര ചെയ്യിച്ചിരിക്കുന്നു.

വാക്കുകൾ കൊണ്ട് മുറിപ്പെടുത്തിയത്, അനർഹമായി പറ്റിയത്, ഭുജിച്ചത് എത്രയെത്ര പൊരുത്തപ്പെടുവിക്കാൻ ബാക്കി കിടപ്പുണ്ടാവും നമുക്കോരോരുത്തർക്കും!

പട്ടിണിക്കാരെ ഒരു പാട് കണ്ട, അവരുടെ കണ്ണീരും അവശതയും പരിഹരിക്കാൻ വർഷങ്ങളായി അവർക്കിടയിൽ പ്രവർത്തിക്കുന്ന സുഹൃത്തിന് ആ വൃദ്ധന്റെ അവസ്ഥ മറ്റാരെക്കാളും പെട്ടെന്ന് തിരിച്ചറിയാൻ കഴിഞ്ഞു. സുഹൃത്ത് ആ മനുഷ്യനെ ചേർത്ത് പിടിച്ച്, 'കുട്ടികളുടെ പട്ടിണി മാറ്റാൻ അല്ലേ, രണ്ട് കിലോ അല്ല, രണ്ട് ചാക്ക് നിറയെ എടുത്തിരുന്നാലും ഞാൻ പൊരുത്തപ്പെട്ടിരിക്കുന്നു' എന്ന് മന്ത്രിച്ചു. സംതൃപ്തമായ മനസ്സോടെ അയാൾ യാത്ര പറഞ്ഞു.




WISDOM

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...




നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21


Nerpatham Weekly
Published on
08 June 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

# WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437




റമദാനിൽ പുറത്തിറങ്ങി...

## ഹദീസ് പാഠം

വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ / വില: ₹ 80

പ്രവാചകാധ്യാപനങ്ങൾ നിത്യപ്രസക്തമാണ്. ജീവിതത്തിന്റെ സർവതല സ്പർശിയായ അധ്യാപനങ്ങൾ കൊണ്ട് സമ്പന്നമായ ഹദീസിന്റെ പരിസരങ്ങളിലൂടെയുള്ള യാത്രയിൽ നവാനുഭൂതികളുടെ പുതിയ വൈജ്ഞാനിക ലോകമാണ് നാം ദർശിക്കുക. നമുക്ക് വേണ്ടതെല്ലാം വേണ്ടത്ര ഹദീസുകളിലുണ്ട്. പ്രവാചകാധ്യാപനങ്ങളിലൂടെ ആഴങ്ങളിലേക്കുള്ള സഞ്ചാരത്തിന് ഒരു കൈത്തിരിയാണ് ഈ കൃതി. മുപ്പത് ഹദീസുകളെ കുറിച്ച് ഭംഗിയായ വിശകലനം.

## പുതിയ മറ്റു പുസ്തകങ്ങൾ

| | |
|---|---|
| 1. അഹ്‌ലുസ്സുന്നയും സമസ്തയും ഒരു താരതമ്യം | മൂസ സ്വലാഹി കാര / ₹ 240 |
| 2. പ്രവാചകന്മാർ: ചരിത്രവും ദൗത്യവും | ഹുസൈൻ സലഫി / ₹ 70 |
| 3. കേരള ജംഇയ്യത്തുൽ ഉലമയും നിലപാട് മാറ്റവും | മുബാറക് ബിൻ ഉമർ / ₹ 150 |
| 4. ഇന്ത്യയിൽ നിന്ന് ഹിജ്റ പോകണമെന്നോ? | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി / ₹ 40 |
| 5. നമസ്കാരത്തിലെ പ്രാർഥനകൾ പ്രകീർത്തനങ്ങൾ | ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ / ₹ 60 |
| 6. രാവിലെയും വൈകുന്നേരവുമുള്ള ദിക്റുകൾ | ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ / ₹ 40 |
| 7. ഭരണകൂടഭീകരത | പി.വി.എ പ്രിംറോസ് / ₹ 60 |